## അല്ലാഹുവിന്റെ വചനം

اَفَلَا یَتُوۡبُوۡنَ اِلَی اللّٰہِ
وَیَسۡتَغۡفِرُوۡنَہٗ ؕ وَاللّٰہُ غَفُوۡرٌ
رَّحِیۡمٌ ○ (المائدۃ:75)

'അവർ ഇനിയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും അവനോടു പാപമോചനത്തിന് അർഥിക്കുകയും ചെയ്യുന്നില്ലേ? അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.' (5:75)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 6

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

ലക്കം 34

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ആഗസ്റ്റ് 26/ഹി.ശം. 1400 ളുഹൂർ 26/1443 മുഹർറം 16


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്റിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**സ്ദഖ വേഗം ചെയ്യാൻ പ്രോത്സാഹിപ്പിക്കൽ**

(1419) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ഒരാൾ അല്ലാഹുവിന്റെ റസൂലിന്റെ അടുത്തുവന്നു പറഞ്ഞു: യാ റസൂലല്ലാഹ്! ദാനധർമങ്ങളിൽ ഏറ്റവും പുണ്യമേറിയത് ഏതാണ്? നബി(സ)തിരുമേനി പറഞ്ഞു:നീ ആരോഗ്യവാനായിരിക്കുമ്പോൾ സ്വദഖ ചെയ്യുക, ദാരിദ്ര്യത്തെ കുറിച്ച് ഭയവും ധനം സമ്പാദിച്ചാൽ കൊള്ളാമെന്ന് ഉണ്ടായിരിക്കുക. ഈ പരിതഃസ്ഥിതിയിൽ നല്കുന്ന ദാനമാണ് ഏറ്റവും പണ്യകരം. അന്നേരം നീ ദാനത്തെ പിന്നിലേക്ക് നീക്കിവെക്കരുത്. അങ്ങനെ ജീവിതം തൊണ്ടക്കുഴിയിലെത്തുന്നനേരം ഇത്ര ഇന്നവനുകൊടുക്കണം. ഇത്ര ഇന്നവനുകൊടുക്കണം എന്നെല്ലാം നീ പറയും. യഥാർഥത്തിലോ ആ ധനം ആ ഘട്ടത്തിൽ ഇന്നവന്റേതായി കഴിഞ്ഞിരിക്കുകയാണ്.

**നീളമുള്ള കൈകൊണ്ടുള്ള ഉദ്ദേശ്യം ദാനധർമം**

(1420) ഹദ്റത്ത് ആഇശാ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നബി(സ)തിരുമേനിയുടെ ഭാര്യമാരിൽ ചിലർ ആ മഹാത്മാവിനോടു ചോദിച്ചു: ഞങ്ങളിലാരാണ് ഏറ്റവുമാദ്യം (പരലോകത്ത്) അങ്ങയെ സമീപിക്കുക. അവിടന്ന് പറഞ്ഞു: നിങ്ങളിൽ കൈനീളം കൂടിയയാൾ! പിന്നീട് നബിപത്നിമാർ ഒരു മുളക്കഷണമെടുത്ത് കൈ അളക്കാൻ തുടങ്ങി. സൗദയായിരുന്നു കൈ ഏറ്റവും നീളമുള്ള സ്ത്രീ. കൈനീളം കൂടിയവർ എന്ന് നബി(സ)തിരുമേനി പറഞ്ഞതിന്റെ വിവക്ഷിതം അവർ കൂടുതൽ ദാധർമം ചെയ്തിരുന്നുവെന്നാണെന്ന് ശേഷം ഞങ്ങൾ ഗ്രഹിച്ചു. സൗദയാണ് ഏറ്റവും വേഗം നബിതങ്ങളെ പിൻതുടർന്നത്! അവർ ദാനധർമം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ പ്രസിദ്ധീകരണം)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

### ഈ ലക്കത്തിൽ


ഖുത്വ്ബ 2021 ജൂലായ് 23 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട്


## ഒരുവൻ അല്ലാഹുവുമായി സത്യസന്ധമായ ബന്ധം പുലർത്തുകയാണെങ്കിൽ മുമ്പേ സാത്വികന്മാർക്ക് നല്കപ്പെട്ടിരുന്ന കൃപാവരങ്ങൾകൊണ്ട് അവനും സമ്പന്നനാകുന്നതായിരിക്കും.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**സത്യമായ ജ്ഞാനങ്ങളുടെ ഉറവിടം വിശുദ്ധ ഖുർആൻ ആകുന്നു.**

ഇതെന്തുകൊണ്ടാണെന്നാൽ അല്ലാഹു സത്യമായ ജ്ഞാനങ്ങളുടെ അരുവിയും ഉത്ഭവസ്ഥാനവുമായ വിശുദ്ധ ഖുർആൻ ഈ സമുദായത്തിന് നല്കിയിരിക്കുന്നു. ആരാണോ വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിരിക്കുന്ന ഈ യാഥാർഥ്യങ്ങളേയും ദൈവജ്ഞാനത്തേയും പ്രാപിക്കുന്നത് ആർക്കാണോ അല്ലാഹുവിൽനിന്ന് യഥാർഥ തഖ്വായും അല്ലാഹുവിനെ കുറിച്ചുള്ള ഭയവും കരസ്ഥമാകുന്നത് അവന് ആ അറിവ് ലഭിക്കുന്നു. അത് അവനെ ബനൂഇസ്റാഈലിലെ പ്രവാചകന്മാരെപ്പോലെ ആക്കിത്തീർക്കുന്നു. ആർക്കാണോ ആയുധം നല്കപ്പെട്ടത് അത് അയാൾ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ അത് ആയുധത്തിന്റേതല്ല പ്രത്യുത അവന്റെ സ്വന്തം കുറ്റമാണെന്നത് സത്യമായ കാര്യമാണ്. ഈ നേരത്ത് ലോകത്തിന്റെ അവസ്ഥ ഇങ്ങനെയായിക്കൊണ്ടിരിക്കുകയാണ്. മുസ്ലിമീങ്ങളുടെ പക്കൽ വിശുദ്ധ ഖുർആൻപോലുള്ള അതുല്യ നിഅ്മത്ത് ഉണ്ടായിരുന്നിട്ടും അത് അവരെ എല്ലാ വഴികേടുകളിൽനിന്നും രക്ഷിക്കുന്നതും എല്ലാ ഇരുട്ടിൽനിന്നും പുറത്തുകൊണ്ടുവരുന്നതുമായിരുന്നിട്ടും അവർ അതിനെ ഉപേക്ഷിച്ചു കളഞ്ഞു. അതിന്റെ പരിശുദ്ധ അധ്യാപനങ്ങളെ വകവെച്ചില്ല. അതിന്റെ ഫലമായി അവർ ഇസ്ലാമിൽനിന്ന് ബഹുദൂരം ദൂരത്തുപോയി കിടക്കുന്നു. എത്രത്തോളമെന്നാൽ ഇപ്പോൾ യഥാർഥ ഇസ്ലാമികാധ്യാപനം അവരുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടാൽത്തന്നെ അതിൽ തികച്ചും അവർ അജ്ഞരും അശ്രദ്ധരുമായി കഴിഞ്ഞിട്ടുള്ളതിനാൽ യഥാർഥ മുഅ്മിനേയും കാഫിർ എന്നു പറയുന്നു.

**അല്ലാഹുവിന്റെ വലിയ്യ് ആകുന്നതിന് ദൈവദത്തമായ കഴിവുകൾകൊണ്ട് പ്രവൃത്തിക്കുക.**

തോന്നിയവാസപരവും ആഢംബരപരവുമായ അവസ്ഥകളിൽ ജീവിക്കുന്ന നിരവധിയാളുകളുണ്ട്. അവർ ഭൗതികമായ അഭിമാനവും ഭൗതികമായ ആദരവും ഭൗതികമായ സ്വത്തും സമ്പത്തും ആഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള ആഗ്രഹങ്ങളും മോഹങ്ങളും പൂർത്തിയാക്കുന്നതിനുവേണ്ടി തന്ത്രങ്ങളും പദ്ധതികളും ആ സൂത്രണം ചെയ്യുന്നതിൽത്തന്നെ അവരുടെ ജീവിതം നഷ്ടപ്പെടുത്തിയിരിക്കുന്നു. അവരുടെ മോഹങ്ങൾക്ക് അതിരുണ്ടായിരിക്കുകയില്ല. ആ അവസ്ഥയിൽ മരണസന്ദേശം വന്നെത്തുന്നു. അവർക്കും അല്ലാഹു കഴിവുകൾ നല്കിയിരുന്നു. ആ കഴിവുകൾ അവർ പ്രയോജനപ്പെടുത്തിയിരുന്നെങ്കിൽ സത്യത്തെ പ്രാപിക്കുമായിരുന്നു. അല്ലാഹു പിശുക്കൊന്നും കാണിച്ചില്ല. എന്നാൽ, അവർ കഴിവുകൾകൊണ്ട് പ്രവൃത്തിച്ചില്ല. ഇത് അവരുടെതന്നെ ഭാഗ്യക്കേടാണ്. ഈ കഴിവുകൾകൊണ്ട് പ്രവൃത്തിക്കുന്നവനാണ് ഭാഗ്യശാലിയും അനുഗൃഹീതനും. ഒരുപാടാളുകളുണ്ട്, അല്ലാഹുവിനെ ഭയക്കാനും അവന്റെ കല്പനപാലിച്ച് ജീവിക്കാനും വിലക്കപ്പെട്ടതിൽനിന്ന് അകന്നിരിക്കാനും അവരോടു പറയപ്പെടുമ്പോൾ, 'തങ്ങൾ വല്ല വലിയ്യും ആകാൻ പോകുന്നോ?' എന്ന് അവർ ചോദിക്കുന്നു. ഇത്തരത്തിലുള്ള വാക്യം എന്റെ പക്കൽ കുഫ്റാണ്. അല്ലാഹുവിൽ സംശയമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ എന്തിന്റെ കുറവാണുള്ളത്. അത് ഏതെങ്കിലും സർക്കാറിന്റെ അവസാനിച്ചുപോകുന്ന പരിമിതമായ ജോലികളല്ല. പ്രത്യുത ഒരുവൻ അല്ലാഹുവുമായി സത്യസന്ധമായ ബന്ധം പുലർത്തുകയാണെങ്കിൽ മുമ്പേ സാത്വികന്മാർക്ക് നല്കപ്പെട്ടിരുന്ന കൃപാവരങ്ങൾകൊണ്ട് ഇവനും സമ്പന്നനാകുന്നതായിരിക്കും.(മൽഫൂദാത്ത്, വാള്യം 1, പേജ് 318, ഖാദിയാൻ പ്രസിദ്ധീകരണം 2018)

****

## ഈ വചനത്തിൽനിന്ന് ലഭിക്കുന്ന ഗുണപാഠം തിന്നുന്നതിലും കുടിക്കുന്നതിലുമുള്ള സാധാരണത്വവും ഭൗതികതയോടുള്ള വിരക്തിയും അധികമായ അഭിലാഷങ്ങളിൽ നിന്ന് രക്ഷപ്പെടുകയെന്നതും അത്യാവശ്യമായ കാര്യങ്ങളാണെന്നാണ്. ഈ മൂന്നു കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാത്തവന്റെ സത്യാന്വേഷണം പാഴാണ്. ഇനി സത്യം അവന് ബോധ്യപ്പെട്ടാൽത്തന്നെയും അവൻ അത് സ്വീകരിക്കുന്നതിൽനിന്ന് പിന്തള്ളപ്പെടും.

സൂറത്തുൽ ഹിജ്റിന്റെ 4-ാം വചനമായ, **ദർഹും യഅ്കുലൂ വ യത്തമത്തഊ വ യുൽഹിഹിമുൽഅമലു ഫസൗഫ യഅ്ലമൂൻ** എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'ഈ ആയത്തിൽ ഈയാളുകൾ വിവിധ കാര്യങ്ങളിൽ ഇസ്ലാമിന്റെ ശ്രേഷ്ഠത അംഗീകരിക്കുന്നു, അംഗീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ, ഇസ്ലാമിലേക്ക് ചുവടുവെക്കാനുള്ള ഭാഗ്യം ഉണ്ടാകുകയില്ല. യൂറോപ്പിലെ ജനങ്ങൾ ഇസ്ലാമിക കാര്യങ്ങളുടെ ശ്രേഷ്ഠതയെ അംഗീകരിക്കുന്നു. എന്നാൽ, ഇസ്ലാം സ്വീകരിക്കുന്നതിന് തയ്യാറല്ല. കാരണം സൊസൈറ്റിയുടെ പ്രശ്നമുണ്ട്.
'പറഞ്ഞു: അവർ തങ്ങളുടെ ആഹാരപാനീയങ്ങൾ കാരണത്താൽ, തങ്ങളുടെ വ്യാപാരങ്ങളും വ്യവസായങ്ങളും കാരണത്താലും വിദൂരമായ മോഹങ്ങൾ കാരണത്താലും മുസ്ലിമാകുകയില്ല. ഇതിൽ ആദ്യത്തെ വചനത്തിന്റെ അർഥത്തിലുണ്ടാകുമായിരുന്ന ചോദ്യത്തിന് മറുപടി നല്കപ്പെട്ടിരിക്കുകയാണ്. അതായത് അവർ മുസ്ലിമായിരുന്നെങ്കിലെന്ന് ആഗ്രഹിക്കുകയും ആഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ! പക്ഷേ, അവരെന്തുകൊണ്ട് മുസ്ലിമാകുന്നില്ല? പറഞ്ഞു: അവരുടെ ആഢംബരതയോടുള്ള ഭ്രമവും സമ്പത്തിനോടുള്ള ആർത്തിയും ദീർഘമായ അഭിലാഷങ്ങളും അവരുടെ വഴിയിൽ തടസ്സമായിക്കൊണ്ടിരിക്കുന്നു. ഈ വചനത്തിൽനിന്ന് ലഭിക്കുന്ന ഗുണപാഠം സത്യത്തെ സ്വീകരിക്കുന്നതിന് തിന്നുന്നതിലും കുടിക്കുന്നതിലുമുള്ള സാധാരണത്വവും ഭൗതികതയോടുള്ള വിരക്തിയും അധികമായ അഭിലാഷങ്ങളിൽനിന്ന് രക്ഷപ്പെടുകയെന്നതും അത്യാവശ്യമായ കാര്യങ്ങളാണെന്നാണ്. സത്യത്തെ അന്വേഷിച്ച് നടക്കുന്നവൻ ഇതിൽനിന്ന് രക്ഷപ്പെടേണ്ടത് നിർബന്ധമാണ്. ഈ മൂന്നു കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാത്തവന്റെ സത്യാന്വേഷണം പാഴാണ്. ഇനി സത്യം അവന് ബോധ്യപ്പെട്ടാൽത്തന്നെയും അവൻ അത് സ്വീകരിക്കുന്നതിൽനിന്ന് പിന്തള്ളപ്പെടും. സത്യനിഷേധികൾ ആളുകളിൽ ഭയമുണ്ടാക്കുന്നതിനുവേണ്ടി തങ്ങളുടെ തീൻമേശകൾ വളരെ വിശാലമാക്കി വെക്കുന്നുവെന്ന സൂചനയും ഈ വചനത്തിലുണ്ട്. അവർ സ്വത്ത് സമ്പാദിക്കുന്നതിനും മുഹമ്മദു


ശേഷം പേജ് 12 ൽ



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ഹിജ്റ 14-ല്‍ ഹദ്റത്ത് ഉമര്‍ ഫാറൂഖിന്റെ ഖിലാഫത്ത് കാലത്ത് മുസ്‌ലിമീങ്ങളുടേയും ഇറാനികളുടേയും ഇടയില്‍ ഖാദിസിയ എന്ന സ്ഥലത്ത് വിധിനിര്‍ണായകമായൊരു യുദ്ധമുണ്ടായി. ഇതിന്റെ ഫലമായി ഇറാനീ ഭരണം മുസ്‌ലിമീങ്ങളുടെ കീഴില്‍വന്നു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമര്‍ ബിന്‍ ഖത്ത്വാബ്(റ)ന്റെ സ്തുത്യര്‍ഹമായ ജീവിതത്തിന്റെ ചര്‍ച്ച.**

'അല്ലാഹു തിന്മയെ തിന്മകൊണ്ട് മായിക്കാറില്ല. പ്രത്യുത തിന്മയെ നന്മകൊണ്ട് മായിക്കുന്നു. അല്ലാഹുവിനും ദാസന്മാര്‍ക്കുമിടയില്‍ അനുസരണമല്ലാതെ മറ്റൊരു ബന്ധവുമില്ല......താങ്കള്‍ ഒരു ദുഷ്കരവും കഠിനവുമായ പ്രവൃത്തിയുടെ ചുതല ഏറ്റിരിക്കുന്നു. അതുകൊണ്ട് സ്വന്തം ആത്മാവിലും സുഹൃത്തുക്കളിലും നന്മയുടെ ശീലമുണ്ടാക്കുക. അതുമുഖേന വിജയം ആഗ്രഹിക്കുക. ഓര്‍മിക്കുക ഓരോ ശീലവും ഉണ്ടാക്കുന്നതിന് ഒരു മാര്‍ഗമുണ്ട്. നന്മയുടെ ശീലമുണ്ടാക്കുന്നതിനുള്ള മാര്‍ഗം ക്ഷമയാണ്.' *(ഹദ്റത്ത് ഉമര്‍)*

**ബുവയ്ബ് യുദ്ധത്തിലും ഖാദിസിയ യുദ്ധത്തിലും നേരിടേണ്ടിവന്ന സംഭവങ്ങളുടെ വിശദമായ വിവരണം.**

ഖാദിസിയ യുദ്ധത്തില്‍ ഇറാനീ പട്ടാളക്കാരില്‍ മുപ്പതിനായിരം പേര്‍ ചങ്ങലകളില്‍ ബന്ധിതരായിരുന്നു; ഓടിക്കളയാന്‍ ആര്‍ക്കും അവസരമുണ്ടാകാതിരിക്കാന്‍! ഹദ്റത്ത് സഅ്ദ്(റ)മുസ്‌ലിമീങ്ങളോടു സൂറ അന്‍ഫാല്‍ പാരായണം ചെയ്യാന്‍ കല്പിച്ചു. പാരാണം ചെയ്യപ്പെട്ടപ്പോള്‍ മുസ്‌ലിമീങ്ങള്‍ക്ക് സമാധാനം അനുഭവപ്പെട്ടു.

"ഈ മഹത്തായ മാറ്റം മുസ്‌ലിമീങ്ങളില്‍ എങ്ങനെ ഉണ്ടായി? അതിനുകാരണം വിശുദ്ധ ഖുര്‍ആനിന്റെ അധ്യാപനം അവരുടെ സ്വഭാവങ്ങളിലും ശീലങ്ങളിലും ഒരു വിപ്ലവം ഉണ്ടാക്കിയിരുന്നു. അവരുടെ തരംതാണ ജീവിതത്തില്‍ അത് ഒരു മരണമുണ്ടാക്കുകയും അവരെ ഉദാത്തമായ പ്രവൃത്തിയിലും ഉന്നതപദവിയിലുള്ള ധാര്‍മികതയുടെ തലത്തിലും കൊണ്ടുവന്ന് നിറുത്തുകയും ചെയ്തു." - *ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)* -

**ഖുത്ബ ജുമുഅ 2021 ജൂലായ് 23/1400 വഫാ 23,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടില്‍ഫോര്‍ഡ്, (സര്‍റെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുല്‍ മുഅ്മിനീന്‍ ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രില്‍ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഈയിടെയായി നമ്മള്‍ ഹദ്റത്ത് ഉമര്‍(റ)ന്റെ സംഭവങ്ങളാണ് വിവരിച്ചുവരുന്നത്. അദ്ദേഹത്തിന്റെ കാലത്തുണ്ടായ ചില യുദ്ധങ്ങളെ കുറിച്ചാണ് പരാമര്‍ശിച്ചു വന്നത്. അതിനെക്കുറിച്ചുതന്നെയാണ് ഇന്നും പറയുന്നത്. ഒരു യുദ്ധം ബുവയ്ബ് എന്ന് പറയപ്പെടുന്നു. അത് ഹിജ്റ 13-ലാണ് നടന്നത്. ചിലചരിത്രകാരന്മാര്‍ ഹിജ്റ 16 ലെന്നും പറഞ്ഞിട്ടുണ്ട് ജിസ്ര്‍ യുദ്ധത്തെ കുറിച്ച് കഴിഞ്ഞ ഖുത്ബയില്‍ പറഞ്ഞിരുന്നു. ജിസ്ര്‍ എന്ന സ്ഥലത്തുവെച്ച് അല്ലെങ്കില്‍ ജിസ്ര്‍ യുദ്ധത്തില്‍ മുസ്‌ലിമീങ്ങളുടെ പരാജയത്തിനുശേഷം ഹദ്റത്ത് ഉമര്‍(റ)നെ ഹദ്റത്ത് മുഥ്ഥാനാ(റ) വിവരമറിയിച്ചു. സന്ദേശവുമായി വന്ന വ്യക്തിയോടു ഹദ്റത്ത് ഉമര്‍(റ)പറഞ്ഞു: 'നിങ്ങള്‍ നിങ്ങളുടെ കൂട്ടുകാരുടെ അടുത്തേക്കുതന്നെ തിരിച്ചുപോകുക. എന്നിട്ട് മുസ്‌ലിം സൈന്യം ഇപ്പോള്‍ ഉള്ളിടത്തുതന്നെ നില്ക്കാനും, സഹായം പെട്ടെന്നെത്തുതാണെന്ന് അറിയിക്കാനും പറഞ്ഞു. *(അല്‍അഖ്ബാറുത്വവാല്‍ അബൂഹനീഫ ദയ്നൂരി, പേജ് 166-167, പ്രസാധകര്‍ ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് 2001)*

ജിസ്ര്‍ യുദ്ധത്തിലുണ്ടായ പരാജയം നിമിത്തം ഹദ്റത്ത് ഉമര്‍(റ)ന് അതിയായ വിഷമമുണ്ടായി. അദ്ദേഹം അറേബ്യയില്‍ എല്ലാ ഭാഗത്തേക്കും പ്രഭാഷകന്മാരെ അയച്ചു. അവരെല്ലാവരും ആവേശഭരിതമായമ പ്രഭാഷണങ്ങള്‍ നടത്തുകയും ജനങ്ങളില്‍ ആവേശമുണ്ടാക്കുകയും ചെയ്തു. അറേബ്യയിലെ ഗോത്രങ്ങള്‍ രാജ്യത്തിനുവേണ്ടിയുള്ള യുദ്ധത്തിന് കൂട്ടം കൂട്ടമായി വന്നു തുടങ്ങി. അവരില്‍ ക്രൈസ്തവ ഗോത്രങ്ങളുമുണ്ടായിരുന്നു. അതായത് മുസ്‌ലിമീങ്ങള്‍ മാത്രമല്ല ക്രിസ്ത്യാനകളുമുണ്ടായിരുന്നു.ഹദ്റത്ത് ഉമര്‍(റ)ഇറാഖിലേക്ക് ഒരു സൈന്യത്തെ അയച്ചു. ഹദ്റത്ത് മുഥ്ഥാനാ(റ)യും ഇറാഖിന്റെ അതിര്‍ത്തി പ്രദേശങ്ങളില്‍നിന്ന് സൈന്യത്തെ സംഘടിപ്പിച്ചു. ഈ വാര്‍ത്ത റുസ്തമിനെത്തിയപ്പോള്‍ അയാള്‍ മഹ്റാന്റെ നേതൃത്വത്തില്‍ ഒരു സൈന്യത്തെ മുസ്‌ലിമീങ്ങളോടു യുദ്ധം ചെയ്യാന്‍ അയച്ചു. കൂഫയില്‍നിന്ന് മൂന്നു മൈല്‍ ദൂരത്തുള്ള ഒരു പട്ടണമാണ് ഹീറ. അതിനടുത്തുള്ളതാണ് ബുവയ്ബ്. കൂഫയുടെ അടുത്തുള്ള യൂഫ്രട്ടീസ് നദിയില്‍നിന്ന് ഉത്ഭവിക്കുന്ന ഒരു കനാലാണ് ബുവയ്ബ്. ആ സ്ഥലത്ത് ഇരുകക്ഷികളും അണിനിരന്നു. റമളാന്‍ മാസത്തിലാണ് ആ യുദ്ധം അരങ്ങേറിയത്. അതിനടുത്താണ് പിന്നീട് കൂഫ നഗരം സ്ഥാപിതമായത്. ഇറാന്‍ ജനറല്‍ മഹ്റാന്‍ ചോദിച്ചു: 'നദി കടന്ന് ഞങ്ങള്‍ അങ്ങോട്ടു വരണോ, അതോ നിങ്ങള്‍ ഇങ്ങോട്ടുവരുമോ?' ഹദ്റത്ത് മുഥ്ഥാനാ പറഞ്ഞു:'നിങ്ങള്‍ നദി കടന്ന് ഇങ്ങോട്ടുവരിക.' കഴിഞ്ഞ യുദ്ധത്തില്‍ നദികടന്ന് അക്കരപ്പോയത് മുസ്‌ലിമീങ്ങളായിരുന്നു. ഇത്തവണ ഇവര്‍ യുക്തി ഉപയോഗിച്ച് ഇറാനികളോടു പറഞ്ഞു:'നിങ്ങളിങ്ങോട്ടു വരിക!' ഹദ്റത്ത് മുഥ്ഥാനാ സൈന്യത്തിന്റെ അണികള്‍ ക്രമീകരിക്കുകയും അതിനെ സുസജ്ജമാക്കുകയും ചെയ്തു. എന്നിട്ട് അതിന്റെ വ്യത്യസ്ത ഭാഗങ്ങളില്‍ പരിചയസമ്പന്നരായ സൈന്യാധിപന്മാരെ നിശ്ചയിച്ചു. തന്റെ പേരുകേട്ട ശമൂസ് എന്ന് പേരുള്ള കുതിരപ്പുറത്തു കയറി ഇസ്‌ലാമിക സൈന്യത്തിന്റെ ചുറ്റം വലയംവെച്ച് പരിശോധനനടത്തി. എന്നിട്ട് ഓരോ പതാകയുടേയും അടുത്തെത്തുമ്പോള്‍ അവിടെ നില്‍ക്കുകയും യുദ്ധപരമായ നിര്‍ദേശങ്ങള്‍ നല്കുകയും ചെയ്തു. ആവേശോജ്ജ്വലമായ വാക്കുകളാല്‍ അവരുടെ ധൈര്യം വര്‍ധിപ്പിച്ചുകൊണ്ടു പറഞ്ഞു:ഇന്ന് നിങ്ങള്‍ കാരണം അറേബ്യയ്ക്കുമേല്‍ അപമാനക്കറ വരില്ലെന്ന് ഞാന്‍ പ്രതീക്ഷിക്കുന്നു. അല്ലാഹുവാണ!നിങ്ങളില്‍ സാധാരണക്കാര്‍ക്കുവേണ്ടി എന്റെ ദൃഷ്ടിയില്‍ ഇഷ്ടകരമായ കാര്യം തന്നെ ഞാന്‍ എനിക്കുവേണ്ടിയും ഇഷ്ടപ്പെടുന്നു. അതായത് ഞാനും നിങ്ങളും തുല്യരാണ്. ഇസ്‌ലാമിനുവേണ്ടി ജീവാര്‍പണ സജ്ജരായവര്‍ തങ്ങളുടെ പ്രിയ നേതാവിന്റെ വിളിക്ക് ആവേശോല്ലാസത്തോടെ ലബ്ബയ്ക്ക് പറഞ്ഞു. അദ്ദേഹം തന്റെ ഓരോ വാക്കിലും പ്രവൃത്തികളിലും എന്നും അവരോടു നീതിപൂര്‍വം പെരുമാറുകയും പ്രയാസത്തിലും സുഖാവസ്ഥയിലും രണ്ടിലും അവരെ ചേര്‍ത്തപിടിക്കുകയും ചെയ്തതിനാലും അദ്ദേഹത്തിന്റെ വാക്കുകള്‍ക്ക് നേരെ വിരല്‍ ചൂണ്ടാന്‍ ആരും ധൈര്യപ്പെട്ടിരുന്നില്ല എന്ന കാരണത്താലും അവര്‍ ലബ്ബയ്ക്ക് പറയുമെന്നത് നിസ്സംശയമായിരുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 372, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ*

*ബെയ്റുത്ത് 2012)(മഖാല താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 23-24)(മുഅ്ജമുൽ ബുൽദാൻ, വാള്യം 2, പേജ് 376)(മുഅ്ജമുൽ ബുൽദാൻ, വാള്യം 1, പേജ് 607)*

ഹദ്റത്ത് മുഥ്ഥാനാ സൈന്യത്തിന് ഇപ്രകാരം നിർദേശം നല്കി: 'ഞാൻ ആദ്യം മൂന്നുതവണ തക്ബീർ ചൊല്ലുമ്പോൾ നിങ്ങൾ പൂർണമായും തയ്യാറായി നിൽക്കണം. നാലാമത്തെ തക്ബീർ കേട്ടതും ശത്രുക്കളെ കടന്നാക്രമിക്കണം.' ഹദ്റത്ത് മുഥ്ഥാനാ ആദ്യവട്ട തക്ബീർ ധ്വനി മുഴക്കിയതും ഇറാൻ സൈന്യം പൊടുന്നനെ ആക്രമണങ്ങൾ തുടങ്ങി. അതുകൊണ്ട് മുസ്‌ലിമീങ്ങൾ പിന്നെ കാത്തുനിന്നില്ല. ആദ്യ തക്ബീറിനുശേഷം തന്നെ ബനൂ അജൽ ഗോത്രത്തിലെ ചിലർ നിരകളിൽനിന്ന് യുദ്ധം ചെയ്യാൻ മുന്നോട്ടു നീങ്ങി. അങ്ങനെ നിരകളിൽ വിള്ളലുണ്ടായി. അപ്പോൾ ഹദ്റത്ത് മുഥ്ഥാനാ ഒരാളെ സന്ദേശവുമായി അങ്ങോട്ടയച്ചതിനുശേഷം ആ ഗോത്രക്കാർ അടങ്ങി. പിന്നെ ഒരു ഘോരയുദ്ധം നടക്കുകയും ഇറാനികൾ പരിഭ്രാന്തരാകുകയും ചെയ്തു. ആ യുദ്ധത്തിൽ ഇറാനികൾ ഒരു ലക്ഷം പേർ വധിക്കപ്പെട്ടു എന്ന് പറയപ്പെടുന്നു. ഇറാൻ സൈന്യത്തലവനായ മഹ്റാനും ആ യുദ്ധത്തിൽ മരണപ്പെട്ടു. ആ യുദ്ധത്തെ 'യൗമുൽ അശാർ' എന്നും പറയാറുണ്ട്. കാരണം അപ്പോൾ പത്തുപേരെ വീതം വധിച്ച നൂറുപേർ മുസ്‌ലിമീങ്ങളിലുണ്ടായിരുന്നു. ഇറാൻ സൈന്യം പരാജയവുമേറ്റുവാങ്ങി പാലത്തിന്നടുത്തേക്കോടി. നദി കടന്ന് തങ്ങളുടെ രക്ഷാകേന്ദ്രത്തിലേക്ക് പോകാനായിരുന്നു അത്. എന്നാൽ, ഹദ്റത്ത് മുഥ്ഥാനാ തന്റെ സൈന്യവുമായി അവരെ പിന്തുടർന്നു. പാലം കടക്കുന്നതിനു മുമ്പേ തന്നെ അവരെ വളഞ്ഞു. നദിയുടെ പാലം തകർക്കുകയും ഒരുപാട് ഇറാനികളെ വധിക്കുകയും ചെയ്തു. പിൽക്കാലത്ത് ഇക്കാര്യത്തെ കുറിച്ചോർത്ത് ഹദ്റത്ത് മുഥ്ഥാനാ പരിഭവപ്പെടുമായിരുന്നു; 'ഞാൻ പരാജിതരായവരെ എന്തിന് പിൻതുടർന്നു? ഞാൻ അത് ചെയ്യരുതായിരുന്നു.' അദ്ദേഹം പറയുമായിരുന്നു, 'എനിക്ക് വലിയതെറ്റുപറ്റി. പോരാട്ടത്തിന് ശക്തിയില്ലാത്തവരുമായി പോരടിക്കുന്നത് എനിക്ക് ചേർന്ന സംഗതിയായിരുന്നില്ല. ഇനിയൊരിക്കലും ഞാൻ അങ്ങനെ ചെയ്യുകയില്ല. എന്നിട്ട് അദ്ദേഹം മുസ്‌ലിമീങ്ങളെ ഉപദേശിച്ചു. അല്ലയോ മുസ്‌ലിമീങ്ങളേ! നിങ്ങളും ഒരിക്കലും അങ്ങനെ ചെയ്യരുത്. ഇക്കാര്യത്തിൽ നിങ്ങൾ എന്നെ പിൻപറ്റരുത്. പിന്തിരിഞ്ഞോടുന്നവരെ പിന്തുടർന്ന് പിടിച്ചു എന്ന തെറ്റ് എനിക്കു പറ്റി. ഇനി അതുണ്ടാകരുത്.' ഇതാണ് യഥാർഥത്തിൽ ഇസ്‌ലാം വിഭാവന ചെയ്യുന്ന ധാർമികത. ഈ യുദ്ധത്തിൽ ഇസ്‌ലാമിക സൈന്യത്തിന്റെ ചില വൻ പോരാളികൾ ഉദാഹരണമായി ഖാലിദ് ബിൻ ഹിലാൽ, മസ്ഊദ് ബിൻ ഹാരിഥ് എന്നിവരും ശഹീദായി. ഹദ്റത്ത് മുഥ്ഥാനാ ശുഹദാക്കളുടെ ജനാസ നമസ്കരിപ്പിച്ചു. എന്നിട്ട് പറഞ്ഞു: 'അല്ലഹുവാണ!എനിക്കേറ്റ ദുഃഖവും വ്യസനവും കുറയുന്നത് ഇക്കാര്യം ആലോചിക്കുമ്പോഴാണ്. അതായത് ഇവർ ഈ യുദ്ധത്തിൽ പങ്കെടുക്കുകയും വളരെ വീരശൂരത പ്രകടിപ്പിക്കുകയും സ്ഥൈര്യം കാണിക്കുകയും അതുപോലും ഒരു കാര്യത്തിലും ഒരു തരത്തിലും വെപ്രാളപ്പെടാതിരിക്കുകയും പരിഭ്രമിക്കാതിരിക്കുകയും ചെയ്തു. അതുപോലെ ശഹാദത്ത്(രക്തസാക്ഷിത്വം) പാപങ്ങൾ പൊറുക്കപ്പെടുന്നതിന് പ്രായശ്ചിത്തമായി മാറുന്നുവെന്നോർക്കുമ്പോഴും എന്റെ ദുഃഖത്തിന് കുറവു വരുന്നു.' ഈ യുദ്ധത്തെ കുറിച്ച് വിവരിക്കുമ്പോൾ ചരിത്രകാരന്മാർ ഒരു സംഭവം ഉദ്ധരിച്ചിട്ടുണ്ട്. മുസ്‌ലിം വനിതകളുടെ ധൈര്യവും സാഹസികതയും അതു വിളിച്ചോതുന്നുണ്ട്. യുദ്ധമൈതാനത്തുനിന്ന് അകലെ ഖുവാദസ് എന്ന സ്ഥലത്ത് മുസ്‌ലിം സ്ത്രീകളുടേയും കുട്ടികളുടേയും ഒരു ക്യാമ്പുണ്ടായിരുന്നു. യുദ്ധം അവസാനിച്ചപ്പോൾ മുസ്‌ലിമീങ്ങളുടെ ഒരു സൈന്യവ്യൂഹം കുതിരകളെ ഓടിച്ചുകൊണ്ട് ക്യാമ്പിനു സമീപമെത്തി. അത് തങ്ങളെ ആക്രമിക്കാൻ വന്ന സൈന്യമാണെന്ന് മുസ്‌ലിം സ്ത്രീകൾ തെറ്റുധരിച്ചു. അവർ പെട്ടന്നുതന്നെ കുട്ടികൾക്കു ചുറ്റും പ്രതിരോധം തീർക്കുകയയും കല്ലും വടിയും കൊണ്ട് കൊല്ലാനും മരിക്കാനും ഒരുങ്ങി നില്ക്കുകയും ചെയ്തു. ആ സൈന്യം വളരെ അടുത്തെത്തിയപ്പോൾ അതു മുസ്‌ലിം സൈന്യമാണെന്ന് അവർ തിരിച്ചറിഞ്ഞു. ആ സേനാ വിഭാഗത്തിന്റെ പടനായകനായ അംറ് ബിൻ അബ്ദുൽ മസീഹ് അനിയന്ത്രിതമായി പറഞ്ഞു: അല്ലാഹുവിന്റെ സൈന്യത്തിലെ മഹിളകൾക്ക് ഇതുതന്നെയാണ് ഭൂഷണം. ബുവയ്ബ് യുദ്ധം അവസാനിച്ചുവെങ്കിൽക്കൂടി അതിന് ആഴത്തിലുള്ള അടയാളങ്ങളും സ്വാധീനങ്ങളും അവശേഷിച്ചിരുന്നു. ഇസ്‌ലാമുമായുള്ള യുദ്ധത്തിൽ ഇതിനു മുമ്പേ ഇറാനികൾക്ക് ഇത്ര ഭീകരമായ ആൾനഷ്ടം ഉണ്ടായിരുന്നില്ല. ഈ യുദ്ധത്തിന്റെ പരിണാമ ഫലമായി ഇറാഖിലെ മിക്ക ദിക്കുകളിലും മുസ്‌ലിമീങ്ങൾക്ക് അടിയുറച്ച നേട്ടം ലഭിച്ചു. ഇറാഖിലെ വലിയ ഭൂഭാഗങ്ങളിൽ ടൈഗ്രീസ് നദിവരെ മുസ്‌ലിമീങ്ങളുടെ അധീനതയിലായി. നിസ്സാര യുദ്ധങ്ങൾകൊണ്ടുതന്നെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ മുസ്‌ലിമീങ്ങൾ ഒരിക്കൽക്കൂടി ആധിപത്യം നേടി. അവ മുമ്പേ മുസ്‌ലിമീങ്ങൾ കൈവിട്ടതായിരുന്നു. അപ്പോൾ പരാജിതരായി ടൈഗ്രീസിന്റെ മറുകരയിലേക്ക് ഓടി മറയുന്നതാണ് ഇനി നല്ലതെന്ന് ഇറാൻ സൈന്യം മനസ്സിലാക്കി. ഈ വിജയത്തിനു ശേഷം മുസ്‌ലിമീങ്ങൾ ഇറാഖിലെ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 373 -374, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012) (സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബീ, പേജ് 361-363, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007)(അൽഫാറൂഖ്, ശിബ്‌ലീ നുഅ്മാനീ, പേജ് 82-84, അദാരയെ ഇസ്‌ലാമിയാത്ത്, 2004)(അൽകാമിൽ ഫിത്താരീഖ്, വാള്യം 2, പേജ് 288-291, ഹിജ്റ 13, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)(താരീഖുത്വബ്രി, മുത്തർജിം, വാള്യം 2, ഭാഗം 2, പേജ് 237-238,240-241, നഫീസ് അക്കാഡമി കറാച്ചി 2004) (മഖാല താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 28-29)*

പിന്നീട് നടന്ന യുദ്ധം ഖാദിസിയ യുദ്ധമായിരുന്നു. അത് ഹിജ്റ പതിനാലിലാണ് നടന്നത്. ഇപ്പോഴത്തെ ഇറാഖിലുള്ള ഒരു സ്ഥലമാണ് ഖാദിസിയ. അത് കൂഫയിൽനിന്ന് 45 മൈൽ ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. ഹിജ്റ 14 ന് ഹദ്റത്ത് ഉമർ(റ)ഫാറൂഖിന്റെ ഖിലാഫത്ത് കാലട്ടത്തിൽ മുസ്‌ലിമീങ്ങളും ഇറാനികളും തമ്മിൽ ഖാദിസിയ എന്ന സ്ഥലത്ത് ഒരി നിർണായകമായ യുദ്ധം നടന്നു. അതിന്റെ പരിണിത ഫലമായി ഇറാൻ ഭരണകൂടം മുസ്‌ലിമീങ്ങളുടെ അധീനതയിലായിരുന്ന പേർഷ്യക്കാർ മുസ്‌ലിമീങ്ങളുടെ വിജയങ്ങളെ കുറിച്ചറിഞ്ഞപ്പോൾ അവർ റുസ്തമിനോടും അതുപോലെ മറ്റൊരു പടനായകനായ ഫേറോസാനോടും ഇപ്രകാരം പറഞ്ഞു: നിങ്ങൾ പരസ്പരം ഭിന്നിച്ചുകൊണ്ടിരുന്നു. നിങ്ങൾ പേർഷ്യക്കാരെ ദുർബലപ്പെടുത്തുകയും ശത്രുക്കളുടെ ധൈര്യം വർധിപ്പിക്കുകയും ചെയ്തു. ഇപ്പോൾ സ്ഥിതി സങ്കീർണമായിരിക്കുന്നു. നമ്മൾ ഇതുപോലെ തുടർന്നാൽ ഇറാൻ നാമാവശേഷമാകുന്നതാണ്.

എന്തുകൊണ്ടെന്നാൽ ബഗ്ദാദ്, സാബാത് അവ രണ്ടും മദാഇനടുത്ത സ്ഥലമാണ്, തിക്രീത്ത് ഇത് ബഗ്ദാദിനും മൗസ്വിളിനും ഇടയ്ക്ക് ബാഗ്ദാദിൽനിന്ന് 90 മൈൽ ദൂരത്തുള്ള ഒരു പ്രസിദ്ധ നഗരമാണ്. അതിനുശേഷം മദാഇൻ നഗരം മാത്രം അവശേഷിച്ചു. അവർ പറഞ്ഞു: ഇനിയും നിങ്ങൾ രണ്ടുകൂട്ടരും ഐക്യപ്പെട്ടില്ലെങ്കിൽ നിങ്ങൾ രണ്ടുപേരേയും ഞങ്ങൾ ഇല്ലായ്മ ചെയ്യുന്നതാണ്. എന്നിട്ട് സ്വയം തന്നെയും നശിച്ച് സമാധാനം നല്കുന്നതാണ്. അതായത് പിന്നീട് ഞങ്ങൾ സ്വയം യുദ്ധം ചെയ്യുന്നതാണ്. അതിനുശേഷം റുസ്തമും ഫയ്റുസാനും ബൂറാനെ സ്ഥാനഭ്രഷ്ടനാക്കി യസ്ദജർദിനെ സിംഹാസനത്തിലിരുത്തി. അപ്പോൾ അയാളുടെ പ്രായം 21 വയസ്സായിരുന്നു. അയാൾ കോട്ടകളും മിലിട്ടറി കണ്ടോൺമെന്റുകളും സുസജ്ജമാക്കി. ഹദ്റത്ത് മുഥ്ഥാനാ, ഹദ്റത്ത് ഉമറിന് പേർഷ്യക്കാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിച്ചപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അല്ലാഹുവാണ!ഞാൻ അജമികളായ രാജാക്കന്മാർക്കെതിരെ അറബികളുടെ അമീർമാരേയും രാജാക്കന്മാരേയുംകൊണ്ട് യുദ്ധം ചെയ്യിക്കുന്നതാണ്. അങ്ങനെ എല്ലാ പ്രമാണിമാരേയും വിവേകമതികളേയും ആദരണീയരായ വാഗ്മികളേയും കവികളേയും യുദ്ധത്തിന്നയച്ചു. എന്നിട്ട് ഹദ്റത്ത് മുഥ്ഥനായ്ക്ക് ഇപ്രകാരം ഉത്തരവുനല്കി:'നിങ്ങൾ നിങ്ങളുടേയും അവരുടേയും അതിർത്തിക്കടുത്ത് തീരപ്രദേശങ്ങളിലേക്ക് ആ അജമിപ്രദേശങ്ങൾ വിട്ടുകൊണ്ടുവരിക. അതുപോലെ സൈന്യത്തിൽ റബീയ ഗോത്രത്തിലേയും മുള്ർ ഗോത്രത്തിലേയും ആളുകളേയും ഉൾപ്പെടുത്താൻ നിർദേശവും നല്കി.'*(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 294-295, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006) (ഫർഹങ്കെ സീറത്ത് പേജ് 229)(മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 187)(മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 45)*

ഹദ്റത്ത് ഉമർ അറേബ്യയിൽ നാലു ഭാഗത്തും പ്രതിനിധികളെ അയച്ചു. എന്നിട്ട് എല്ലാ നേതാക്കന്മാരോടും പ്രമാണിമാരോടും മക്കയിൽ ഒത്തുചേരാൻ പറഞ്ഞു. ഹജ്ജ് അടുത്തുതന്നെ നടക്കുമായിരുന്നു. അതിനാൽ ഹദ്റത്ത് ഉമർ(റ) ഹജ്ജിന് പുറപ്പെട്ടു. ഹജ്ജിന്റെ അവസരത്തിൽ നാലുഭാഗത്തുനിന്നും അറബ് ഗോത്രങ്ങൾ ഒരുമിച്ചു കൂടി. അദ്ദേഹം ഹജ്ജു കഴിഞ്ഞ് തിരിച്ചു വന്നപ്പോഴേക്കും മദീനയിൽ ഒരു വലിയ സൈന്യം ഒത്തുകൂടിയിരുന്നു. ഹദ്റത്ത് ഉമർ ആ സൈന്യത്തിന്റെ മേൽനോട്ടം നേരിട്ട് വഹിച്ചു. ഹദ്റത്ത് അലിയെ മദീനയിൽ അമീറായി നിശ്ചയിച്ച് പുറ

പ്പെടുകയും ചെയ്തു. സ്വിറാറിൽച്ചെന്ന് താവളമടിച്ചു. മദീനയിൽനിന്ന് മൂന്നുമൈൽ അപ്പുറമുള്ള ഒരു അരുവിയാണ് സ്വിറാർ. പറയുന്നു: ഹദ്റത്ത് ഉമർ(റ)പൂർണമായും നേരിട്ട് യുദ്ധമുന്നേറ്റത്തിൽ പങ്കെടുക്കണമെന്ന കാര്യം പൂർണമായും തീരുമാനിക്കപ്പെട്ടിരുന്നില്ല. *(അൽഫാറൂഖ്, ശിബ്‌ലീ നുഅ്മാനീ, പേജ് 85-86, അദാരയെ ഇസ്‌ലാമിയാത്ത്, 2004) (ഫർഹങ്കെ സീറത്ത് പേജ് 172)*

സൈന്യവുമായി യാത്ര പുറപ്പെട്ടുവെങ്കിലും നേരിട്ട് യുദ്ധഭൂമിയിലേക്ക് പോകുമോ അതോ മറ്റാരെയെങ്കിലും സൈന്യാധിപനായി നിശ്ചയിച്ചേക്കുമോ എന്നു തീരുമാനിച്ചിരുന്നില്ല. എന്തായാലും ത്വബ്‌രിയുടെ ചരിത്രത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഉമർ ജനങ്ങളോടു അക്കാര്യത്തിൽ കൂടിയാലോചനനടത്തി. അദ്ദേഹത്തോടു പേർഷ്യയിലേക്ക് പോകാൻതന്നെ എല്ലാവരും അഭിപ്രായപ്പെട്ടു. സൈന്യത്തെ സ്വന്തം നിയന്ത്രണത്തിൽത്തന്നെ കൊണ്ടുപോകാൻ അദ്ദേഹത്തോടു എല്ലാവരും പറഞ്ഞു. സ്വിറാർ എത്തുന്നതുവരെ ഹദ്റത്ത് ഉമർ ആരോടും പിന്നീട് അഭിപ്രായം തേടിയില്ല. എന്നാൽ, അദ്ദേഹത്തെ അങ്ങോട്ടു പോകുന്നതിൽനിന്ന് ഹദ്റത്ത് അബ്ദുർറഹ്മാൻ വിലക്കി. മറ്റുള്ളവർ പറഞ്ഞത് സൈന്യത്തോടൊപ്പം എന്തായാലും പോകണമെന്നായിരുന്നു. എന്നാൽ, ഹദ്റത്ത് അബ്ദുർറഹ്മാൻ മാത്രം അതിനെ എതിർത്തു. ഹദ്റത്ത് അബ്ദുർറഹ്മാൻ പറഞ്ഞു:ഞാൻ നബി(സ) തിരുമേനിക്ക് മേലല്ലാതെ ആർക്കുവേണ്ടിയും എന്റെ മാതാപിതാക്കളെ തെണ്ടമാക്കിയിട്ടില്ല. നബി(സ)തിരുമേനിക്കുശേഷം ഞാൻ അങ്ങനെ ചെയ്യുകയുമില്ല. എന്നാൽ, ഇന്നു ഞാൻ പറയുന്നു: 'എന്റെ മാതാപിതാക്കൾ തെണ്ടമായിട്ടുള്ളവനേ! ഇക്കാര്യത്തിലുള്ള അന്തിമ തീരുമാനം അങ്ങ് എനിക്കു വിടുക.' ഹദ്റത്ത് ഉമറിനോടു അദ്ദേഹം അങ്ങനെ പറഞ്ഞ ശേഷം ഒരു അഭിപ്രായവും മുന്നോട്ടുവച്ചു. അദ്ദേഹം ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'അങ്ങ് സ്വിറാറിൽത്തന്നെ നില്ക്കുക. അവിടെനിന്ന് ഒരു വൻസൈന്യത്തെ പറഞ്ഞയക്കുക.'അദ്ദേഹം ഹദ്റത്ത് ഉമറിനോടു പറഞ്ഞു:തുടക്കം മുതൽ ഇതുവരെ അങ്ങയുടെ സൈന്യങ്ങളെക്കുറിച്ച് അല്ലാഹുവിന്റെ വിധിയെന്തായിരുന്നുവെന്ന് അങ്ങ് കണ്ടതാണ്. അങ്ങയുടെ സൈന്യത്തിന് പരാജയമുണ്ടായാൽ അത് അങ്ങയുടെ പരാജയത്തിന് സമാനമായിരിക്കില്ല. എന്നാൽ, തുടക്കത്തിൽത്തന്നെ അങ്ങ് ശഹീദാവുകയോ മുസ്‌ലിമീങ്ങൾ പരാജയപ്പെടുകയോ ചെയ്താൽ ഞാൻ ഭയക്കുന്നത് പിന്നീട് മുസ്‌ലിമീങ്ങൾക്ക് ഒരിക്കലും തക്ബീർ ധ്വനിമുഴക്കാനാകില്ലെന്നാണ്. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന സാക്ഷ്യം അവർക്കു പിന്നെ വഹിക്കാനാകില്ലെന്ന് വരും. തിരഞ്ഞെടുക്കപ്പെട്ട വിശിഷ്യരും ബുദ്ധിമതികളുമായ സ്വഹാബാക്കളുമായി കൂടിയാലോചന നടത്തിയശേഷം ഹദ്റത്ത് ഉമർ ഒരു പൊതുയോഗം വിളിച്ചു. അതായത് അബ്ദുർറഹ്മാന്റെ അഭിപ്രായം ലഭിച്ച ശേഷം അദ്ദേഹം ആദ്യം വിശിഷ്ടരായ വ്യക്തികളുമായി കൂടിയാലോചിച്ചു. അതിനുശേഷം ഒരു പൊതുയോഗം സംഘടിപ്പിച്ചു. അതിൽ പ്രസംഗിച്ചുകൊണ്ട് ഹദ്റത്ത് ഉമർ ഇപ്രകാരം പറഞ്ഞു:'അല്ലാഹു ജനങ്ങളെ ഇസ്‌ലാമിൽ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. അവരുടെ ഹൃദയങ്ങളിൽ പരസ്പരമുള്ള സ്നേഹവും നിക്ഷേപിച്ചിരിക്കുന്നു. ഇസ്‌ലാം എല്ലാവരേയും പരസ്പരം സഹോദരങ്ങളാക്കിയിരിക്കുകയാണ്. മുസ്‌ലിമീങ്ങളുടെ പരസ്പരബന്ധം ഒരൊറ്റ ശരീരംപോലെയാണ്. അതിന്റെ ഒരു ഭാഗത്തിന് പ്രയാസം അനുഭവപ്പെടുമ്പോൾ അടുത്ത ഭാഗത്തിനും ആ പ്രയാസം അനുഭവിക്കാതെ തരമില്ല. അതുകൊണ്ട് മുസ്‌ലിമീങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനങ്ങളെടുക്കേണ്ടതാണ്. വിശേഷിച്ചും അവരിലെ വിവേകികളുടെ അഭിപ്രായം സ്വീകരിക്കേണ്ടതാണ്. ഏതൊരു കാര്യത്തിലാണോ ജനങ്ങൾ ഒരുമിക്കുന്നതും തൃപ്തിപ്പെടുന്നതും അക്കാര്യം പിൻപറ്റുകയും അനുസരിക്കുകയും ചെയ്യേണ്ടതാണ്. ജനങ്ങളിൽനിന്ന് ബുദ്ധിശാലികളുടെ അഭിപ്രായങ്ങൾ ഒരു അമീർ തീർച്ചയായും സ്വീകരിക്കണം. ജനങ്ങളെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങളും യുദ്ധങ്ങളെക്കുറിച്ചുള്ള അവരുടെ പദ്ധതികളും വിലയ്ക്കെടുക്കേണ്ടതാണ്. അല്ലയോ ജനങ്ങളേ!ഞാൻ നിങ്ങളിലൊരാളായി നിങ്ങളോടൊപ്പം നില്ക്കാനാണ് ആഗ്രഹിക്കുന്നത്. ഹദ്റത്ത് ഉമർ പറഞ്ഞു:'അല്ലയോ ജനങ്ങളേ!ഞാൻ നിങ്ങളിലൊരാളായി നിങ്ങളോടൊപ്പം നിലകൊള്ളാനാണ് ആഗ്രഹിക്കുന്നത്. അങ്ങനെ യുദ്ധത്തിൽ പങ്കെടുക്കാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ, നിങ്ങളിലെ ബുദ്ധിശാലികളായ വ്യക്തികൾ എന്നെ അക്കാര്യത്തിൽനിന്ന് തടഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഞാൻ തീരുമാനിച്ചിരിക്കുന്നത് ഞാൻ നേരിട്ടുപോകാതെ മറ്റാരെയെങ്കിലും അയക്കാമെന്നാണ്.'(താരീഖുഅത്ത്വബ്‌രി, വാള്യം 2, പേജ് 381, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)(മഖാലതാരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസ്വിർ സാഹിബ്, പേജ് 35-37)

അപ്പോൾ ഹദ്റത്ത് ഉമർ യോഗ്യനായ ഒരു വ്യക്തിയെ അന്വേഷിക്കുകയായിരുന്നു. ആ നേരത്ത് ഹദ്റത്ത് സഅ്ദിന്റെ ഒരു കത്ത് അദ്ദേഹത്തിനു വന്നു. ഹദ്റത്ത് സഅ്ദ് അപ്പോൾ നജ്ദിലെ സക്കാത്തു കാര്യങ്ങളുടെ മേൽനോട്ടക്കാരനായിരുന്നു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'കമാന്റർ ആകാൻപറ്റിയ ഒരാളെ എനിക്കു പറഞ്ഞുതരിക.' ഹദ്റത്ത് അബ്ദുർറഹ്മാൻ പറഞ്ഞു:'ആളെ അങ്ങയ്ക്ക് കിട്ടിക്കഴിഞ്ഞല്ലോ?' ഉമർ ചോദിച്ചു: 'അതാരാണ്?'ഹദ്റത്ത് അബ്ദുർറഹ്മാൻ പറഞ്ഞു: 'സിംഹമടയിലെ സിംഹമായ സഅ്ദ് ബിൻ മാലിക്ക്.' അതായത് സഅ്ദ് ബിൻ അബീവഖാസ്! മറ്റുള്ളവരും ഈ അഭിപ്രായത്തെ പിന്താങ്ങി. *(താരീഖുത്ത്വബ്‌രി, മുത്തർജിം, വാള്യം 2, പേജ് 382, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1987)* ത്വബരിയുടെ ചരിത്രത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് സഅ്ദിനെ അമീറായി നിശ്ചയിച്ചുകൊണ്ട് ഇപ്രകാരം ഉപദേശിച്ചു:'സഅ്ദേ! താങ്കൾ നബി(സ)തിരുമേനിയുടെ മാതൃസഹോദരനും സ്വഹാബി എന്നു പറയപ്പെടുന്ന വ്യക്തിയുമാണെന്ന് ധരിക്കരുത്. അല്ലാഹു തിന്മയെ തിന്മകൊണ്ടല്ല നേരിടുന്നത്. പ്രത്യുത തിന്മയെ നന്മകൊണ്ടാണ് ഇല്ലായ്മ ചെയ്യുന്നത്. ദൈവവും ദാസനും തമ്മിൽ അനുസരണമെന്ന ഒരു ബന്ധം മാത്രമെയുള്ളു.' ഇതായിരുന്നു അദ്ദേഹം സഅ്ദിന് നല്കിയ ഉപദേശം. യാത്ര അയക്കുമ്പോൾ ഹദ്റത്ത് ഉമർ(റ)സഅ്ദിനോടു പറഞ്ഞു:എന്റെ ഉപദേശം ഓർമ വെക്കണം!'മറ്റൊരു ഉപദേശം ഇപ്രകാരവും നല്കി. 'താങ്കൾ ദുഷ്കരവും അതികഠിനവുമായ ഒരു ജോലിയാണ് എറ്റെടുത്തിരിക്കുന്നത്. അതുകൊണ്ട് സ്വയം താങ്കളുടെ കൂട്ടുകാരേയും നന്മ ശീലിപ്പിക്കുക. അതുമുഖേന വിജയത്തിന് പ്രാർഥിക്കുക. ഓർമിക്കുക ഓരോ ശീലവും ഉണ്ടാക്കുന്നതിന് ഒരു മാർഗമുണ്ട്. നന്മയുടെ ശീലമുണ്ടാക്കുന്നതിനുള്ള മാർഗം ക്ഷമയാണ്. ക്ഷമ കൈക്കൊണ്ടാൽ നന്മ ശീലിക്കുന്നതാണ്. താങ്കൾക്കുണ്ടാകുന്ന എല്ലാ പ്രയാസങ്ങളിലും താങ്കൾക്കുമേലുണ്ടാകുന്ന എല്ലാ വിഷമങ്ങളിലും ക്ഷമകൈക്കൊള്ളുക. അതുമുഖേന താങ്കൾക്ക് ദൈവഭയം കരസ്ഥമാകുന്നതാണ്.' *(താരീഖുത്വബ്‌രി, മുത്തർജിം, വാള്യം 2, ഭാഗം 2, പേജ് 253-254, നഫീസ് അക്കാഡമി കറാച്ചി 2004)*

പിന്നീട് അദ്ദേഹം പറഞ്ഞു: 'താങ്കളുടെ കൂടെയുള്ള മുസ്‌ലിമീങ്ങളേയുംകൂട്ടി ശറാഫിൽനിന്ന് ഇറാനിലേക്ക് മാർച്ച് ചെയ്യുക. 'ശറാഫ്' എന്നത് നജ്ദിലെ ഒരു അരുവിയാണ്. ആ സ്ഥലത്തായിരുന്നു സൈന്യം സംഘടിച്ചത്. അവിടെനിന്ന് യാത്ര തുടരാൻ പറഞ്ഞു. അല്ലാഹുവിൽ സർവ്വവും ഭരമേല്പിക്കുക. എല്ലാ കാര്യങ്ങളിലും അവനോടുതന്നെ സഹായം തേടുക. അതുപോലെ വമ്പിച്ച അംഗബലമുള്ള ജനതയെ നേരിടാനാണ് നിങ്ങൾ പുറപ്പെടുന്നതെന്നും ഓർക്കുക. അവരുടെ കൈയിൽ ഒരുപാട് സാധനസാമഗ്രികളുണ്ട്. അവരുടെ യുദ്ധശക്തി വളരെ ശക്തമാണ്. യുദ്ധാടിസ്ഥാനത്തിൽ വളരെ കഠിനവും സുരക്ഷിതവും ഫലഭൂയിഷ്ഠമായതും ജലസേചനകാര്യത്തിൽ വളരെ ഉത്തമവുമായ പ്രദേശവുമായിട്ടാണ് നിങ്ങൾ പോരിനു പുറപ്പെടുന്നത്. നോക്കൂ! അവരുടെ ചതിയിൽപ്പെട്ടുപോകരുത്. അവർ കൗശലക്കാരും വഞ്ചകരുമായ ജനതയാണ്. നിങ്ങൾ ഖാദിസിയായിലെത്തിയാൽ പർവതപ്രദേശത്തിന്റെ അവസാന തീരത്തും മൈതാനപ്രദേശത്തിന്റെ ആരംഭ തീരത്തുമായിരിക്കും ഉണ്ടാകുക. നിങ്ങൾ അവിടെത്തന്നെ താവളമടിക്കണം. അവിടെനിന്ന് വിട്ടുമാറരുത്. അവിടെ എവിടെയാണ് താമസിക്കേണ്ടതെന്നും പറഞ്ഞുകൊടുത്തു. ശത്രുക്കൾക്ക് നിങ്ങളുടെ വരവിനെക്കുറിച്ച് വിവരം ലഭിച്ചാൽ അവർ പ്രക്ഷുബ്ധരാകുകയും സർവ സന്നാഹങ്ങളോടുമൊപ്പം കാലാൾപ്പടയും കുതിരപ്പടയുമായി നിങ്ങളുടെമേൽ ആക്രമണം നടത്തുകയും ചെയ്യും. ആ അവസ്ഥയിൽ നിങ്ങൾ ശത്രുക്കളുടെ മുമ്പിൽ പൂർണ സ്ഥിരചിത്തതയോടെ അടിയുറച്ചുനില്ക്കുകയും ശത്രുക്കളുമായുള്ള യുദ്ധത്തിൽ പ്രതിഫലത്തിന്റെ ആഗ്രഹം നിങ്ങൾക്കുണ്ടാകുകയും നിങ്ങളുടെ ഉദ്ദേശ്യം ശുദ്ധമായിരിക്കുകയും ചെയ്താൽ നിങ്ങൾക്ക് അവരുടെമേൽ വിജയം ലഭിക്കുമെന്ന് എനിക്കു പ്രതീക്ഷയുണ്ട്. പിന്നെ അവർക്കൊരിക്കലും ഒരുമിച്ചുകൂടി നിങ്ങളെ നേരിടാനാകുകയില്ല. ഇനി അവർ യുദ്ധത്തിനു മുതിർന്നാലും അവരുടെ ഹൃദയങ്ങൾ അവരെ തുണയ്ക്കുകയില്ല. അതായത് അവർ ഭയപ്പാടോടുകൂടിയായിരിക്കും നിങ്ങളോടു ഏറ്റുമുട്ടുക. ഇനി മറ്റെന്തെങ്കിലും സ്ഥിതിവിശേഷം ഉടലെടുത്താൽത്തന്നെ നിങ്ങൾ ഇറാൻ പ്രദേശത്തിന്റെ സമീപത്തുള്ള മൈതാനങ്ങളിൽനിന്ന് അകലേണ്ടതാണ്. അതായത് പിന്തിരിയേണ്ട സ്ഥിതിവന്നാൽ അവരോടു അടുത്ത മൈതാനങ്ങളിൽനിന്നുമാറി നിങ്ങളുടെ പ്രദേശത്തോടടുത്ത മലയിടുക്കുകളിലേക്ക് വരേണ്ടതാണ്. തൽഫലമായി നിങ്ങൾക്ക് സ്വന്തം പ്രദേശത്ത് കൂടുതൽ ധൈര്യം സംഭരിക്കാം.

ആ പ്രദേശത്തെ കുറിച്ച് നിങ്ങൾ കൂടുതൽ പരിചിതരായിരിക്കും. ഇറാനികൾ നിങ്ങളുടെ പ്രദേശത്തുവന്നാൽ ഭയന്നുപോകും. അവർക്ക് ആ പ്രദേശങ്ങൾ അപരിചിതവുമായിരിക്കും. അങ്ങനെ അല്ലാഹു അവർക്കെതിരെ നിങ്ങൾക്ക് രണ്ടാമതും വിജയം നേടാനുള്ള അവസരം സൃഷ്ടിക്കുന്നതാണ്.' വിജയം സുനിശ്ചിതമാണെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു. താൽക്കാലികമായി പ്രതികൂല സാഹചര്യമുണ്ടായാലും ശരി, അവസാനവിജയം നിങ്ങൾക്കുതന്നെയായിരിക്കും. ചുരുക്കത്തിൽ ആ സൈന്യത്തിന്റെ ഓരോ ചലനങ്ങളും ചുവടു നീക്കങ്ങളും ഹദ്റത്ത് ഉമർ(റ)മദീനയിൽനിന്ന് അയച്ചിരുന്ന വിശദമായ മാർഗനിർദേശങ്ങൾ അനുസരിച്ചായിരുന്നു. ത്വബരി ഇപ്രകാരം എഴുതിയിരിക്കുന്നു: 'ഹദ്റത്ത് ഉമർ(റ) ശറാഫിൽനിന്ന് സൈന്യം പുറപ്പെടേണ്ട തിയതിയും നിശ്ചയിച്ചിരുന്നു. മാത്രമല്ല ഖാദിസിയ എത്തിയ ശേഷം ഉദയ്ബുൽഹജനാത്തിന്റേയും ഉദയ്നുൽ ഖവാദിസിന്റേയും ഇടയിൽ താവളമടിക്കണമെന്നും നിർദേശിച്ചിരുന്നു. അതുപോലെ ഇവിടെ സൈന്യത്തെ കിഴക്കുപടിഞ്ഞാറായി വിന്യസിപ്പിക്കാനും നിർദേശിച്ചിരുന്നു. ഉദയ്ബ്, ഖാദിസിയായുടേയും മുഗീഥയുടേയും വഴിയിലുള്ള ഒരു മലയിടുക്കാണ്. അത് ഖാദിസിയായിൽനിന്ന് നാലു മൈൽ ദുരത്തും മുഗീഥയിൽനിന്ന് 30 മൈൽ അകലെയുമാണ്. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് സഅ്ദ് ബിൻ വഖാസ്വിന്റെ പേരിൽ എഴുതിയ കത്തിൽനിന്ന് മനസ്സിലാകുന്നത് അവിടെ രണ്ട് ഉദയ്ബുണ്ടെന്നാണ്. ഇതാണ് ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത്.' *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 386-387, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012) (മഖാല താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 48-50)(മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 131)(മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 304)*

ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്വിനെ നാലായിരം യോദ്ധാക്കളോടൊപ്പം ഇറാനിലേക്ക് അയച്ചു. പിന്നീട് രണ്ടായിരം യമനികളും രണ്ടായിരം നജ്ദികളും അവരോടൊപ്പം ചേർന്നു. വഴിയിൽവച്ച് ബനൂ അസദിന്റെ മുവായിരം ആളുകളും അശ്അഥ് ബിൻ ഖയ്സ് ഖിൻദിയായിലെ 1700 യമനീ പട്ടാളക്കാരോടൊപ്പം വന്നു ചേർന്നു. മുസ്‌ലിമീങ്ങളുടെ അടുക്കൽ അല്ലെങ്കിൽ ആദ്യമുണ്ടായിരുന്ന സൈന്യവും ആ സൈന്യത്തിന്റെ എണ്ണവും പതുക്കെപ്പതുക്കെ പിന്നീട് മുപ്പതിനായിരത്തിലധികമായി. ഈ സൈന്യത്തിന്റെ പ്രാധാന്യം ഇക്കാര്യത്തിൽനിന്ന് ഊഹിക്കാം. അതായത് നബി(സ)തിരുമേനിയോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത 99 സ്വഹാബാക്കൾ ഇതിലുമുണ്ടായിരുന്നു. അവരുടെ എണ്ണം ത്വബരി 70 ലധികമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഇസ്‌ലാമിന്റെ തുടക്കം മുതൽ രിള്‌വാൻ ബയ്അത്തുവരെ നബി(സ)തിരുമേനിയോടൊപ്പം ഉണ്ടായിരുന്ന 300-ൽ പരം ആളുകളും ഇതിലുണ്ടായിരുന്നു. മക്ക വിജയത്തിൽ പങ്കെടുത്ത 300 സ്വഹാബാക്കളും അവരിലുണ്ടായിരുന്നു. 700 പേർ സ്വഹാബികളല്ലെങ്കിലും സ്വഹാബിമാരുടെ മക്കൾ എന്ന ശ്രേഷ്ഠതയുള്ളവരായിരുന്നു. ഹദ്റത്ത് സഅദ് ബിൻ വഖാസ്(റ) ശറാഫിലെത്തി തമ്പടിച്ചു. മുഥ്ഥാനാ 8000 പേരോടൊപ്പം കൂഫയുടെ അടുത്ത് ദൂഖാറിൽ, അത് കൂഫയുടെ അടുത്തുള്ള ഒരു ജലാശയമാണ് അവിടെ മുസ്‌ലിമീങ്ങളുടെ സഹായം പ്രതീക്ഷിച്ച് നില്പുണ്ടായിരുന്നു. ആ അവസരത്തിൽ അദ്ദേഹം വഫാത്തായി. അദ്ദേഹം ബശീർ ബിൻ ഖസ്വാസ്വിയായെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചിരുന്നു. *(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 2949-302, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006) (മുഅ്ജമുൽബുൽദാൻ വാള്യം 4, പേജ് 333)*

മുഥ്ഥാനി അവിടെ മരണപ്പെട്ടു. ശറാഫിലെത്തി സൈന്യത്തിന്റെ താമസ സ്ഥല സൗകര്യങ്ങളെക്കുറിച്ച് വിശദമായ വിവരങ്ങൾ ഹദ്റത്ത് സഅ്ദ്(റ) ഹദ്റത്ത് ഉമറിന് എഴുതി അറിയിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ(റ) ആ സൈന്യത്തെ സ്വയം ക്രമീകരിച്ചു. അദ്ദേഹം കത്തിൽ ഇപ്രകാരം എഴുതി: 'സൈന്യത്തെ മുഴുവൻ പതുപത്തുവീതം ഗ്രൂപ്പായി തിരിച്ച് ഓരോ ഗ്രൂപ്പിനും ഓരോ മേൽനോട്ടക്കാരനെ നിശ്ചയിക്കുക. മുഴുവൻ ഗ്രൂപ്പുകളുടേയും മേൽനോട്ടത്തിന് ഒരു മേലുദ്യോഗസ്ഥനേയും നിശ്ചയിക്കുക. എന്നിട്ട് അവരുടെ എണ്ണം നോക്കി അവരെ ഖാദിസിയയിലേക്ക് അയക്കുക. താങ്കളുടെ മേൽനോട്ടത്തിൽ മുഗീറ ബിൻ ശെഅ്ബയുടെ സൈന്യത്തെ ഉൾപ്പെടുത്താനും പറഞ്ഞു. അതായത് ഹദ്റത്ത് ഉമർ ഹദ്റത്ത് സഅ്ദിനോടു അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഉൾപ്പെടുന്ന സൈന്യങ്ങളിൽ മുഗീറ ബിൻ ശെഅ്ബയുടെ സൈന്യത്തേയും ചേർക്കാൻ നിർദേശിച്ചു. അതിനുശേഷം സ്ഥിതിഗതികൾ തന്നെ വിശദമായി അറിയിക്കണമെന്നും ഉമർ(റ)പറഞ്ഞു; ദിനേനയുള്ള പുരോഗതികൾ അതുപോലെതന്നെ അവസ്ഥാവിശേഷങ്ങളും നിരന്തരം അറിയിച്ചുകൊണ്ടിരുക്കുക. ഹദ്റത്ത് സഅ്ദ്(റ) ആ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സൈന്യത്തെ ക്രമീകരിക്കുകയും ഹദ്റത്ത് ഉമറിന് വിശദമായ വിവരങ്ങൾ നല്കിക്കൊണ്ടിരിക്കുകയും ചെയ്തു. നബി(സ)തിരുമേനിയുടെ കാലത്ത് നടപ്പിൽവന്ന രീതി പിൻപറ്റിയായിരുന്നു പത്തുപേർ അടങ്ങുന്ന സംഘത്തിന് ഒരു മേൽനോട്ടക്കാരനെ നിശ്ചയിച്ചത്. *(താരീഖു അത്ത്വബ്‌രി, വാള്യം 4, പേജ് 115-116, ദാറുൽഫിക്ർ 2002)*

മറ്റൊരു കത്തിൽ ഹദ്റത്ത് ഉമർ(റ)ഹദ്റത്ത് സഅ്ദിന് ഇങ്ങനെ എഴുതി: 'സ്വന്തം ആത്മാവിനെ ഉപദേശിച്ചുകൊണ്ടിരിക്കുക. സ്വന്തം സൈന്യത്തേയും അടിക്കടി ഉദ്ബോധിപ്പിച്ചും ഗുണദോഷിച്ചും കൊണ്ടിരിക്കുക. ക്ഷമകൈക്കൊള്ളുക. സഹനം അവലംബിക്കുക. എന്തെന്നാൽ നിയ്യത്തുപോലെയാണ് അല്ലാഹു പ്രതിഫലം നല്കുന്നത്. നിങ്ങളുടെമേൽ അർപിച്ചതായ ഉത്തരവാദിത്വം അതുപോലെതന്നെ നിങ്ങൾ ചെയ്യാൻപോകുന്ന കാര്യങ്ങൾ എല്ലാം വളരെ ജാഗ്രതയോടെ ചെയ്യുക. നല്ലവണ്ണം ശ്രദ്ധിച്ചു നീങ്ങുക. അല്ലാഹുവിനോടു രക്ഷ തേടുക. അധികമധികമായി **ലാ ഹൗല ലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്** ചൊല്ലിക്കൊണ്ടിരിക്കുക. നിങ്ങളുടെ സൈന്യം എവിടെവരെ എത്തിയെന്ന് എന്നെ എഴുതി അറിയിക്കുക. അതുപോലെ നിങ്ങളുടെ ശത്രുസൈന്യത്തിന്റെ തലവൻ ആരാണെന്നും അറിയിക്കുക. കാരണം കൂടുതലായി ചില നിർദേശം എഴുതണമെന്ന് കരുതിയതാണ്. എന്നാൽ, നിങ്ങളുടേയും നിങ്ങളുടെ ശത്രുക്കളുടേയും ചില ഡേറ്റകൾ എനിക്കു പൂർണമായും അറിയാത്ത ഒറ്റക്കാരണത്താൽ അവ ഇപ്പോൾ എഴുതുന്നില്ല. മുഴുവൻ വിശദാംശങ്ങളും അറിയിക്കുക. ശേഷം ഞാൻ നിങ്ങൾക്കുള്ള കൂടുതൽ നിർദേശങ്ങൾ നല്കുന്നതായിരിക്കും. മുസ്‌ലിമീങ്ങളുടെ സൈന്യത്തിന്റെ ദൃശ്യരൂപങ്ങളെക്കുറിച്ച് എനിക്ക് വിശദമായി എഴുതി അയക്കുക. നിങ്ങളുടേയും ഇറാന്റെ രാജധാനിയായ മദാഇന്റേയും ഇടയിലുള്ള പ്രദേശത്തിന്റെ അവസ്ഥ എനിക്ക് എന്റെ കൺമുമ്പിൽ കാണാൻ സാധിക്കും വിധം വിശദമായി എഴുതി അറിയിക്കുക. അല്ലാഹുവിനെ ഭയപ്പെടുക. അവനിൽ പ്രതീക്ഷ അർപ്പിക്കുക. സ്വന്തം പ്രവൃത്തികളെ സംബനന്ധിച്ച് അവനിൽത്തന്നെ ഭരമേൽപ്പിക്കുക. അല്ലാഹു നിങ്ങളെ മാറ്റി തൽസ്ഥാനത്ത് മറ്റൊരു ജനതയെ ഇക്കാര്യങ്ങൾ പൂർത്തീകരിക്കാനായി കൊണ്ടുവരുന്ന സ്ഥിതിയെ ഭയപ്പെടുക.' *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 387, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012) (മഖാല 'താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 50-51)*

അതായത് അക്കാര്യത്തെ കുറിച്ച് നിങ്ങൾ എപ്പോഴും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്. നിങ്ങളെ ഇതിനൊക്കെ കുത്തകക്കാരനാക്കിയിരിക്കുന്നുവെന്ന ധാരണ പാടില്ല. നിങ്ങൾ ഈ ഉത്തരവാദിത്വം നിറവേറ്റിയില്ലെങ്കിൽ അല്ലാഹു നിങ്ങളെ ഇക്കാര്യത്തിൽനിന്ന് നീക്കി അതു നിർവഹിക്കാനായി മറ്റാരെയെങ്കിലും പകരം കൊണ്ടുവന്നേക്കാം. കാരണം ഇതെല്ലാം എന്തായാലും നടക്കേണ്ടതു തന്നെയാണ്.

ഖാദിസിയ എത്തിയശേഷം ഹദ്റത്ത് സഅ്ദ്(റ) ഹദ്റത്ത് ഉമറിന് സൈന്യത്തിന്റെ താമസവിവരങ്ങളും നാലു അതിർത്തികളുമെല്ലാം വിശദമായി എഴുതിയറിയിച്ചു. ഹദ്റത്ത് ഉമർ(റ) ഇപ്രകാരം മറുപടി നല്കി: 'താങ്കൾ നില്ക്കുന്ന സ്ഥലത്തുതന്നെ നിലയുറപ്പിക്കുക. ശത്രുക്കൾ നിങ്ങളെ ഇങ്ങോട്ടു ആക്രമിക്കുന്നതുവരെ സ്ഥാനം മാറാതിരിക്കുക. ശത്രുക്കൾ പരാജയപ്പെട്ടാൽ മദാഇനിലേക്ക് സൈനികമുന്നേറ്റം നടത്തുക.'*(താരീഖു അത്ത്വബ്‌രി, വാള്യം 4, പേജ് 117-118, ദാറുൽഫിക്ർ 2002)*

ഹദ്റത്ത് സഅ്ദിനെ സംബന്ധിച്ച് ഇക്കാര്യം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. പക്ഷേ, ഇവിടെ ഹദ്റത്ത് ഉമറിനെ കുറിച്ചു പറയുമ്പോഴും അതു വിവരിക്കേണ്ടത് അനിവാര്യമാണ്. ഖിലാഫത്തിൽനിന്നുള്ള നിർദേശ പ്രകാരം ഹദ്റത്ത് സഅ്ദ് ഖാദിസിയായിൽ ഒരു മാസം താമസിച്ചു. എന്നാൽ, ഇറാനികളിൽനിന്ന് ആരുംതന്നെ അവരോടു യുദ്ധത്തിനു വന്നില്ല. അതുകണ്ട് ആ പ്രദേശവാസികൾ ഇറാൻ രാജാവായ യസ്ദജറിന്റെ പേരിൽ ഇപ്രകാരം ഒരു കത്തെഴുതി: കുറച്ചു കാലമായി അറബികൾ ഖാദിസിയായിൽ താമസമാക്കിയിരിക്കുകയാണ്. അവരെ നേരിടാൻ നിങ്ങൾ ഇതുവരെ ഒന്നും ചെയ്തില്ല. അവർ യൂഫ്രട്ടീസ് വരെയുള്ള പ്രദേശം നശിപ്പിച്ചു. കന്നുകാലികളെ കൊള്ളയടിച്ചു. ഇനിയും നിങ്ങളുടെ ഭാഗത്തുനിന്ന് സഹായം എത്തിയില്ലെങ്കിൽ ഞങ്ങൾ എല്ലാം അവരെ ഏല്പിക്കുന്നതായിരിക്കും. അതിനുശേഷം റുസ്തമിനെ യസ്ദജർ വിളിപ്പിച്ചു. അയാൾ ഒഴികഴിവുണ്ടാക്കി യുദ്ധത്തിൽ പങ്കെടുക്കുന്നതിൽനിന്ന് വിട്ടുനിന്നു. റുസ്തം രക്ഷപ്പെട്ടുകൊണ്ടിരുന്നു. എന്നിട്ടു തന്റെ സ്ഥാനത്ത് ജാലീനൂസിനെ സൈന്യത്തല

വനാക്കാൻ അഭിപ്രായം നല്കി. എന്നാൽ, റുസ്തമിന്റെ അടവുകളൊന്നും രാജാവിന്റെ മുമ്പിൽ വിലപ്പോയില്ല. അവസാനം അയാൾക്ക് സൈന്യവുമായി പോകേണ്ടിവന്നു.

റുസ്തമിനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ ബുദ്ധിമാന്മാരും ധീരരുമായ ആളുകളെ അയക്കണമെന്ന് ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് സഅ്ദിന് കത്തെഴുതി. അനാവശ്യമായി യുദ്ധം ചെയ്യരുത്. മറിച്ച് ശത്രുവിനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കേണ്ടതാണ്. ഈ ക്ഷണം അവരുടെ അപമാനത്തിനും നമ്മുടെ വിജയത്തിനും വഴിയൊരുക്കുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. താങ്കൾ എനിക്ക് ദിവസവും കത്തെഴുതിക്കൊണ്ടിരിക്കുക. അതിനുശേഷം ഹദ്റത്ത് സഅ്ദ് 13 പ്രമുഖരെ തിരഞ്ഞെടുത്ത് ഇറാനിലെ ദർബാറിലേക്ക് അംബാസിഡർമാരായി, ഇറാനിലെ ഭരണാധികാരി യസ്ദജറിന് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ അയച്ചു. മുസ്‌ലിമീങ്ങൾ കുതിരപ്പുറത്തായിരുന്നു സഞ്ചരിച്ചിരുന്നത്. അവരുടെമേൽ പുതപ്പും കൈയിൽ ചാട്ടവാറുമുണ്ടായിരുന്നു. ആദ്യം നുഅ്മാൻ ബിൻ മുഖർന് രാജാവിനോടു സംസാരിച്ചു. അതിനുശേഷം മുഗീറ ബിൻ സുറാറ. മുഗീറ രാജാവിനോടു പറഞ്ഞു: 'നിങ്ങളുമായി ഒന്നുകിൽ യുദ്ധമുണ്ടാകും അല്ലെങ്കിൽ നിങ്ങൾ കപ്പം നല്കേണ്ടിവരും. ഇപ്പോൾ ഞങ്ങളുടെ വാക്ക് സ്വീകരിച്ച് ജിസ്‌യയ്ക്കു പണം നല്കുകയോ യുദ്ധത്തിനു തയ്യാറാകുകയോ ഏതുവേണമെങ്കിലും നിങ്ങൾക്കു തീരുമാനിക്കാം. മൂന്നാമത്തെ കാര്യവുമുണ്ട്. നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചാൽ എല്ലാത്തിൽനിന്നും നിങ്ങൾ സ്വയം രക്ഷപ്പെടുന്നതാണ്. ഇതിനെക്കുറിച്ച് യസ്ദജർ പറഞ്ഞു: "ദൂതന്മാരെ വധിക്കുന്നത് വിലക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളെ എല്ലാവരേയും വധിച്ചു കളയുമായിരുന്നു. എന്റെ പക്കൽ നിങ്ങൾക്കുതരാൻ ഒന്നുമില്ല. ഇവിടെ നിന്ന് സ്ഥലം കാലിയാക്കിക്കൊള്ളുക.'' എന്നിട്ട് അയാൾ മണ്ണുനിറച്ച ഒരു പാത്രം വരുത്തിച്ചുകൊണ്ട് പറഞ്ഞു: 'ഇതാ! എന്റെ ഭാഗത്തുനിന്ന് ഇതു കൊണ്ടുപൊയ്ക്കൊള്ളുക. ഈ ദൂതന്മാരെ മദാഇനിന്റെ കവാടത്തിനു പുറത്താക്കാൻ കല്പന നല്കി. ആസിം ബിൻ അംറ് ആ മണ്ണു സ്വീകരിച്ചു. അത് ഹദ്റത്ത് സഅ്ദിന് നല്കിക്കൊണ്ടു പറഞ്ഞു, അല്ലാഹു നമുക്ക് ഈ ഭൂമിയുടെ താക്കോൽ നല്കിയിരിക്കുന്നു. ഈ സംഭവത്തിനുശേഷം ഇരു ഭാഗത്തുനിന്നും മാസങ്ങളോളം മൗനമായിരുന്നു. റുസ്തം തന്റെ സൈന്യത്തോടൊപ്പം സാബാത്തിൽ തുടർന്നു. യസ്ദജർദിന്റെ നിർബന്ധത്തിനു വഴങ്ങാതെ യുദ്ധത്തിൽനിന്ന് മുഖം തിരിച്ച് കൊണ്ടിരുന്നു. ഞങ്ങളെ സംരക്ഷിക്കുക ഇല്ലെങ്കിൽ ഞങ്ങൾ അറബികളെ അനുസരിക്കുന്നവരായിമാറും എന്ന് യസ്ദജർദിനോടു പറഞ്ഞു. ജനങ്ങൾ പറഞ്ഞു:അതിനാൽ നിർബന്ധിതനായി റുസ്തമിന് യുദ്ധത്തിനു പുറപ്പെടേണ്ടിവന്നു. ഇറാൻ സൈന്യം സാബാത്തിൽനിന്ന് പുറപ്പെട്ട് ഖാദിസിയായിലെ മൈതാനത്ത് തമ്പടിച്ചു. സാബാത്തിൽ നിന്നു റുസ്തം പുറപ്പെടമ്പോൾ അദ്ദേഹത്തിന്റെ സൈന്യത്തിൽ ഒരുലക്ഷത്തി മുപ്പതിനായിരം പേരുണ്ടായിരുന്നു. മുപ്പത്തിമൂന്ന് ആനകളും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. റുസ്തം മദാഇനിൽനിന്ന് ഖാദിസിയായിലെത്താൻ നാലു മാസമാണ് എടുത്തത്. ഖാദിസിയായിൽ എത്തിയതിനു ശേഷം അടുത്ത ദിവസം രാവിലെത്തന്നെ ഇസ്‌ലാമിക സൈന്യത്തിനെ നിരീക്ഷിക്കാൻ തുടങ്ങി. മുസ്‌ലിമീങ്ങളോടു സന്ധിക്ക് തയ്യാറാകാനും തിരിച്ചുപോകാനും നിർദേശം നല്കി. ഇതിനു മറുപടിയായി മുസ്‌ലിമീങ്ങൾ പറഞ്ഞത് ഞങ്ങൾ ഭൗതികത ആഗ്രഹിച്ചുകൊണ്ടല്ല വന്നത്. മറിച്ച് ഞങ്ങളുടെ ലക്ഷ്യം പരലോകമാണ് എന്നായിരുന്നു! ചർച്ച ചെയ്യാൻ മുസ്‌ലിമീങ്ങളിൽനിന്ന് ദൂതന്മാരോടു തന്റെ ദർബാറിലേക്ക് വരാൻ റുസ്തം ആവശ്യപ്പെട്ടു. റുസ്തമിന്റെ ദർബാറിൽ മഹത്തരവും വിലപിടിപ്പുമുള്ള പരവതാനി വിരിച്ചു. വളരെ നല്ല രീതിയിൽ അലങ്കരിച്ചു. റുസ്തമിനുവേണ്ടി സ്വർണത്തിന്റെ സിംഹാസനം തയ്യാറാക്കി. അതിൽ നല്ല വിരിപ്പും സ്വർണത്തിന്റെ നൂലുകൊണ്ട് തയ്യാറാക്കിയ തലയിണയുംകൊണ്ട് അലങ്കരിച്ചു. മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് ആദ്യം റബീഅ് ബിൻ ആമിർ പോയി തന്റെ വാൾ കുത്തിപ്പിടിച്ച് പതിയെ റുസ്തമിന്റെ അടുത്തേക്ക് നടന്നു. അങ്ങനെ നടന്ന കാരണത്താൽ പരവതാനി കീറിത്തുടങ്ങി.

റുസ്തമിനുമുമ്പിൽ ഹദ്റത്ത് റബീഅ മൂന്നു കാര്യം വെച്ചു. നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുക. ഞങ്ങൾ നിങ്ങളെ പിന്തുടരുന്നത് നിറുത്തുന്നതായിരിക്കും. അങ്ങനെയെങ്കിൽ നിങ്ങളുടെ രാജ്യവുമായി ഞങ്ങൾക്ക് ഒരു താൽപര്യവുമില്ലായിരിക്കും. രാജ്യത്തെ നിങ്ങൾ നയിക്കുക. ഞങ്ങൾക്ക് ജിസ്‌യ നല്കുക. അതുവഴി ഞങ്ങൾ നിങ്ങളെ സംരക്ഷിക്കുന്നതാണ്. ഈയൊരു വ്യവസ്ഥിതിക്കും നിങ്ങൾ തയ്യാറല്ലെങ്കിൽ നാലാമത്തെ ദിവസം യുദ്ധം തുടങ്ങുന്നതാണ്. ഈ മൂന്നു ദിവസത്തിൽ ഞങ്ങളുടെ പക്ഷത്തുനിന്ന് യുദ്ധം തുടങ്ങുന്നതല്ല. എന്നാൽ, നിങ്ങൾ യുദ്ധത്തിന് തുടക്കം കുറിച്ചാൽ ഞങ്ങൾ യുദ്ധത്തിലേർപെടാൻ നിർബന്ധിതരാകും. അടുത്ത ദിവസം ഹദ്റത്ത് സഅ്ദ്, ഹുദയ്ഫാ ബിൻ മുഹ്സിനെ അയച്ചു. അദ്ദേഹവും റബീഅ്നെ പോലെ മൂന്നു കാര്യങ്ങളും ആവർത്തിച്ചു പറഞ്ഞു. മൂന്നാം ദിനം ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബയാണ് പോയത്. അദ്ദേഹം തന്റെ സംഭാഷണത്തിന്റെ അവസാനം തന്റെ മുമ്പേപോയ രണ്ടു സുഹൃത്തുക്കളെപ്പോലെ ഇസ്‌ലാം ജിസ്‌യ, യുദ്ധം എന്നിവ ആവർത്തിച്ചു പരാമർശിച്ചപ്പോൾ അങ്ങനെയെങ്കിൽ തീർച്ചയായും നിങ്ങൾ മരണപ്പെടുന്നതാണെന്ന് റുസ്തം മറുപടി പറഞ്ഞു. ഹദ്റത്ത് മുഗീറ(റ)ഇതിനു മറുപടിയായി 'ഞങ്ങളിൽനിന്ന് വധിക്കപ്പെടുന്നവർ സ്വർഗത്തിലേക്കും നിങ്ങളിൽനിന്ന് വധിക്കപ്പെടുന്നവർ നരകത്തിലേക്കും പോകുമെന്നും ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർ നിങ്ങൾക്കെതിരിൽ വിജയിക്കുന്നതായിരിക്കുമെന്നും പറഞ്ഞു.' ഹദ്റത്ത് മുഗീറയുടെ ഈ വാക്കുകൾ കേട്ട് റുസ്തം വളരെ രോഷാകുലനായി ശപഥം ചെയ്തു പറഞ്ഞു: 'സൂര്യനെക്കൊണ്ടു സത്യം. നാളെ പകൽ പൂർണമാകുന്നതിനു മുമ്പേ ഞങ്ങൾ നിങ്ങളെല്ലാവരേയും വാളിന്നിരയാക്കുന്നതായിരിക്കും.'

ഹദ്റത്ത് മുഗീറയ്ക്കുശേഷവും ഹദ്റത്ത് സഅ്ദ് ചില മാന്യ മുസ്‌ലിമീങ്ങളെ റുസ്തമിന്റെ ദർബാറിലേക്ക് അയക്കുകയുണ്ടായി. അവർ വൈകിട്ട് തിരികെ വന്നു. ഹദ്റത്ത് സഅ്ദ് മുസ്‌ലിമീങ്ങളോടു യുദ്ധം നിറുത്തിവെക്കാൻ കല്പിച്ചു. എന്നിട്ട് ഇറാനികൾക്ക് ഇപ്രകാരം സന്ദേശം അയച്ചു. നദി കടക്കുക നിങ്ങളുടെ ജോലിയാണ്. പാലത്തിനുമേൽ മുസ്‌ലിമീങ്ങളുടെ ആധിപത്യമുണ്ടായിരുന്നു. അതുകൊണ്ട് ഇറാനികൾക്ക് വേറെ ഭാഗത്തുള്ള അതീഖ് നദിയുടെ എല്ലാ ഭാഗത്തും പാലം പണിയേണ്ടതായി വന്നു. റുസ്തം പാലം കടന്നുകൊണ്ടിരിക്കവെ പറഞ്ഞു, 'നാളെ ഞങ്ങൾ മുസ്‌ലിമീങ്ങളെ ഭസ്മീകരിക്കും.' അപ്പോൾ ഒരാൾ പറഞ്ഞു:'അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ!' അവരുടെ കൂട്ടത്തിലുള്ള വ്യക്തിതന്നെയായിരുന്നു അതു പറഞ്ഞത്. ചിലപ്പോൾ അയാൾക്ക് അല്ലാഹുവിലും വിശ്വാസമുണ്ടായിരിക്കാം. അപ്പോൾ റുസ്തം പറഞ്ഞു:'അല്ലാഹു ഇച്ഛിച്ചില്ലെങ്കിൽ കൂടി (നഊദുബില്ലാഹ്) ഞങ്ങൾ അവരെ ധൂളീകരിക്കുന്നതാണ്.' മുസ്‌ലിമീങ്ങൾ അണികൾ ക്രമീകരിച്ചു കഴിഞ്ഞിരുന്നു. സഅ്ദിന്റെ ദേഹത്തു കുരുക്കൾ പൊന്തി. അതിനിടയിൽ അദ്ദേഹം രോഗിയായി. അദ്ദേഹത്തിന് വാതംപിടിപ്പെട്ട കാരണത്താൽ ഇരിക്കാൻപോലും സാധിച്ചിരുന്നില്ല. അദ്ദേഹം എപ്പോഴും കമിഴ്ന്നു കിടക്കുമായിരുന്നു. അദ്ദേഹത്തിന്റെ നെഞ്ചിന്റെ കീഴെ തലയിണ വെച്ചാണ് കിടന്നിരുന്നത്. അതിന്റെ ബലത്താൽ അദ്ദേഹം കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ നിന്ന് അല്ലെങ്കിൽ മരമുകളിൽ കെട്ടിയ തട്ടിൻപുറത്തു കിടന്നു സൈന്യത്തെ നിരീക്ഷിക്കുമായിരുന്നു. ഹദ്റത്ത് സഅ്ദ്(റ), ഖാലിദ് ബിൻ അർഫത്വയെ തന്റെ അസിസ്റ്റന്റാക്കി വെച്ചു. ഹദ്റത്ത് സഅ്ദ് മുസ്‌ലിമീങ്ങളോടു പ്രഭാഷണം നടത്തുകയും അവരെ ജിഹാദു ചെയ്യാൻ പ്രേരിപ്പിക്കുകയും അല്ലാഹുവിന്റെ വിജയവാഗ്ദാനത്തെ ഓർമിപ്പിക്കുകയും ചെയ്തു.

പേർഷ്യൻ സൈന്യം അതീഖ് നദിയുടെ തീരത്തായിരുന്നു. ഈ അതീഖ് നദിയും യൂഫ്രട്ടീസിൽനിന്ന് പുറപ്പെടുന്ന ഒരു നദിയാണ്. മുസ്‌ലിമീങ്ങളുടെ സൈന്യം ഖുദയ്സിന്റെ ഭിത്തിയോടും ഖൻദഖിനോടും ചേർന്നായിരുന്നു. ഖാദിസിയാക്കടുത്തുള്ള ഒരു സ്ഥലമാണ് ഖുദയ്സ്. അത് അതീഖ് നദിയിൽനിന്ന് ഒരു മൈൽ ദൂരത്തായിരുന്നു. ഇറാൻ സൈന്യത്തിൽ 30,000 പേർ ചങ്ങലകളിൽ ബന്ധിതരായിരുന്നു. അവർ പരസ്പരം തങ്ങളെ ചങ്ങല കൊണ്ട് ബന്ധിച്ചിരുന്നു. യുദ്ധത്തിന്നിടയിൽ ഓടിപ്പോകാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്. ഹദ്റത്ത് സഅ്ദ് മുസ്‌ലിമീങ്ങളോടു അൻഫാൽ സൂറത്ത് ഓതാൻ നിർദേശിച്ചു. ആ സൂറത്ത് പാരായണം ചെയ്തപ്പോൾ മുസ്‌ലിമീങ്ങൾക്ക് മനഃശ്ശാന്തി കൈവന്നു. ളുഹ്ർ നമസ്കാരത്തിനുശേഷം മുസ്‌ലിമീങ്ങളുടേയും പേർഷ്യക്കാരുടേയുമിടയിൽ യുദ്ധം തുടങ്ങി. അവർ മുസ്‌ലിമീങ്ങൾക്ക് ഒരുപാട് നഷ്ടംവരുത്തിവെച്ചു. ഹദ്റത്ത് ആസിം, ബനൂ തമീം ഗോത്രത്തിലെ അമ്പെയ്ത്തിൽ പ്രാവീണ്യമുള്ളവരെ വിളിച്ചു. അവരോടു പറഞ്ഞു:ശത്രുക്കളുടെ ആനപ്പുറത്തുള്ളവരെ അമ്പെയ്തു വീഴ്ത്തുക. അതുപോലെ ധൈര്യവാന്മാരായ പടയാളികളോടു പറഞ്ഞു: ആനപ്പുറത്തു കയറി അതിന്റെ മേൽവിരിപ്പിന്റെ കെട്ട് മുറിച്ചിടുക. അങ്ങനെ ഒരു ആനയുംതന്നെ സവാരിക്കാരനും സാധനമുള്ളവനുമായി അവശേഷിച്ചില്ല. സൂര്യാസ്തമയംവരെ യുദ്ധം തുടർന്നു. ആ ദിവസം ബനൂ അസദ് ഗോത്രത്തിലെ 500 മുസ്‌ലിമീങ്ങൾ ശഹീദായി. ആ ദിവസത്തെ 'യൗമു അർമാസ്' എന്നു പറയുന്നു. രണ്ടാം നാൾ രാവിലെ സഅ്ദ് എല്ലാ ശുഹദാക്കളേയും ഖബറടക്കി. പരിക്കേറ്റവരെ പരിചരിക്കുന്നതിന് സ്ത്രീകളെ ഏല്പിച്ചു. ആയിടെ മുസ്‌ലിമീങ്ങൾക്ക് സിറിയായിൽനിന്നും പോശ

കസൈന്യം വന്നു.

ഹദ്റത്ത് ഹാശിം ബിൻ ഉത്ബാ ബിൻ അബീ വഖാസ് ആ പോശക സൈന്യത്തിന്റെ അമീറായിരുന്നു. അതിന്റെ മുൻഭാഗത്ത് ഹദ്റത്ത് ഖഅ്ഖാഅ് ബിൻ അംറ് അമീറായിരുന്നു. ഖഅ്ഖാഅ് വളരെ വേഗം യാത്ര ചെയ്ത് രാവിലെ ഇറാഖിലെ സൈന്യത്തോടു ചേർന്നു. ഖഅ്ഖാഅ് വളരെ സാമർഥ്യത്തോടെ മുൻനിര സൈന്യത്തെ പത്ത് പത്ത് പടയാളികളുടെ സംഘമായി തിരിച്ചു. അവർ അല്പം അകലം പാലിച്ച് നീങ്ങുകയായിരുന്നു. പത്ത് പത്ത് പേരുള്ള ഓരോ വിഭാഗങ്ങളും ഇസ്‌ലാമിക സൈന്യവുമായി ചേരുകയായിരുന്നു. ഓരോ വിഭാഗവും എത്തുമ്പോഴും തക്ബീർ ധ്വനി മുഴക്കുമായിരുന്നു. അതിൽ ഇസ്‌ലാമിക സൈന്യത്തിന് തുടർച്ചയായി പോശക സൈന്യങ്ങൾ ലഭിക്കുന്നതുപോലുള്ള പ്രതീതി ഉളവാക്കി. ഹദ്റത്ത് ഖഅ്ഖാഅ് സ്വയം തന്നെ ആദ്യഭാഗത്ത് ചെന്നു ചേർന്നു. പോയുടൻ മുസ് ലിമീങ്ങൾക്ക് സലാം പറഞ്ഞു. സൈന്യം വരുന്നതിന്റെ സുവാർത്ത അറിയിച്ചു. എന്നിട്ടു പറഞ്ഞു: അല്ലയോ ജനങ്ങളേ! ഞാൻ ചെയ്യുന്നതുതന്നെ നിങ്ങളും ചെയ്യുക. ഇതുപറഞ്ഞ് അദ്ദേഹം മുന്നോട്ടു കുതിക്കുകയും പോരിന് വിളിക്കുകയും ചെയ്തു, അതുകേട്ടപ്പോൾ ബഹ്മൻ ജാദ്‌വിയ യുദ്ധത്തിനു മുന്നോട്ടു വന്നു. ഇരുകൂട്ടരും ശക്തമായി പോരാടി. ഖഅ്ഖാഅ് അദ്ദേഹത്തെ വധിച്ചു. ബഹ്മൻ ജാദ്‌വിയായുടെ വധത്തിലും പോശകസൈന്യത്തിന്റെ വരവിലും മുസ്‌ലിമീങ്ങൾ വളരെ സന്തോഷത്തിലായിരുന്നു. ഹദ്റത്ത് ഖഅ്ഖാഅ് നെ കുറിച്ച് ഹദ്റത്ത് അബൂബക്റിന്റെ ഒരു വചനമുണ്ട്. ഇദ്ദേഹത്തെപ്പോലുള്ള വ്യക്തികളുള്ള സൈന്യത്തെ എതിർക്കുന്നവൻ പരാജയം അർഹിക്കുന്നു. അന്നേ ദിവസം ഇറാനികൾക്ക് ആനകളെക്കൊണ്ട് യുദ്ധം ചെയ്യാനായില്ല. അവയ്ക്കു മേലുള്ള അമ്പാരി തലേന്ന് പൊട്ടിയിരുന്നു. അതുകൊണ്ട് രാവിലെ അവർ അതു ശരിയാക്കുന്നതിൽ വ്യാപൃതരായിരുന്നു. മുസ്‌ലിമീങ്ങൾ മറ്റൊരു അടവു പയറ്റി. ഒട്ടകങ്ങൾക്കു മേൽ പുതപ്പു വിരിച്ചു. അപ്പോൾ ഒട്ടകങ്ങളെ കാണാതായി. അവയുടെ മുകളിൽ തുണി ഇട്ടതിനാൽ അവയുടെ ശരീരവും ഓടുന്നതുമെല്ലാം മറഞ്ഞുപോയി, അവ ആനകളാണെന്ന തോന്നൽ ഉളവാക്കി. ഒട്ടകങ്ങൾ പോകുന്നിടത്തെല്ലാം ഇറാനികളുടെ കുതിരകൾ കഴിഞ്ഞ ദിവസം മുസ്‌ലിമീങ്ങളുടെ കുതിരകൾ വിരണ്ടതുപോലെ വിരണ്ടിരുന്നു. രാവിലെ മുതൽ ഉച്ചവരെ ഇരുകക്ഷികളിലേയും കുതിരസവാരിക്കാർ പോരാടിക്കൊണ്ടിരുന്നു. പകൽ പകുതിയിലധികവും കഴിഞ്ഞപ്പോൾ സാധരണ യുദ്ധത്തിന് തുടക്കം കുറിച്ചു. അത് അർധരാത്രിവരെ തുടർന്നു. ഈ രണ്ടാം ദിവസത്തെ 'യൗമു അഗ്‌വാഥ്' എന്നു പറയുന്നു. ഈ ദിവസം മുസ്‌ലിമീങ്ങളുടെ പേര് നിലനിന്നു. അതായത് അതിൽ മുസ്‌ലിമീങ്ങൾക്ക് വിജയം ലഭിച്ചു. മൂന്നാം ദിവസം രാവിലെ ഇരുസൈന്യങ്ങളും അവരവരുടെ മുന്നണിയിലായിരുന്നു. ആ ദിവസം രക്തരൂക്ഷിതമായ യുദ്ധം നടന്നു. മുസ്‌ലിമീങ്ങളിലെ ശുഹദാക്കളുട എണ്ണം രണ്ടായിരമായിരുന്നു. ഇറാനീ സൈന്യത്തിന്റെ പത്തായിരമാളുകൾ വധിക്കപ്പെട്ടു. മുസ്‌ലിമീങ്ങൾ തങ്ങളുടെ പ്രിയപ്പെട്ടവരെ ഖബറടക്കിക്കൊണ്ടിരുന്നു. മുറിവേറ്റവരെ ശുശ്രൂഷിക്കാൻ സ്ത്രീകളെ ചുമതലപ്പെടുത്തി. വധിക്കപ്പെട്ട ഇറാനികളുടെ ജഡങ്ങൾ മൈതാനത്ത് ചിതറിക്കിടന്നു. ആ രാത്രി ഇറാനികൾ തങ്ങളുടെ ആനകളുടെ അമ്പാരി തുടങ്ങിയവ ശരിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. കാലാൾപ്പട ആനകളുടെ സംരക്ഷണത്തിന് ഒപ്പമുണ്ടായിരുന്നു. എങ്കിലും ഇന്നേദിവസം ആദ്യദിവസത്തെ പോലെ മുസ്‌ലിമീങ്ങൾക്കു നാശമുണ്ടാക്കാൻ അവയ്ക്ക് കഴിഞ്ഞില്ല. ഹദ്റത്ത് സഅ്ദ്, ഹദ്റത്ത് ഖഅ്ഖാഅ്നും ഹദ്റത്ത് ആസ്വിമിനും സന്ദേശമയച്ചു. ഇറാനികളുടെ വെള്ളനാകൾ എന്റെ പിന്നാലെയുണ്ട്. ഹദ്റത്ത് ഖഅ്ഖാഉം ഹദ്റത്ത് ആസ്വിമും ആക്രമിച്ച് അതിന്റെ രണ്ടുകണ്ണുകളിലും കുന്തംകൊണ്ട് കുത്തി. അപ്പോൾ ആന വിരണ്ടു. അതിന്മേലുണ്ടായിരുന്ന സവാരിക്കാരെ താഴെ വീഴ്ത്തി. അതിന്റെ തുമ്പിക്കൈ വെട്ടിമാറ്റുകയും കുന്തംകൊണ്ട് ആക്രമിച്ച് അതിനെ താഴെ വീഴ്ത്തുകയും ചെയ്തു. അപ്പോൾ മറ്റു മുസ്‌ലിമീങ്ങൾ വേറൊരു ആനയുടെ കണ്ണിൽ കുന്തംകൊണ്ടു കുത്തി. അത് ചിലപ്പോൾ ഓടി മുസ്‌ലിം സൈന്യത്തിൽ വരും ചിലപ്പോൾ ഓടി ഇറാനീ സൈന്യത്തിന്റെ ഇടയിൽ ചെല്ലും. അപ്പോൾ കുന്തത്തിന്റെ മുന അതിന്റെ കണ്ണിൽ കൂടുതൽ തറച്ചു കയറാൻ തുടങ്ങി. അവസാനം 'അഹ്റബ്' എന്ന പേരുള്ള ആ ആന അതീഖ് നദിയുടെ ഭാഗത്തേക്കോടി നദയിൽ ചാടി. അതുകണ്ടതും മറ്റു ആനകളും അതിന്റെ പിന്നാലെ ഓടി നദിയിൽ ചാടി. അവ അവയുടെ പുറത്തുണ്ടായിരുന്ന സവാരിക്കാരേയും കൊണ്ട് വെള്ളത്തിൽ മുങ്ങിച്ചത്തു. സന്ധ്യയാകുംവരെ ഈ യുദ്ധം തുടർന്നു. ഇതിന് 'യൗമു അമാസ്' എന്നു പറയുന്നു.

ഇശാ നമസ്കാര ശേഷം വീണ്ടും ഘോര യുദ്ധം തുടങ്ങി. ആ നേരത്ത് വാളുകൾ കൂട്ടിമുട്ടുന്ന ശബ്ദം കേൾക്കാമായിരുന്നുവെന്ന് പറയപ്പെടുന്നു;കൊല്ലന്റെ ആലയിൽ ഇരുമ്പ് മുറിക്കുന്നതുപോലെയുള്ള ശബ്ദം! രാത്രി മുഴുവൻ ഹദ്റത്ത് സഅ്ദും ഉണർന്നിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ സന്നിധിയിൽ ദുആയിൽ മുഴുകുകയായിരുന്നു. അറബികളും അജമികളും ആ രാത്രി നടന്ന അത്തരം സംഭവം ഒരിക്കലും കാണാത്തതായിരുന്നു. നേരം വെളുത്തപ്പോഴും മുസ്‌ലിമീങ്ങളുടെ ആവേശവും വികാരവും ഒരുപോലെ നിലനിന്നു. അവർ വിജയിച്ചിരുന്നു. ഉറക്കമിളച്ചിരുന്നതുകൊണ്ട് ആ രാത്രിക്കുശേഷം പിറ്റേന്നു രാവിലെ എല്ലാ ആളുകളിലും ക്ഷീണമുണ്ടായിരുന്നു. ആ രാത്രിയെ 'ലയ്‌ലത്തുൽ ഹരീർ'എന്നാണ് പറയുന്നത്. ആ പേരുവരാൻ കാരണം എഴുതിയിരിക്കുന്നത് രാത്രി മുസ്‌ലിമീങ്ങൾ പരസ്പരം ഉറക്കെ സംസാരിച്ചിരുന്നില്ല. അവർ അടക്കം പറയുകയാണ് ചെയ്തത്. 'ഹരീർ' എന്നതിന്റെ അർഥവും ഇതുതന്നെയാണ് എഴുതിയിട്ടുള്ളത്. അമ്പെയ്തു വിടുമ്പോൾ എപ്രകാരം വളരെ നേർത്ത ശബ്ദം വില്ലിൽ നിന്നുണ്ടാകുന്നുവോ അല്ലെങ്കിൽ ചക്ക് ആട്ടുമ്പോൾ ചെറിയ ശബ്ദം കേൾക്കുന്നുവോ അതുപോലെ!ത്വബരിയിലും ലയ്‌ലത്തുൽഹരീരിന്റെ പേരിനു കാരണം ഇതുതന്നെയാണ് എഴുതിയിട്ടുള്ളത്. അതായത് മുസ്‌ലിമീങ്ങൾ രാത്രിയുടെ ആരംഭം മുതൽ പകലിന്റെ ആരംഭംവരെ അങ്ങേയറ്റം ധൈര്യത്തോടെ യുദ്ധം ചെയ്തുകൊണ്ടിരുന്നു. അവർ ഉറക്കെ സംസാരിച്ചിരുന്നില്ല. പ്രത്യുത പതുക്കെപ്പതുക്കെയാണ് സംസാരിച്ചിരുന്നത്. അതുകൊണ്ട് ആ രാത്രിയുടെ പേര് 'ലയ്‌ലത്തുൽഹരീർ' എന്ന് പ്രസിദ്ധമായി. എന്തായാലും നാലാം ദിവസം രാവിലെ വീണ്ടും ഉച്ചവരെ യുദ്ധം നടന്നുകൊണ്ടിരുന്നു. ഇറാനികൾ പിന്മാറിക്കൊണ്ടിരുന്നു. ഇതിനുശേഷം റുസ്തമിനുമേൽ ആക്രമണം നടന്നു. അപ്പോൾ അയാൾ അതീഖ് നദിയുടെ ഭാഗത്തേക്കോടി. അയാൾ നദിയിൽ ചാടിയപ്പോൾ ഹിലാൽ എന്നുപേരുള്ള മുസ്‌ലിം ഭടൻ അയാളെ പിടിച്ചു. വലിച്ച് കരയിൽകൊണ്ടുവന്ന് വധിച്ചു. അതിനുശേഷം റുസ്തമിനെ വധിച്ച ആ മുസ്‌ലിം, താൻ റുസ്തമിനെ വധിച്ചിരിക്കുന്നുവെന്ന് വിളംബരം ചെയ്യാൻ തുടങ്ങി. തന്റെ അടുത്ത് വരാനും അദ്ദേഹം ജനങ്ങളോടു പറഞ്ഞു. മുസ്‌ലിമീങ്ങൾ നാലു ഭാഗത്തുനിന്നും വന്ന് അദ്ദേഹത്തെ വളഞ്ഞു. ആകാശം മുട്ടെ തക്ബീർധ്വനികൾ മുഴങ്ങി. റുസ്തം വധിക്കപ്പെട്ടു എന്ന വിളംബരം കേട്ട് പേർഷ്യക്കാർ പിന്തിരിഞ്ഞോടാൻ തുടങ്ങി. പിന്തുടർന്ന് മുസ്‌ലിമീങ്ങൾ അവരെ വധിച്ചു. വലിയൊരു ഭാഗത്തെ തടവിലാക്കുകയും ചെയ്തു. ആ ദിവസത്തെ 'യൗമു ഖാദിസിയ' എന്നു പറയുന്നു. ഹദ്റത്ത് ഉമർ(റ)നിത്യവും നേരം വെളുത്താലുടൻ യുദ്ധമൈതാനത്തു നിന്ന് പുറത്തുവരുന്ന യാത്രക്കാരിൽനിന്ന് യുദ്ധത്തെ കുറിച്ച് ചോദിച്ചറിയാറുണ്ടായിരുന്നു. യുദ്ധത്തിന്റെ സുവാർത്തയുമായിവന്ന സന്ദേശവാഹകൻ പറഞ്ഞു: അല്ലാഹു അന്യാരാധകരെ പരാജയപ്പെടുത്തി. അപ്പോൾ ഹദ്റത്ത് ഉമർ ഓടിപ്പോകുകയായിരുന്നു. വിവരങ്ങൾ കേട്ടുകൊണ്ടുപോകുകയായിരുന്നു. ആ സന്ദേശവാഹകൻ തന്റെ ഒട്ടകത്തിനു മേൽ യാത്ര ചെയ്യുകയുമായിരുന്നു. അദ്ദേഹത്തിന് ഹദ്റത്ത് ഉമറിനെ അറിയുകയില്ലായിരുന്നു. ആ സന്ദേശവാഹകൻ മദീനയിൽ കടക്കുകയും ആളുകൾ ഹദ്റത്ത് ഉമറിനെ

ശേഷം പേജ് 11 ൽ

## ഹദീഥുന്നബ്‌വി(സ):

**'അൽപമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല.**
**മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

## കലാമുൽ ഇമാം

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 64)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 ഒക്ടോബർ 5 ശനിയാഴ്ച

### ഫ്രഞ്ച് അതിഥികളുമായി കൂടിക്കാഴ്ച

06.40-ന് പുരുഷന്മാരുടെ ഹാളിൽ കൂടിക്കാഴ്ചയ്ക്ക് സന്നിഹിതരായിരുന്ന ഫ്രഞ്ച് അതിഥികളുടെ പ്രോഗ്രാമിന് ഹുദൂർ തുടക്കമിട്ടു. അത്വാഉൽഹയ്യ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പ്രോഗ്രാം ആരംഭിച്ചു. തുടർന്ന് ഫ്രഞ്ച് തർജമയും അവതരിപ്പിച്ചു. ശേഷം ഫ്രാൻസ് നാഷണൽ സെക്രട്ടറി ഉമൂറെ ആമ ആസ്വിഫ് ആരിഫ് സാഹിബ് പരിപാടി പരിചയപ്പെടുത്തി.

ട്രൈ ചാറ്റ്യൂ(TrieChateau) നഗരത്തിന്റെ മേയർ മിസ്റ്റർ ഡേവിഡ് (Mr.David) സദസ്സിനെ സംബോധന ചെയ്തു. ട്രൈ ചാറ്റ്യൂ (Trie Chateau) പോലെ ഒരു കൊച്ചു നഗരത്തിലേക്കുള്ള ഖലീഫയുടെ വരവ് വളരെ സന്തോഷം പകരുന്നതും നമുക്ക് ലഭിച്ച ബഹുമതിയുമാണെന്ന് അദ്ദേഹം പറഞ്ഞു. ഈ സമൂഹത്തിന്റെ നന്മയുമായും അഹ്മദിയ്യാ ജമാഅത്തുമായുള്ള ബന്ധവും വർധിക്കണമെങ്കിൽ സമാധാന സന്ദേശം വളരെ സുപ്രധാനമാണ്. കാലാവസ്ഥ മോശമായിരുന്നിട്ടും നിങ്ങൾ ഈ ജൽസയെ ആസ്വദിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വളരെ ആനന്ദം ഉളവാക്കുന്ന പാരീസ് പട്ടണത്തിന് സമീപത്തായാണ് ഈ ജൽസ നടക്കുന്നത്. നിങ്ങൾ നമ്മെ തിരിച്ചറിയുമെന്നും നിങ്ങളെ പരിചയപ്പെടുത്തുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഈ ചടങ്ങിൽ പങ്കെടുക്കാൻ വന്ന നിങ്ങൾക്കെല്ലാവർക്കും വിശിഷ്യ ഖലീഫക്കും ഞാൻ നന്ദി പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും നന്ദി.

തുടർന്ന് ഡോക്ടർ അന്നെലൈസ് ഡെഫായിക്സ് സാഹിബ (Annelise Defaix) സദസ്സിനെ അഭിമുഖീകരിച്ചു. പാരീസ് യൂണിവേഴ്സിറ്റിയുമായി ബന്ധമുള്ള മിസിസ് അന്നെലൈസ് സൗത്ത് ഏഷ്യൻ ഡിപ്പാർട്ട് മെന്റിൽ ജോലി ചെയ്യുന്നു. ഡോക്ടർ അന്നെലൈസ് പറയുന്നു:

സോഷ്യോളജിസ്റ്റ് രംഗത്താണ് ഞാൻ ജോലി ചെയ്യുന്നത്. ന്യൂനപക്ഷീയരായ മുസ്ലിമീങ്ങളെ കുറിച്ച് ഗവേഷണം നടത്തിവരികയാണ്. ഈ അസാധാരണ പരിപാടിയിൽ പങ്കെടുക്കാൻ ക്ഷണിച്ചതിന് നന്ദി അറിയിക്കാൻ ആഗ്രഹിക്കുന്നു.10 വർഷമായി എനിക്ക് അഹ്മദികളെ അറിയാം. ഏറ്റവുമദ്യമായി ഞാൻ അഹ്മദികളെ കാണുന്നത് എതിർപ്പ് നേരിട്ടുവരുന്ന ഇന്തൊനേഷ്യയിലാണ്. അവരിൽ ഞാൻ വളരെ ആകൃഷ്ടയായി. തുടർന്ന് കമ്പോഡിയായിലും ഞാൻ അഹ്മദികളെ കണ്ടിട്ടുണ്ട്. സെന്റ് പ്രിക്സിലും(Sant Prix) മൂന്ന് വർഷമായി ഞാൻ അഹ്മദികളെ കാണാറുണ്ട്. മതപരമായി ന്യൂനപക്ഷീയരായവരുടെ അറ്റ്ലസിൽ (atlas) അഹ്മദികളെ കുറിച്ച് ഒരു കാര്യം എഴുതപ്പെട്ടിരിക്കുന്നു. ഈ സമയത്ത് നമ്മുടെ നാട് മുസ്ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കഠിനമായ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിന്നുള്ള ഉദാഹരണം മുമ്പേയൊരിക്കലും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഖലീഫ നല്കിയ സന്ദേശം നമ്മുടെ ഹൃദയങ്ങൾക്ക് ശാന്തി പകരുന്നതിന് കാരണമായി. അത് ഈ അന്ധകാര കാലഘട്ടത്തിലൂടെ കടന്നു പോകുന്ന നമ്മുടെയുള്ളിൽ ഒരു ആവേശം സൃഷ്ടിക്കുന്നു. ഫ്രാൻസിൽ ഇസ്ലാമോഫോബിയ വളരെ വ്യാപകമായിരിക്കുന്നു. എന്നാൽ, ശാന്തിയും സ്നേഹവും ഒരിക്കലും വേർപെടുക സാധ്യമല്ല. അസ്സലാമു അലയ്ക്കും.

ആഫ്രിക്കൻ സ്റ്റഡീസ് ഇൻചാർജ് ജോന്നാസ് ഗുട്ടൺബെർഗ്(Jonnas Gutenberg) യൂണിവേഴ്സിറ്റിയിൽ ആന്ത്രോപോളജിസ്റ്റായി ജോലി ചെയ്തു വരുന്ന ലാംങ്വിഷ് കത്രീനെ(Langewish Katrine)സദസ്സിന അഭിമുഖീകരിച്ചു: വെസ്റ്റ് ആഫ്രിക്ക രാഷ്ട്രമായ ബുർക്കിനാ ഫാസോ(Burkina Faso)യിൽ സ്ഥിതി ചെയ്യുന്ന ഒരു ഹോസ്പിറ്റലിൽ വെച്ചാണ് ഞാനാദ്യം അഹ്മദിയ്യാ ജമാഅത്തിനെ കാണുന്നത്. ശേഷം ഈ ജമാഅത്തുമായുള്ള ബന്ധം ഞാൻ തുടർന്നു പോന്നു. ഫ്രാൻസ്, ജർമനി, തുടങ്ങി ഇതര രാജ്യങ്ങളിലും ഈ ജമാഅത്തിനെ ഞാൻ കണ്ടു. ആന്ത്രോപോളജിസ്റ്റ്(Anthropologist) എന്ന നിലയിൽ ജമാഅത്തിന്റെ സേവനപദ്ധതികളെക്കുറിച്ച് വിശേഷിച്ചും ഹ്യുമാനിറ്റി ഫസ്റ്റിനെക്കുറിച്ച് ഞാൻ താൽപര്യം എടുക്കാറുണ്ട്. ഈ ജമാഅത്തിന്റെ ആത്മീയതയിലേക്കുള്ള അന്വേഷണത്തിനൊപ്പവും സേവന കാര്യങ്ങൾക്കും ഒപ്പം ചലിക്കുക എന്നത് വളരെ ഉന്നതമായ കാര്യമാണ്. അതുകൊണ്ട് ഖലീഫയുടെ സാന്നിധ്യത്തിൽ ഈ ജൽസയിൽ പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ബുർക്കിനാ ഫാസോ(Burkina Faso)യിൽ പ്രസിദ്ധീകരിച്ച എന്റെ ഒരു ഗ്രന്ഥം ഒരുപക്ഷേ, നിങ്ങൾക്ക് വളരെ നല്ലതായി തോന്നും. അതിലെ ഒരു അധ്യായം തന്നെ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചാണ്.

തുടർന്ന് 06.53-ന് ഹുദൂർ സദസ്സിനെ അഭിമുഖീകരിച്ചു. ഇംഗ്ളീഷ് ഭാഷയിലാണ് ഹുദൂർ പ്രഭാഷണം നിർവഹിച്ചത്.

### ഹുദൂറിന്റെ പ്രഭാഷണം

തശഹ്ഹുദ്, തഅവ്വുദ് തസ്മിയ ഓതിയതിന്നു ശേഷം ഹുദൂർ പറഞ്ഞു: നിങ്ങളെല്ലാവരുടേയും മേൽ അല്ലാഹുവിന്റെ കാരുണ്യവും സമാധാനവും ഉണ്ടാകുമാറാകട്ടെ. ഒരു മുസ്ലിം സമൂഹത്തിന്റെ ഭാഗത്തുനിന്നു സംഘടിപ്പിക്കപ്പെട്ട തികച്ചും മതപരമായ ഒരു പരിപാടിയിൽ സംബന്ധിക്കാനെത്തിയ എല്ലാ അതിഥികൾക്കും ഞാനാദ്യം നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇക്കഴിഞ്ഞ കുറേ വർഷങ്ങളായി ചില നാമമാത്ര മുസ്ലിം വിഭാഗങ്ങളുടെ മൃഗീയവും തരംതാണതുമായ അക്രമപ്രവർത്തനങ്ങളാൽ ഫ്രാൻസ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ സീമാതീതമായ ദുഃഖവും ബുദ്ധിമുട്ടുകളും ഉണ്ടാകാനൻ കാരണമായിരിക്കുന്നു. ഇത്തരത്തിലുള്ള ആക്രമണങ്ങളെ ശക്തിമത്തായ രൂപത്തിൽ അപലപിക്കുക എന്നത് മാത്രമേ സാധിക്കുകയുള്ളൂ. നമ്മുടെ പ്രാർഥനകളും അനുകമ്പയും എന്നും അക്രമങ്ങൾക്കും മർദനങ്ങൾക്കും വിധേയരാകുന്ന ജനതയോടൊപ്പം ഉണ്ടായിരിക്കും.

ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾക്ക് ഭീകരവാദവുമായി ഒരു ബന്ധവുമില്ല, എന്നല്ല, ഇസ്ലാം ശാന്തിയുടേയും സ്നേഹത്തിന്റേയും ക്ഷമയുടേയും മതമാണ്. ഇസ്ലാം എന്ന പദത്തിന്റെ അർഥംതന്നെ സമാധാനവും ശാന്തിയും എന്നാണ്. അതുകൊണ്ട് ഒരു യഥാർഥ മുസ്ലിം സ്വയം പൂർണ സമാധാനത്തിലും ലോകത്ത് ശാന്തി നിലനിറുത്താനുള്ള ശ്രമത്തിലും നിലകൊള്ളുന്നതാണ്. മുസ്ലിമീങ്ങൾക്ക് അടിസ്ഥാന നിലയിൽത്തന്നെ ഇതേ അധ്യാപനമാണ് നല്കപ്പെട്ടിരിക്കുന്നത്. മുസ്ലിം ആണെങ്കിലും അല്ലെങ്കിലും മറ്റുള്ളവർക്ക് അസ്സലാമു അലയ്ക്കും എന്ന് പറയണമെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഇതിന്റെ അർഥം നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ എന്നാണ്. പരസ്പരം കണ്ടുമുട്ടുമ്പോഴുള്ള ഈ രീതി നന്മ കാംക്ഷിക്കുന്നതിന്റെ അടയാളമാണ്. ഇത് മറ്റുളളവർക്ക് ശാന്തിയും സമാധാനവും നേരുന്ന സന്ദേശമാണ്. എന്നല്ല, പല അമുസ്ലിം വ്യക്തികളും തങ്ങളുടെ മുസ്ലിം സ്നേഹിതന്മാർക്കും പരിചയക്കാർക്കും ഇസ്ലാമിക രീതി അവലംബിച്ചുകൊണ്ട് സലാം പറഞ്ഞ് കണ്ടു മുട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ മതം ഓരോരുത്തർക്കും ശാന്തി സമാധാനം ആശംസിക്കണം എന്ന് ഊന്നിപ്പറയുകയും അതിനോടൊപ്പംതന്നെ ജനങ്ങളെ എതിർത്തുകൊണ്ട് അവരുടെ അവകാശങ്ങൾ കവർന്നെടുക്കണമെന്നും അവർക്കെതിരിൽ കോപാകുലരായി ആയുധമെടുക്കണമെന്നും മറ്റും പറയുകയും ചെയ്യുക സാധ്യമാണോ? ഇസ്ലാമിക അധ്യാപനങ്ങളിൽ ഇത്രവലിയ വൈരുധ്യം നിലനില്ക്കുകയെന്നത് സാധ്യമാണോ? അതുകൊണ്ട് എല്ലാത്തരം തീവ്രവാദവും അതിക്രമവും അന്യായവും ഇസ്ലാമിക അധ്യാപങ്ങൾക്ക് ഘടകവിരുദ്ധമാണെന്ന കാര്യം നിങ്ങൾക്ക് വ്യക്തമായി കാണുമല്ലോ.

ഇസ്ലാമിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നതിന് ഇസ്ലാം മതസ്ഥാപകർ മുഹമ്മദു മുസ്തഫാ(സ) യുടെ ജീവിത കാലത്തെ കുറിച്ച് അഗാധമായി പഠിക്കൽ അനിവാര്യമാണ്. അല്ലാഹുവിൽ നിന്നുള്ള നബിയാണ് താനെന്ന വാദം പുറപ്പെടുവിച്ചപ്പോൾ അതികഠിനവും നീഷ്ഠൂരവുമായ അതിക്രമങ്ങൾക്ക് അദ്ദേഹവും അദ്ദേഹത്തിന്റെ ശിഷ്യരും വിധേയരായി. ആരംഭകാല മുസ്ലിമീങ്ങളിൽ ഏതാനും ചിലർ മാത്രമേ ആദരണീയരും സമ്പന്നരുമായ കുടുംബങ്ങളിൽപെട്ടവരായി ഉണ്ടായിരുന്നുള്ളു. ഭൂരിപക്ഷവും പാവപ്പെട്ടവരും അടിമകളുമായിരുന്നു. മക്കയിലെ നിഷേധികൾ അവരെ ഭയപ്പെടുത്തുവാനും ഭീഷണിപ്പെടുത്തുവാനുംവേണ്ടി അതിനിഷ്ഠൂരമായ ആക്രമണങ്ങൾ അഴിച്ചു വിട്ടിരുന്നു. എന്നാൽ, നബി( സ) തിരുമേനി അതിമഹത്തായ ക്ഷമയും സ്ഥൈര്യവും കാണിച്ചുകൊണ്ട് മനുഷ്യത്വവിരുദ്ധവും നിർദയവുമായ ഈ അനീതികളെ സഹിച്ചു പോന്നു. തന്റെ അനുചരന്മാർക്കും ഇതേ ഉപദേശം നല്കി. ഉദാഹരണമായി, ഒരവസരത്തിൽ നബി(സ)തിരുമേനി ഒരു മുസ്ലിം ദമ്പതികളെ കണ്ടു. നിഷേധികൾ അവരെ മർദിക്കുകയും ദ്രോഹിക്കുകയും ചെയ്തിരുന്നു. നിർദയമായ ഈ അതിക്രമങ്ങൾക്കും മൃഗീയതയ്ക്കും ശേഷവും നബി(സ)തിരുമേനി അവരോട് ക്ഷമ പുലർത്താനും സ്ഥൈര്യം അവലംബിക്കാനും പറഞ്ഞു. പകരംവീട്ടാൻ പറഞ്ഞില്ലെന്ന് മാത്രമല്ല, അവരെ നേരിടാൻ മറ്റു മുസ്ലിമീങ്ങളെ വിളിക്കുകയും ഉണ്ടായില്ല. ജീവൻതന്നെ പോയാലും തികച്ചും ശാന്തരായി ഇരിക്കാനാണ് ആ മഹാത്മാവ് അവരോട് ആഹ്വാനം ചെയ്തത്. ഇതിന്റെ പ്രതിഫലം പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുമ്പോൾ ലഭിക്കുമെന്നും അദ്ദേഹം അവർക്ക് ഉറപ്പു നല്കി.

ആദരണീയരായ നബി(സ)തിരുമേനിയും അദ്ദേഹത്തിന്റെ അനുചരന്മാരും പല വർഷം ഈ മർദനങ്ങൾ ക്ഷമിച്ചുപോന്നു. ഒടുവിൽ പൂർണ സ്വാതന്ത്ര്യത്തോടെ സ്വന്തം മതവിധികളനുസരിച്ച് പ്രവർത്തിക്കാനും സമാധാന പൂരിതമായ ജീവിതം നയിക്കാനും വേണ്ടി അവർ നാടുവിട്ട് മദീനയിലേക്ക് പോയി. എന്നാൽ, നാടുവിട്ട് അധികം കാലമാകുന്നതിനുമുമ്പേ മക്കയിലെ നിഷേധികൾ അവരെ പിന്തുടർന്നു പുതിയ നാട്ടിലുമെത്തി. അവിടേയും മുസ്ലിമീങ്ങൾക്കെതിരിൽ യുദ്ധം ആരംഭിച്ചു. അപ്പോഴാണ് ആദ്യമായി അല്ലാഹു അതിനെ പ്രതിരോധിക്കാൻ മുസ്ലിമീങ്ങൾക്ക് അനുവാദം നല്കിയത്. വിശുദ്ധ ഖുർആനിലെ അൽഹജ്ജ് എന്ന അധ്യായത്തിലെ 41-ാം വചനത്തിൽ ഈ അനുവാദത്തെ കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു. ഇതിൽ അല്ലാഹു പറയുന്നത്, ജനങ്ങളുടെ ഭാഗത്തുനിന്ന് മുസ്ലിമീങ്ങളുടെ മേൽ അതിക്രമം നടക്കുമ്പോൾ ഇവർ കേവലം ഇസ്ലാമിനെ അല്ല, പ്രത്യുത മതത്തെതന്നെയും ഭൂമിയിൽ നിന്നു തുടച്ചു നീക്കാനാഗ്രഹിക്കുകയാണ് ചെയ്യുന്നത്. ഇക്കാരണത്താലാണ് പ്രതിരോധ യുദ്ധം ചെയ്യാൻ അനുവാദം നല്കപ്പെടുന്നത്. പ്രതിരോധിക്കാൻ മുസ്ലിമീങ്ങൾക്ക് അനുവാദം നല്കാതിരുന്നിരുന്നെങ്കിൽ ചർച്ചും അമ്പലവും പള്ളിയും തുടങ്ങി ഒരു മതാരാധനാലയവും സുരക്ഷിതമാകുമായിരുന്നില്ല.

അതുകൊണ്ട്, നബി(സ) തിരുമേനിയും അദ്ദേഹത്തിന്റെ അനുയായികളും നിർബന്ധിതരായി യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ അത് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടിയായിരുന്നു. ക്രൈസ്തവ ജനതയുടേയും യഹൂദ ജനതയുടേയും ഹൈന്ദവ ജനതയുടേയും മുസ്ലിമീങ്ങളുടേയും മറ്റു മതാനുയായികളുടേയും വിശ്വാസികളുടേയും അവരവരുടെ വിശ്വാസത്തിനനുസരിച്ചും തൃപ്തിക്കനുസരിച്ചും ആരാധന നിർവഹിക്കാനുള്ള അവകാശം പ്രാപ്തമാകുന്നത് ഉറപ്പുവരുത്താൻ വേണ്ടിയായിരുന്നു.

സ്വന്തം അധ്യാപനങ്ങൾ നിർബന്ധപൂർവം പ്രചരിപ്പിക്കാനും രാഷ്ട്രങ്ങൾ പിടിച്ചടക്കാനും മറ്റു മതങ്ങളെ തുടച്ചു നീക്കാനും ഇസ്ലാം അനുവാദം നല്കുന്നുവെന്ന ആക്ഷേപം ശരിയാണെങ്കിൽപ്പിന്നെ മറ്റു മതങ്ങൾ സംരക്ഷിക്കലും മറ്റു മതക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കലും മുസ്ലിമീങ്ങളുടെ മതപരമായ നിർബന്ധ കടമയാണെന്ന് വിശുദ്ധ ഖുർആൻ എന്തിന് ഇത്രയധികം തുറന്നു പ്രഖ്യാപിക്കണം. വ്യക്തിപരവും മതപരവുമായ സ്വാതന്ത്ര്യത്തിന്റെ സ്ഥായിയായ തത്ത്വങ്ങളെ സ്ഥാപിക്കുന്നതിനുവേണ്ടി ആരംഭകാല മുസ്ലിമീങ്ങൾ അവരുടെ ജീവൻവരെ ത്യാഗം ചെയ്തു. ഇസ്ലാമിക വിശ്വാസത്തിന്റെ അടിത്തറയാണ് ഈ സ്വാതന്ത്ര്യങ്ങൾ. വിശുദ്ധ ഖുർആനിൽ ഇത് സ്ഥായിയായി സുരക്ഷിതമായിരിക്കുന്നു. വിശുദ്ധ ഖുർആനിലെ ബഖറ എന്ന അധ്യായത്തിലെ 257-ാം വചനത്തിൽ ഖണ്ഡിതമായ നിലയിൽ വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു: 'മതത്തിൽ ഒരുവിധ ബലാൽക്കാരവുമില്ല.'

ഇത് സ്വതന്ത്ര ചിന്ത പുലർത്തുന്നതിനും മതസ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും പ്രകാശം നല്കുന്ന വളരെ വലിയ തുറന്ന പ്രഖ്യാപനമാണ്. ഇതിൽ ഒരു തരത്തിലുമുള്ള അവ്യക്തതയും ഇല്ലതന്നെ.

ഇസ്ലാം മതസ്ഥാപകരുടേയോ സച്ചരിതരായ ഖലീഫമാരുടേയോ കാലഘട്ടത്തിൽ അമുസ്ലിം വ്യക്തികളുടെ ഒരു അവകാശവും ഹനിക്കപ്പെട്ടിട്ടില്ല. ഇസ്ലാം സ്വീക

രിക്കുന്നതിന് അവരെ നിർബന്ധിച്ചിട്ടുമില്ല. തങ്ങളുടെ ആചാരനുഷ്ഠാനങ്ങളെ ഉപേക്ഷിക്കാനും അവരുടെമേൽ നിർബന്ധം ചെലുത്തിയിട്ടില്ല. നബി(സ)തിരുമേനി തന്റെ ജീവിതമാസകലം സമാധാനത്തിനും മതങ്ങൾക്കിടയിലുള്ള ചർച്ചകൾക്കും വിവിധ ജനതകൾക്കിടയിൽ സഹവർത്തിത്വവും പ്രത്യക്ഷമായ ആദരവും മര്യാദയും ഉണ്ടാകണമെന്ന് ആഗ്രഹിച്ച വ്യക്തിയാണ്. ഉദാഹരണമായി, മദീനയിലേക്കുള്ള പലായനത്തിനു ശേഷം നബി(സ) തിരുമേനി യഹൂദരുമായി ഒരു കരാറുണ്ടാക്കി. അതിന് കീഴിൽ ഒരു സംയുക്ത ഭരണകൂടം സ്ഥാപിതമായി. ഐകകണ്ഠ്യേന ഇസ്‌ലാം മതസ്ഥാപകരെ ഭരണകൂടത്തിന്റെ നേതാവായി തിരഞ്ഞെടുത്തു. ഈ കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച്, മുസ്‌ലിമീങ്ങളും യഹൂദരും ഭരണകൂടത്തോട് സഹകരിക്കണമെന്നും കൂറുള്ള പൗരന്മാരായി തീരണമെന്നും പ്രതിജ്ഞ എടുക്കപ്പെട്ടു. ഓരോരുത്തർക്കും അവരവരുടെ മതവും വിശ്വാസവും ഒരു ഭയവും കഷ്ടവും നിർബന്ധവും കൂടാതെ നടപ്പിൽ വരുത്താനുള്ള അവകാശവും ഇതു പ്രകാരം നല്കപ്പെട്ടു. നബി(സ)തിരുമേനി ഒരിക്കലും ഈ കരാർ ലംഘിച്ചിട്ടില്ല. എന്നാൽ, മറുഭാഗത്ത് അമുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് വിവിധ അവസരങ്ങളിൽ കരാർ ലംഘനം ഉണ്ടായി. തുടർന്ന് മുമ്പേ നിശ്ചയിച്ച നിയമങ്ങൾക്കനുസരിച്ച് ശിക്ഷ നല്കപ്പെട്ടു.

ശക്തിപ്രയോഗം നടത്തിക്കൊണ്ട് സ്വന്തം വിശ്വാസം വ്യാപിപ്പിക്കാൻ ഇസ്‌ലാം ഒരിക്കലും സ്വന്തം അനുയായികൾക്ക് അനുവാദം നല്കിയിട്ടില്ല. ഒരു മുസ്‌ലിം ഭരണകൂടത്തിനും നേതാവിനും സ്വന്തം നാട്ടിൽ മുസ്‌ലിമീങ്ങൾക്കു മാത്രമേ താമസിക്കാൻ സാധിക്കൂ എന്ന് വിളംബരപ്പെടുത്താൻ ഇസ്‌ലാം അനുവാദം നല്കിയിട്ടില്ല. ഞാൻ സൂചിപ്പിച്ച 'മദീനാ കരാർ' അനുസരിച്ച് ഓരോ ജനതയ്ക്കും അവരവരുടെ ആചാരങ്ങളും വിശ്വാസങ്ങളുമനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. മതപരമോ വിശ്വാസപരമോ ആയ ഒരു വിവേചനവും കൂടാതെ ഓരോരുത്തരും അവരവരുടെ ഉത്തരവാദിത്വം നിർവഹിക്കുന്ന കാര്യത്തിൽ ഒന്നായിരുന്നു. ഭരണകൂടത്തിനോടു കൂറു പുലർത്തുന്ന പൗരന്മാരായി ഓരോരുത്തരും നിലകൊള്ളും. ഈ പ്രവൃത്തിയിൽ നിന്നു വിട്ടുനില്ക്കുന്നവർ സമൂഹത്തിൽ ശാന്തിയും സുരക്ഷിതത്വവും ലഭിച്ചിട്ടില്ലാത്തവരാണ്. ചുരുക്കം ചില മുസ്‌ലിമീങ്ങളുടെ വഴിപിഴച്ചതും മോശവുമായ പ്രവർത്തനങ്ങളുടെ ആരോപണം ഇസ്‌ലാമിന്റെ സമാധാനം കാംക്ഷിക്കുന്ന അധ്യാപനത്തിന്റെ മേൽ കെട്ടി വെക്കുക എന്നത് തികഞ്ഞ അനീതിയാണ്. തീവ്രവാദികളായ ഈ വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും പ്രവർത്തനങ്ങൾ സ്വാർഥ താൽപര്യത്തിലധിഷ്ഠിതമാണ്. ഇതിന്ന് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. തങ്ങളുടെ വെറുപ്പിലധിഷ്ഠിതമായ നീക്കങ്ങളെ ഇവർ ഇസ്‌ലാമിന്റെ പേരിൽ അനുവദനീയമാക്കുകയാണ്. എന്നാൽ, ഇവർ കേവലം വിശുദ്ധ ഖുർആനിന്റേയും ഇസ്‌ലാമത സ്ഥാപകരുടേയും പരിശുദ്ധവും സമാധാനം കാംക്ഷിക്കുന്നതുമായ അധ്യാപനങ്ങളെ അപമാനിക്കുകയാണ് ചെയ്യുന്നത് എന്നതാണ് യാഥാർഥ്യം.

വിശുദ്ധ ഖുർആനിന്റെ ഓരോ പേജും ഈ അധ്യാപനത്താൽ പ്രകാശപൂരിതമാണ്. ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള ഒരു അവസരത്തേയും മുസ്‌ലിമീങ്ങൾ കൈയൊഴിയരുതെന്ന് അത് മുസ്‌ലിമീങ്ങളെ നിർബന്ധിക്കുന്നു. ഉദാഹരണമായി വിശുദ്ധ ഖുർആനിലെ സുഖ്റുഫ് എന്ന അധ്യായത്തിലെ 89, 90 വചനങ്ങളിൽ സൂചിപ്പിച്ച നബി(സ)തിരുമേനിയുടെ വേദനാ നിർഭരമായ പ്രാർഥനയാണത്. സ്നേഹം നിറഞ്ഞതും സത്യസന്ധവുമായ അധ്യാപനമാണ് ജനങ്ങളുടെ മുന്നിൽ സമർപ്പിച്ചതെങ്കിലും അവർ അതിനെ നിരാകരിക്കുകയാണ് എന്നുള്ള പ്രാർഥനയാണത്. ഇവരോട് ക്ഷമ പുലർത്താനും സമാധാന സന്ദേശം വ്യാപിപ്പിക്കാനും അല്ലാഹു ഇതിന്ന് മറുപടി നല്കുന്നു.

'അമൻ' എന്ന പദത്തിന്റെ അർഥം വിശ്വസിക്കുക എന്നും സമാധാനം പരത്തുക എന്നുമാണ്. ഇസ്‌ലാമിന്റെ സമാധാന സന്ദേശം എത്തിക്കാനും ബാക്കി കാര്യങ്ങൾ അല്ലാഹുവിൽ വിട്ടേക്കാനും അല്ലാഹു ഇവിടെ പറയുന്നു. ഈ സന്ദേശത്തെ നിരാകരിക്കുന്നവർക്ക് നിരന്തരം സമാധാന സന്ദേശം നല്കി കൊണ്ടിരിക്കാനുമാണ് അല്ലാഹു നിർദേശിക്കുന്നത്. നിരാകരിക്കുന്നവർക്കെതിരിൽ കുഴപ്പമോ ശക്തിയോ പ്രകടിപ്പിക്കാനുള്ള അധ്യാപനം എവിടേയും വിശുദ്ധ ഖുർആൻ നല്കുന്നില്ല. എന്നു മാത്രമല്ല, ക്ഷമയും സഹനവും പുലർത്താൻ ഉപദേശിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇന്ന് തീവ്രവാദവും ഭ്രാന്തൻ നടപടികളും നടത്തുന്ന നാമമാത്ര മുസ്‌ലിം നേതാക്കളുടേയും ഭരണകൂടത്തിന്റേയും തോളിലാണ് ഈ ആരോപണം ചെന്നു ചേരുന്നത്. ലോകത്തിന്റെ സമാധാനവും സഹവർത്തിത്വവും തകർക്കുന്ന ഇവരുടെ വഞ്ചനാപരവും നിഷിദ്ധവുമായ രീതികളെ ഒരു തരത്തിലും അനുവദിക്കാൻ സാധ്യമല്ല. ഒരു ന്യായീകരണവും ഇതിന്ന് സമർപ്പിക്കാനും പറ്റില്ല.

ഇതു വിഷയകമായുള്ള ഇസ്‌ലാമികാധ്യാപനങ്ങൾ ഖണ്ഡിതമാണ്. ദ്രോഹത്തിലൂടെയും അതിക്രമത്തിലൂടെയും ബലാൽക്കാരമായി ആരെയെങ്കിലും മതംമാറ്റത്തിന് വിധേയമാക്കി ഇതരരുടെ മേൽ വിജയം നേടുക എന്നത് ശക്തമായ നിലയിൽ ഇസ്‌ലാം നിരാകരിക്കുന്നു. സമാധാനത്തിനും സമൂഹത്തിന്റെ സുരക്ഷിതത്വത്തിനും എതിരിൽ നടക്കുന്ന കുഴപ്പം സൃഷ്ടിക്കുന്ന ഏതൊരു പ്രവൃത്തിയും തടയപ്പെട്ടിരിക്കുന്നു. ഓരോ അവസരത്തിലും നബി(സ)തിരുമേനി എളിമയും ബഹുമാനവും പുലർത്തുകയാണ് ചെയ്തിട്ടുള്ളത്. സത്യസന്ധനായ മുസ്‌ലിമിന്റെ നാവിൽനിന്നും കൈയിൽ നിന്നും മറ്റുളളവർ എപ്പോഴും സുരക്ഷിതരായിരിക്കുമെന്നാണ് ആ മഹാത്മാവ് പഠിപ്പിച്ചത്. മുസ്‌ലിമീങ്ങളോടു മാത്രം അനുകമ്പയും കൃപയും കാണിക്കണമെന്ന വിവേചനം അദ്ദേഹം നടത്തിയിട്ടില്ലെന്ന് മാത്രമല്ല, വിശ്വാസപരമായ വ്യത്യാസങ്ങളെ മാറ്റി വെച്ചുകൊണ്ട് സമൂഹത്തിലെ എല്ലാ ജനതയ്ക്കും സുരക്ഷിതത്ത്വം നല്കണമെന്നാണ്. നൈറ്റ് ക്ലബ്ബിലും കൺസേർട്ട് ഹാളിലും സ്റ്റേഡിയത്തിലും ഭ്രാന്തന്മാരെപോലെ ചാവേർ ആക്രമണം നടത്തുകയും പൊതുജനങ്ങളുടെമേൽ വാഹനം ഓടിച്ചു കയറ്റുകയും ചെയ്യുമ്പോൾ അങ്ങേയറ്റം മൃഗീയവും അക്രമപരവുമായ നിലയിൽ ഇസ്‌ലാമികാധ്യാപനങ്ങൾക്കു വിരുദ്ധമായി ഇവർ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്.

അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങളെന്ന നിലയിൽ മതപരമായ സ്വാതന്ത്ര്യത്തെ കൂടാതെ ദൈനംദിന ജീവിതത്തിലെ അടിസ്ഥാന വിഷയങ്ങളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരിക്കുന്നു. ജാതിയുടേയോ വിശ്വാസങ്ങളുടേയോ ഒരു വിവേചനവും കൂടാതെ സമാധാന പൂരിതമായ ഒരു ജീവിതം നയിക്കാൻ സാധിക്കുന്ന അധ്യാപനങ്ങളാണത്. ഉദാഹരണമായി വിശുദ്ധ ഖുർആനിലെ 189-ാം വചനം നീതിയിലധിഷ്ഠിതമായ കച്ചവടത്തെ കുറിച്ച് വിശദമാക്കുന്നു. സാമ്പത്തിക ഇടപാടും പണത്തിന്റെ ക്രയവിക്രയവും നല്ല തീരുമാനത്തിലധിഷ്ഠിതമായിരിക്കണമെന്ന് ശക്തിയുക്തം അത് നിർദേശിക്കുന്നു. വഞ്ചനയിലൂടെ ഒരിക്കലും ധനസമാഹരണം നടത്തരുതെന്നും ഈ വചനത്തിൽ അല്ലാഹു മുസ്‌ലിമീങ്ങളെ ഉപദേശിക്കുന്നു. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ശത്രുതയും വെറുപ്പും വിദ്വേഷവും ഉണ്ടാകാത്ത വിധത്തിൽ വിശ്വാസ്യതയും മറ്റുള്ളവർക്ക് ആശ്രയിക്കാൻ സാധിക്കുന്നതുമായ പ്രകൃതവും സൃഷ്ടിക്കുന്ന അധ്യാപനം അത് നല്കുന്നു.

നീതിപരമല്ലാത്ത കച്ചവടവും മോശമായ നിലയിലുള്ള ഇടപാടുകളും സമൂഹത്തിലെ ഐക്യത്തെ ദുർബലമാക്കുന്ന കാര്യമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. വ്യക്തിപരമായും സാമൂഹികപരമായും നിലനില്ക്കുന്ന സ്വാർഥതയും അതിമോഹവും കാരണത്താൽ ലോകത്ത് ദരിദ്രതയും കഷ്ടവും നിലനില്ക്കുന്നു. സമൂഹത്തിൽ സമാധാനസ്ഥാപനത്തിനുവേണ്ടി നീതിയുടേയും സമത്വത്തിന്റേയും അടിസ്ഥാനങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. വിശുദ്ധ ഖുർആനിലെ അത്തത്ഫീഫ് എന്ന അധ്യായത്തിലെ 2 മുതൽ 4 വരെയുള്ള വചനങ്ങളിൽ അല്ലാഹു പറയുന്നു:

അളവിൽ കുറക്കുന്നവർക്ക് മഹാനാശം. ജനങ്ങളിൽനിന്ന് അളന്നു വാങ്ങുമ്പോൾ അവർ പൂർത്തിയാക്കി വാങ്ങുകയും അവർക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ചെയ്യുമ്പോൾ അവർ കുറക്കുകയും ചെയ്യുന്നു. (83:2-4) കച്ചവട സംബന്ധമായ ക്രയവിക്രയങ്ങളിൽ കുഴപ്പങ്ങൾ കാണിക്കുന്നത്, മറ്റുളളവർക്ക് കൊടുക്കുമ്പോൾ അളവിൽ കുറവ് വരുത്തുകയും മറ്റുളളവരിൽനിന്ന് വാങ്ങുമ്പോൾ കൂടുതൽ എടുക്കുകയും വഞ്ചനയോടെ പ്രവർത്തിക്കുകയും ചെയ്യുന്നത് അവരുടെമേൽ ശാപം ചൊരിയുമെന്നും അത്തരക്കാർ നിന്ദിതരുടെ ഗണത്തിൽപ്പെടുമെന്നും ഈ ആയത്ത് കൃത്യമായി പറയുന്നു.

അന്തർദേശീയ ബന്ധങ്ങളെക്കുറിച്ചും ആഭ്യന്തരമായി വിവിധ സമൂഹങ്ങളിൽ ഉയർന്നുവരുന്ന ഭിന്നിപ്പുകൾക്കുള്ള പരിഹാരത്തെ സംബന്ധിച്ചും അടിസ്ഥാനപരമായ മാർഗനിർദേശങ്ങൾ വിശുദ്ധ ഖുർആൻ വിശദമായി വിവരിക്കുന്നുണ്ട്. സുസ്ഥിരമായി നിലനിറുത്തേണ്ട സമാധാനം സ്ഥാപിക്കുന്നതിലേക്കും ശത്രുതയും വിരോധവും അവസാനിപ്പിക്കുന്നതിലേക്കുമായിരുന്നു ഇസ്‌ലാമിന്റെ ശ്രദ്ധ ഉണ്ടായിരുന്നത്. ഉദാഹരണമായി ഹുജുറാത്ത് എന്ന അധ്യായത്തിലെ 10-ാം വചനത്തിൽ രണ്ടു വിഭാഗങ്ങൾക്കിടയിൽ ഏറ്റുമുട്ടലുണ്ടായാൽ അവരുടെ അയൽക്കാരോ പക്ഷപാതരഹിതരായവരോ കൂടിയാലോചനകൾ മുഖേന അവർക്കിടയിൽ രഞ്ജിപ്പ് ഉണ്ടാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. അനുരഞ്ജനത്തിന് ശ്രമിക്കുന്ന മൂന്നാമത്തെ വിഭാഗം സ്വന്തം താൽപര്യങ്ങളിൽ നിന്നു മുക്തമായുള്ള പരിഹാരമാണ് നിർദേശിക്കേണ്ടത്. പരസ്പര ധാരണയോടെ സമാധാനപൂർണ്ണമായ തീരുമാനം സാധ്യമാകുന്നില്ലെങ്കിൽ, അല്ലെങ്കിൽ രഞ്ജിപ്പിനുശേഷം ഏതെങ്കിലും വിഭാഗം അത് പൂർത്തിയാക്കാതിരുന്നാൽ മറ്റെല്ലാവരും ചേർന്ന് ഈ വിഭാഗത്തിന്നെതിരിൽ സംഘടിക്കേണ്ടതാണ്. അനീതി കാണിക്കുന്നവരെ ശക്തിപ്രയോഗം നടത്തി തടുക്കേണ്ടതാണ്. തുടർന്ന് അക്രമം പ്രവർത്തിച്ചവർ പിന്മാറിയാൽ അവരെ നിന്ദിക്കരുതെന്നും അനീതിപരമായ നിബന്ധനകൾ അവരുടെമേൽ അടിച്ചേൽപിക്കരുതെന്നും താക്കീതു ചെയ്യുന്നു. മാത്രമല്ല, നീതിപൂർവകമായതും നിലനില്ക്കുന്നതുമായ സമാധാനം കൈവരിക്കാൻ വേണ്ടി ഒരു സ്വതന്ത്ര സമൂഹം എന്ന നിലയിൽ പുരോഗതി കൈവരിക്കാൻ അവർക്ക് അവസരം നല്കേണ്ടതാണ്. സ്വന്തം കാലിൽനിൽക്കാൻ അവർക്ക് എല്ലാ സഹായവും നല്കണമെന്നും അത് നിർദേശിക്കുന്നു.

ഈ അസാധാരണമായ ഖുർആനിക അടിസ്ഥാന തത്ത്വങ്ങൾ മുസ്‌ലിമീങ്ങൾക്ക് വേണ്ടി മാത്രമുളളതല്ല. ആഗോളതലത്തിൽ നിലനില്ക്കുന്ന തർക്കങ്ങൾ പരിഹാരിക്കാനുള്ള അടിസ്ഥാന തത്ത്വങ്ങളുമാണിത്. ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഈ ലോകത്തിന്റെ സ്ഥിരതയും നിലനില്ക്കുന്ന സമാധാനവും ഇതു മുഖേന സ്ഥാപിതമാകുന്നതുമാണ്. വളരെയധികം മുസ്‌ലിം രാജ്യങ്ങൾ വിശുദ്ധ ഖുർആൻ മുന്നോട്ട് വെക്കുന്ന തത്ത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതായി കാണപ്പെടുന്നില്ല. തൽഫലമായി അവർ വിഡ്ഢിത്തപരമായ തർക്കങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. അവർ തുടർച്ചയായ അതിക്രമത്തിന്റേയും അനീതിയുടേയും ചങ്ങലകളിൽ കുടുങ്ങിയിരിക്കുന്നതായാണ് ദൃശ്യമാകുന്നത്. ഈ വചനത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ വിജയം നേടിയതിനുശേഷം അതു കരസ്ഥമാക്കിയവർ പരാജിതരുടെമേൽ സമ്മർദം ചെലുത്താൻ പാടില്ല. അവരെ നിന്ദിക്കാനും പാടില്ല. ഇതിന്റെ പിന്നിലുള്ള യുക്തി വ്യക്തമാണ്. പരാജിതർ നിന്ദിക്കപ്പെട്ടാൽ സമാധാനം കൂടുതൽ കാലം നിലനില്ക്കില്ല. എന്നു മാത്രമല്ല, ആ സമുദായത്തിന്റെ നേതാക്കളിലും പൊതുജനങ്ങളിലും അസ്വസ്ഥതയും പകയും ജന്മമെടുക്കുന്നതാണ്. ഇതിന്നു വിരുദ്ധമായി പരാജിത സമൂഹത്തോട് അനുകമ്പയോടും നീതിയോടും പെരുമാറുകയാണെങ്കിൽ പ്രത്യക്ഷമായ ആദരവിന്റേയും ആത്മവിശ്വാസത്തിന്റേയും അന്തരീക്ഷം സ്ഥാപിതമാകുന്നതായിരിക്കും.

എന്നാൽ, നാമിന്നു കണ്ടുവരുന്നത് വൻശക്തികൾ സമാധാനം സ്ഥാപിക്കുന്നുവെന്ന പേരിൽ അക്രമങ്ങളും അനീതികളും നിലനിറുത്തുന്നതായിട്ടാണ്. ഇതു കാരണത്താൽ അസ്വസ്ഥതയും ശത്രുതയും ജന്മമെടുക്കുന്നു. ഇതിന്റെ അർഥം സമാധാനത്തിനു വേണ്ടിയുള്ള ഓരോ കരാറും ഏതു സമയവും പൊട്ടിത്തെറിക്കുമെന്ന അപകടം പതിയിരിക്കുന്ന നേരിയ നൂൽകൊണ്ട് കെട്ടപ്പെട്ടതാണെന്നാണ്. ഇത്തരത്തിലുള്ള സ്ഥിരതയില്ലാത്തതുകൊണ്ട് ആർക്കും ഒരു പ്രയോജനവും എത്തുന്നുമില്ല. എന്നു മാത്രമല്ല നൈരാശ്യം അനുഭവിക്കുന്നവരെ ലക്ഷ്യം വെച്ചിരിക്കുന്ന തീവ്രവാദ ഗ്രൂപ്പുകളാണ് ഇതിന്റെ ഫലമെടുക്കുന്നത്.ഇതിന്റെ ദുഷ്ഫലങ്ങൾ നമ്മൾ പല വർഷങ്ങളായി കണ്ടു വരുന്നതാണ്. കിഴക്കും പടിഞ്ഞാറും സമാധാനത്തിന്റേയും വിജയത്തിന്റേയും നീലാകാശത്തിൽ അനീതിയുടേയും യുദ്ധത്തിന്റേയും കാർമേഘം രൂപപ്പെട്ടിരിക്കുന്നു. ലോകത്തെ ഭൂരിപക്ഷം ജനതയും യുദ്ധം, ഏറ്റുമുട്ടൽ, പ്രതികാരം, മറ്റുള്ളവരെ നിന്ദ്യരാക്കി കാണിക്കാനുള്ള മോഹം തുടങ്ങിയവ കാരണത്താൽ ഭിന്നിപ്പിന്റെ പിടിയിലമർന്നിരിക്കുകയാണ്. അന്തർദേശീയ ബന്ധങ്ങളുടെ അടിസ്ഥാനം നീതിയും ആത്മാർഥതയും മറ്റുളളവരോടുള്ള അവകാശങ്ങൾ നിർവഹിക്കലിലും ആക്കുന്നതുവരെ അസ്വസ്ഥതയുടെ ഈ ലോകം വിശാലത പ്രാപിച്ചു കൊണ്ടിരിക്കും. ഇന്ന് എനിക്ക് കാണാൻ സാധിക്കുന്നതുപോലെയുള്ള ഈ ലോകം കഴിഞ്ഞ കാല തെറ്റുകൾ ആവർത്തിക്കാതിരിക്കട്ടെ എന്നതാണ് എന്റെ പ്രാർഥന. എന്നല്ല, നമ്മൾ ചരിത്രത്തിൽനിന്നു പാഠം പഠിക്കേണ്ടതാണ്. തന്മൂലം നമ്മൾ നമുക്ക് വേണ്ടിയും ഭാവി

തലമുറകൾക്കും ഉത്തമ ഭാവി ഉണ്ടാക്കാൻ സാധിക്കും. ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ഉണ്ടായ സാഹചര്യങ്ങളിലേക്ക് നോക്കുകയാണെങ്കിൽ ലീഗ് ഓഫ് നേഷൻസ് സ്ഥാപിക്കപ്പെട്ടു. എന്നാൽ, സ്വന്തം ലക്ഷ്യങ്ങൾ നേടുന്നതിൽ മോശമായ രീതിയിൽ പരാജയപ്പെട്ടു. നീതിയും നിഷ്പക്ഷതയും നിലനിറുത്തിയില്ല എന്നതാണ് പരാജയ കാരണം. എന്നല്ല, ചങ്ങാത്തവും സംഘം ചേരലുമുണ്ടായി. ചില ജനതകളോട് അരുതാത്ത പെരുമാറ്റമുണ്ടായി. അവരുടെ അഭിമാനം നിഷേധിക്കപ്പെട്ടു. തൽഫലമായി പെട്ടെന്ന് മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ വിനാശകരമായ യുദ്ധത്തിന് തുടക്കം കുറിച്ചു. അതായത്, രണ്ടാം ലോക മഹായുദ്ധം! ഒടുവിൽ നീണ്ട ആറു വർഷത്തെ നാശോന്മുഖവും വഞ്ചനാപരവുമായ അവസ്ഥക്കുശേഷം ഈ യുദ്ധത്തിന് അറുതി വന്നു. ലോകത്ത് സമാധാനവും സുരക്ഷിതത്വവും പുനഃസ്ഥാപിക്കാൻ ഐക്യരാഷ്ട്രസംഘടന നിലവിൽ വന്നു. എന്നാൽ, ഐക്യരാഷ്ട്ര സംഘടനയും ഉന്നതമായ സ്വന്തം ലക്ഷ്യങ്ങളും വിവരിക്കപ്പെട്ട ഉറച്ച നിലപാടുകളും നിലനില്ക്കെതന്നെ സ്വന്തം ലക്ഷ്യങ്ങളിൽ പരാജയപ്പെട്ടു കഴിഞ്ഞു. ഇന്നു വീണ്ടും സംഘംചേരൽ ആരംഭിച്ചിരിക്കുന്നു. സമൂഹം ഭിന്നതക്ക് കുറിമാനമാകുന്നു. സമൂഹങ്ങൾക്കിടയിലുള്ള വിള്ളൽ ദിനം പ്രതി അകന്നകന്നു വരുന്നു. വളരെയധികം മുസ്‌ലിം രാജ്യങ്ങൾക്കും അമുസ്‌ലിം രാജ്യങ്ങൾക്കും സമാധാനത്തെ കുറിച്ച് ശരിയായ വിവരം ഇല്ലാതായിരിക്കുന്നു. വരാനിരിക്കുന്ന അപകടങ്ങളെ കുറിച്ച് അവർ അജ്ഞരുമാണ്.

സുനിശ്ചിതമായും ഇനി വരാനിരിക്കുന്ന യുദ്ധത്തിന്റെ ദുരന്തഫലങ്ങൾ നമ്മൾ മുമ്പേ കണ്ട യുദ്ധങ്ങളേക്കാൾ എത്രയോ അധികം ഭീതിജനകവും നശീകരണോന്മുഖവുമാണ്. കാരണം, പല രാഷ്ട്രങ്ങളും ആണവായുധങ്ങൾ നിർമിച്ചു കഴിഞ്ഞിരിക്കുന്നു. ഈ രാഷ്ട്രങ്ങളിൽ ഏതെങ്കിലുമൊന്ന് ഈ നശീകരണായുധം പ്രയോഗിച്ചാൽ ഇന്ന് നമ്മൾ കാണുന്ന ലോകത്തെ മാത്രമല്ല അത് നശിപ്പിക്കുന്നത്. ഭാവി തലമുറകൾക്കും ഭീതിജനകവും നാശോന്മുഖവുമായ ദുരന്ത ഫലങ്ങൾ ഉപേക്ഷിച്ചിട്ടായിരിക്കും പോകുക. ആണവയുദ്ധം തുടങ്ങിയാൽ തലമുറ തലമുറകളായി കുട്ടികൾ ബുദ്ധിപരമായും ശാരീരികമായും വൈകല്യം ബാധിച്ചനിലയിലാണ് ജനിക്കുക. ഇപ്രകാരം സ്വന്തം സമൂഹത്തിന് സേവനം ചെയ്യുന്നതിനു പകരം കഷ്ടപ്പാടുകൾ പേറുന്ന വ്യക്തികളായി അവർക്ക് ജീവിക്കേണ്ടതായിവരും. സമൂഹത്തിനു അവർ ഭാരമായി മാറും. അവരുടെ വീടുകൾ നൈരാശ്യം നിറഞ്ഞതായിരിക്കും. അവരുടെ പ്രദേശങ്ങൾ ദുരന്തങ്ങൾ പേറുന്നതും അവരുടെ ജനത കഷ്ടകാലത്തിന്റെ പിടിയിലമർന്നതും ആയിരിക്കും. നമ്മുടെ വിഢ്ഢിത്തങ്ങളും സ്വാർഥതയും കാരണം സംഭവിക്കാനിരിക്കുന്ന യുദ്ധങ്ങൾ കാരണത്താൽ നമ്മുടെ മേൽ അവർ ആക്ഷേപം ചൊരിഞ്ഞാൽ അത് തികച്ചും ശരിയായിരിക്കും. കാരണം ഈ യുദ്ധങ്ങൾ ജനനത്തിനു മുമ്പേതന്നെ അവരുടെ സ്വപ്നങ്ങൾ തകർത്തു കളഞ്ഞിട്ടുണ്ടാകും. നമ്മൾ ഏതൊരു അനിശ്ചിതാവസ്ഥയിലൂടെയാണോ കടന്നു പോകുന്നത് ഇതൊരു സാധാരണ കാര്യമാണെന്ന് ആരും വിചാരിക്കേണ്ടതില്ല. അല്ലെങ്കിൽ നമ്മുടെ രീതികൾ മാറ്റാതെ ഈ അനിശ്ചിതാവസ്ഥ സ്വയം നീങ്ങിപ്പോകുമെന്ന് ആരും വ്യാമോഹിക്കുകയുമരുത്.

കൂടാതെ ലോകത്ത് സമാധാനവും സുരക്ഷിതത്വവും ഇല്ലാതാക്കിയതിന്റെ ആക്ഷേപം ഇസ്‌ലാമിന്റെമേൽ കെട്ടിവെക്കുന്നത് തുടർന്നാൽ ഇന്ന് നിലനില്ക്കുന്ന ഈ അനിശ്ചിതാവസ്ഥയുടെ രൂപം കൂടുതൽ ജീർണതകൾക്ക് കാരണമാകും. ഏതെങ്കിലും മതത്തെയോ അതിനെ പിൻപറ്റുന്നവരെയോ ആക്രമിച്ചാൽ ഈ ഭിന്നിപ്പ് കൂടുതൽ വർധിക്കുകയാണ് ചെയ്യുക. ഇതു മുഖേന ഭീകരർക്ക് ശക്തി പകരുക മാത്രമാണ് ചെയ്യുക. ഇതുമൂലം വിവിധ സംഘടനകൾക്കും വിശ്വാസങ്ങൾക്കുമിടയിൽ വിദ്വേഷത്തിന്റെ അഗ്നി ജ്വലിപ്പിക്കാനുള്ള ശ്രമങ്ങളിൽ കൂടുതൽക്കൂടുതൽ വർധനയായിരിക്കും സംഭവിക്കുക. ഞാൻ വ്യക്തമാക്കിയതുപോലെ മുസ്‌ലിം രാജ്യങ്ങളോ തീവ്രവാദ സംഘങ്ങളോ ഇസ്‌ലാമിന്റെ പേരിൽ അതിക്രമം നടത്തുന്നുണ്ടെങ്കിൽ അവർ തങ്ങളുടെ അധ്യാപനങ്ങളിൽ നിന്നു തെറ്റിപ്പോയതു കൊണ്ടാണ്.അവർ സ്വാർഥ താൽപര്യങ്ങൾ മാത്രമാണ് ആഗ്രഹിക്കുന്നത്. ഇക്കാലത്ത് നടന്നുകൊണ്ടിരിക്കുന്ന തർക്കവിതർക്കങ്ങൾക്കും യുദ്ധങ്ങൾക്കും മതവുമായി ഒരു ബന്ധവുമില്ല. ഇത് കേവലം പണം, ശക്തി, ഭൂമിശാസ്ത്രപരമായ വിജയം മുതലായവ ലാക്കാക്കിയുള്ളതാണ്.

ഈ സാഹചര്യങ്ങളെ മുന്നിൽവച്ച് ഹൃദയാന്തരാളങ്ങളിൽനിന്നുള്ള എന്റെ പ്രാർഥന ലോകജനത പൊതുലക്ഷ്യങ്ങൾ നടപ്പിൽവരുത്താൻ വേണ്ടി ഐക്യപ്പെടട്ടെ എന്നാണ്. ഐക്യത്തോടെ പ്രവർത്തിക്കട്ടെ. പ്രത്യക്ഷമായ വിശ്വാസവും പരസ്പരബോധവും ചിറകു വിടർത്തുമാറാകട്ടെ. മതത്തിന്റെ മേൽ ആക്ഷേപം ചൊരിയുകയും പരസ്പരം വിരൽചൂണ്ടുകയും ചെയ്യുന്നതിന്നു പകരം എല്ലാവരും ചേർന്ന് സർവ വിധത്തിലുമുള്ള സ്വന്തം ശേഷികൾ സമാധാന സ്ഥാപനത്തിനുവേണ്ടി നമുക്ക് ചെലവഴിക്കാം. സ്വന്തം തലമുറകൾക്ക് സുരക്ഷിതമായ ഭാവി വിട്ടുപോകുകയും ചെയ്യാം. വെറുപ്പോടും വിദ്വേഷത്തോടും ഓർക്കുന്നതിനു പകരം ഭാവി തലമുറ സ്നേഹത്തോടും കൂറോടും കൂടി നമ്മെ ഓർക്കുമാറാകട്ടെ. എല്ലാ വ്യക്തികളും സമൂഹങ്ങളും പരസ്പരമുള്ള കടമകൾ പൂർത്തിയാക്കുന്നവരാകാൻ അല്ലാഹു തുണക്കുമാറാകട്ടെ. അനുകമ്പയും നീതിയും എല്ലാവിധ അനീതിയേയും തർക്കവിതർക്കങ്ങളേയും അതിജയിക്കുമാറാകട്ടെ.

ഈ വാക്കുകളോടെ ഇവിടെ വന്നതിൽ നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊള്ളുന്നു. വളരെ വളരെ നന്ദി!

പ്രഭാഷണത്തിനൊടുവിൽ ഹുദൂർ പ്രാർഥനക്ക് നേതൃത്വം നല്കി. ഇതിൽ എല്ലാ അതിഥികളും അവരവരുടെ രീതിയനുസരിച്ച് പങ്കുകൊണ്ടു. ഹുദൂറിന്റെ ഈ പ്രഭാഷണം 07.23 ന് അവസാനിച്ചു.

**റിവ്യൂ ഓഫ് റിലീജ്യൺസ് മാസികയുടെ ഫ്രഞ്ച് പതിപ്പ് വെബ് സൈറ്റ് ലോഞ്ചിംഗ്.**

പ്രഭാഷണശേഷം റിവ്യൂ ഓഫ് റിലീജ്യൺസിന്റെ ഫ്രഞ്ച് പതിപ്പിന്റെ വെബ്സൈറ്റ് ലോഞ്ചിംഗ് ഹുദൂർ നിർവഹിച്ചു. ഇനി മുതൽ ഈ മാസികയുടെ പ്രിന്റ് എഡിഷനോടൊപ്പം ഇന്റർനെറ്റ് എഡിഷനും ലഭ്യമായിക്കൊണ്ടിരിക്കും. ഇപ്രകാരം ഇൻശാഅല്ലാഹ് ഫ്രഞ്ച് ഭാഷ സംസാരിക്കുന്ന കോടിക്കണക്കിന് ജനങ്ങളിലേക്ക് ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നതാണ്.

1902-ൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ്(അ)തുടങ്ങിയ അനുഗൃഹീത മാസികയാണ് റിവ്യൂ ഓഫ് റിലീജൺസ്. പാശ്ചാത്യ ലോകത്ത് ഇസ്‌ലാമിന്റെ മനോഹരവും യഥാർഥവുമായ അധ്യാപനത്തെ പരിചയപ്പെടുത്താൻ വേണ്ടിയാണ് ആ മഹാത്മാവ് ഇത് തുടങ്ങിയത്. ഹദ്റത്ത് അഹ്‌മദ്(അ)ന്റെ അനുഗൃഹീത കാലഘട്ടത്തിൽതന്നെ ഈ മാസികയുടെ കീർത്തി വളരെയധികമായിരുന്നു. പടിഞ്ഞാറൻ പത്രങ്ങളും മാസികകളും പണ്ഡിത സമൂഹവും ഇതിന്റെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ചു പോന്നിരുന്നു.

ഈ മാസിക ഇപ്പോൾ നാലു ഭാഷകളിൽ പ്രസിദ്ധീകരിച്ചു വരുന്നു. ഇംഗ്ലീഷ്(മാസിക), ജർമൻ(ത്രൈമാസിക), ഫ്രഞ്ച്(ത്രൈമാസിക), സ്പാനിഷ്( ത്രൈമാസിക). ഫ്രഞ്ച് എഡിഷൻ കഴിഞ്ഞ രണ്ടു വർഷം മുമ്പേയാണ് പ്രസിദ്ധീകരിച്ചു തുടങ്ങിയത്.

ശേഷം സമ്മേളന പന്തലിൽ നിന്ന് പുറത്തേക്ക് വന്ന ഹുദൂർ അൻവർ ഫ്രാൻസ് ഹ്യുമാനിറ്റി ഫസ്റ്റിന്റെ ഓഫീസ് സ്റ്റാൾ സന്ദർശിച്ചു. ജൽസാ അവസരത്തിൽ ഈ വിഭാഗവും ഒരു സ്റ്റാൾ സ്ഥാപിച്ചിരുന്നു. ഇതിൽ ഇതുവരെ നടന്ന പ്രധാന സേവനങ്ങളുടെ ചിത്രങ്ങളും വാർത്തകളും പ്രദർശിപ്പിച്ചിരുന്നു. സ്റ്റാൾ കണ്ട ഹുദൂർ ചില കാര്യങ്ങളെ കുറിച്ചുള്ള വിശദാംശങ്ങളും ചോദിച്ചറിഞ്ഞു.

ഇന്നു നടന്ന ഈ പരിപാടിയിൽ ഫ്രാങ്കോ ഫോൺ രാഷ്ട്രങ്ങളിൽ നിന്നുള്ള 75 അതിഥികൾ പങ്കെടുത്തിരുന്നു. കൂടാതെ ഈ രാജ്യങ്ങളിൽനിന്നു വന്ന നവഅഹ്‌മദികളും വലിയൊരളവിൽ ഇതിൽ സംബന്ധിക്കുകയുണ്ടായി.

ഇവർക്കെല്ലാം മറ്റൊരു പന്തലിൽ ഭക്ഷണത്തിനുള്ള സൗകര്യം ഒരുക്കിയിരുന്നു. ഹുദൂർ അൻവ റിനോടൊപ്പം എല്ലാ അതിഥികളും ഭക്ഷണം കഴിച്ചു. ശേഷം എല്ലാ അതിഥികൾക്കും ഹുദൂറിനെ കാണാനും സൗഭാഗ്യം ലഭിച്ചു. ഹുദൂറുമൊത്ത് സംഭാഷണം നടത്താൻ അവസരം ലഭിച്ച അവർക്ക് ഫോട്ടോ എടുക്കാനും ഭാഗ്യം സിദ്ധിച്ചു.

തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 08.50-ന് പുരുഷന്മാരുടെ ഹാളിൽ മഗ്‌രിബ് - ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. (ബദ്ർ ഉർദു പത്രം 2,9,16 ജനുവരി 2020)

**അതിഥികളുടെ പ്രതികരണങ്ങൾ**

ഹുദൂറിന്റെ പ്രഭാഷണം ഫ്രഞ്ച് ഭാഷ സംസാരിക്കുന്ന അതിഥികളിൽ അഗാധമായ സ്വാധീനമാണ് ചെലുത്തിയത്. ചില അതിഥികൾക്ക് പ്രതികരിക്കാതിരിക്കാൻ സാധിക്കുമായിരുന്നില്ല.

- ഈ പ്രദേശത്തിന്റെ മേയർ ഈ വാക്കുകളിൽ പ്രതികരിച്ചു: ബുധനാഴ്ച ഖലീഫത്തുൽ മസീഹിനെ സ്വീകരിക്കാൻ ഇവിടെ എത്തിയപ്പോൾ എന്നെ ഏറ്റവുമധികം ആകർഷിച്ചത് ഖലീഫത്തുൽ മസീഹിൽ നിലനിന്നിരുന്ന ശാന്തതയായിരുന്നു. ഇന്ന് ലോകം നെട്ടോട്ടത്തിലാണ്. രാഷ്ട്രീയ നേതാക്കളായാലും മതനേതാക്കളായാലും അസ്വസ്ഥതയിലാണ്. എന്നാൽ സുദീർഘമായ യാത്ര കഴിഞ്ഞു വന്നിട്ടും വളരെ ശാന്തനും സുസ്മേര വദനനുമായാണ് കൂടിക്കാഴ്ച നടത്തിയത്.
- ആന്ത്രോപോളജിസ്റ്റായ(Anthropologist)അൽഫോൻസിന ബെല്ലിയോ(Alfonsina Beilio) സാഹിബ പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം എന്നിൽ വളരെ സ്വാധീനം ചെലുത്തി. ഫ്രാൻസിൽ നടന്ന വിവിധ ആക്രമണങ്ങളെ അപലപിച്ചതോടൊപ്പം ഇത്തരത്തിലുള്ള ചെയ്തികൾക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലെന്ന് ഖലീഫ വ്യക്തമാക്കുകയും ചെയ്തു. ഖലീഫത്തുൽ മസീഹ് സമാധാന പ്രേമിയും തുറന്ന മനസ്സിന്റെ ഉടമയുമാണ്. സഹവർത്തിത്വത്തെ അദ്ദേഹം വളരെയധികം പ്രോത്സാഹിപ്പിക്കുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് അദ്ദേഹം നല്കിയ യഥാർഥ രൂപത്തിൽനിന്നു മനസ്സിലാകുന്നത് വളരെ എളുപ്പത്തിൽ ഇതിന്ന് പടിഞ്ഞാറൻ സമൂഹവുമായി ഐക്യപ്പെടുവനാകു മെന്നാണ്. പാശ്ചാത്യലോകത്ത് ഇസ്‌ലാമിന് ഒരിടവുമില്ലെന്നും മുസ്‌ലിമീങ്ങൾ പ്രത്യക്ഷമായ നിലയിൽ സഹവർത്തിത്വത്തിലൂടെ താമസിക്കുന്നവരല്ലെന്നും ആരോപിക്കുന്നവർ തെറ്റാണ് പറയുന്നത്. ഇത്തരം വ്യക്തികൾ ഈ പ്രഭാഷണം ശ്രവിക്കേണ്ടതാണ്.
- ഇറാനിൽനിന്നു വന്ന ഒരു അനഹ്‌മദി മുസ്‌ലിം മുർത്തളാ സാഹിബ് പറയുന്നു: അഹ്‌മദിയ്യാ ജമാഅത്തിനെ കുറിച്ചും ഖലീഫത്തുൽമസീഹിന്റെ ഔന്നത്യത്തെ കുറിച്ചും ആദ്യമായി ഇന്നാണ് എനിക്ക് മനസ്സിലായത്. ജനങ്ങൾ ലോകത്ത് ഇസ്‌ലാമിനെതിരിൽ വളരെയധികം ദുഷ്പ്രചാരണം നടത്തി ക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ഖലീഫ ഇന്ന് അവർക്കെല്ലാവർക്കും ശക്തമായ മറുപടിയാണ് നല്കിയത്. സ്വന്തം വിശ്വാസവും ആദർശവും അറിയാത്ത നിലയിലാണ് മുസ്‌ലിമീങ്ങളുള്ളത്. നിങ്ങളുടെ ഖലീഫയിൽ നിന്നു അവർ ഇസ്‌ലാം എന്താണെന്ന് പഠിക്കേണ്ടതുണ്ട്. ജിഹാദ് യഥാർഥത്തിൽ എന്താണെന്നും അത് എങ്ങനെയാണ് ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതെന്നും ഖലീഫ ഇന്ന് വ്യക്തമാക്കുകയുണ്ടായി. ഇസ്‌ലാമിലെ ആരംഭകാല സംഭവങ്ങളും നബി(സ)തിരുമേനിയുടെ ചരിത്രസംഭവങ്ങളും ഖലീഫ ഇന്ന് വിവരിച്ചു. ഇസ്‌ലാം സമാധാനം കാംക്ഷിക്കുന്ന മതമാണെന്ന് ഇതിൽ നിന്നു സ്ഥാപിതമാകുന്നു. ഇത്രയധികം യുക്തിഭദ്രമായ പ്രഭാഷണം എന്റെ ജീവിതത്തിൽ ആദ്യമായാണ് ഞാൻ കേൾക്കുന്നത്.

ശേഷം പേജ് 12 ൽ

**കലാമുൽ ഇമാം**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**കലാമുൽ ഇമാം**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

പേജ് 7 ൽ നിന്ന്

അമീറുൽമുഅ്മിനീൻ എന്നു വിളിക്കുകയും സലാം കൊടുക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ സന്ദേശവാഹകൻ ഉമറിനോടു പറഞ്ഞു: അങ്ങ് അമീറുൽമുഅ്മിനീനാണെന്ന് എന്തുകൊണ്ട് എന്നോടു പറഞ്ഞില്ല? ഹദ്റത്ത് ഉമർ പറഞ്ഞു: 'സഹോദരാ! അതൊന്നും കാര്യമാക്കണ്ട!'

എന്തായാലും വിജയത്തെ കുറിച്ച് അറിയിപ്പുകിട്ടിയ ശേഷം ഹദ്റത്ത് ഉമർ(റ) ജനക്കൂട്ടത്തിൽ വിജയവാർത്ത വായിച്ചുകേൾപ്പിച്ചു. അതിനുശേഷം വികാരഭരിതമായ ഒരു പ്രസംഗം ചെയ്തു. അദ്ദേഹം കല്പിച്ചു. സൈന്യം അതിന്റെ സ്ഥാനത്തുതന്നെ നിൽക്കുക. സൈന്യത്തെ പുനഃക്രമീകരിക്കുക. രണ്ടാമതായി പരിഷ്കരണ കാര്യത്തെകുറിച്ച് പറഞ്ഞു. ഹദ്റത്ത് സഅ്ദ്(റ) ഖിലാഫത്തിന്റെ സന്നിധയിൽനിന്ന് മാർഗദർശനം തേടിയിരുന്നു. ഖാദിസിയ യുദ്ധത്തിൽ ധാരാളമാളുകൾ ഇറാനികളുടെ ഭാഗത്തുനിന്ന് മുസ്‌ലിമീങ്ങളുമായി സന്ധി ചെയ്തു കഴിഞ്ഞിട്ടുണ്ടായിരുന്നു. അവരിൽ ചിലരെ ഇറാനീ സർക്കാർ അവരുടെ ഇഷ്ടത്തിനുവിരുദ്ധമായി നിർബന്ധിച്ച് തങ്ങളോടൊപ്പം ചേർത്തിരുന്നു. അവർ സ്വന്തം ഇഷ്ടപ്രകാരമല്ല പോയത്. പ്രത്യുത നിർബന്ധരായിപ്പോയതാണ്. ധാരാളമാളുകളുടെ ഈ വാദം ശരിയുമായിരുന്നു. ഒരു പാടാളുകൾ യുദ്ധം നിമിത്തം ആ പ്രദേശം വിട്ട് ശത്രുക്കളുടെ പ്രദേശത്തേക്ക് പോയിരുന്നു. അവരാണ് ഇപ്പോൾ തിരിച്ചുവരുന്നത്. ഹദ്റത്ത് ഉമർ അക്കാര്യങ്ങളിൽ വിധി പറയുന്നതിന് മദീനയിൽ മജ്‌ലിസ് ശൂറാ വിളിച്ചുചേർത്തു. തീരുമാനത്തിനുശേഷം ഇങ്ങനെ സന്ദേശം അയച്ചു. മുസ്‌ലിമീങ്ങളുമായി സന്ധി ചെയ്തിട്ടുള്ളവർ, ശത്രുക്കളുടെ അടുത്തുപോകാതെ അതു പാലിച്ചിട്ടുണ്ടെങ്കിൽ അവർ തങ്ങളുടെ പ്രദേശത്തുതന്നെ നില്ക്കേണ്ടതാണ്. അത്തരക്കാരുടെ സന്ധികൾ പൂർണ ആദരവോടെ കാണുന്നതായിരിക്കും. മുസ്‌ലിമീങ്ങളുമായി സന്ധികളൊന്നുമില്ലാത്തവരും എന്നാൽ, ശത്രുക്കളോടൊപ്പംപോയി അവരുടെ അണിയിൽ ചേരാതെ തങ്ങളുടെപ്രദേശത്ത് താമസിച്ചുവരികയും ചെയ്തവരോടും സന്ധിചെയ്തവരോടു പെരുമാറുന്നതുപോലെ പെരുമാറുന്നതായിരിക്കും. ഇറാൻ സർക്കാർ തങ്ങളെ നിർബന്ധിച്ച് അവരുടെ സൈന്യത്തിനോടൊപ്പം നിറുത്തിയതാണെന്ന് പറയുന്നവരോടു അവരുടെ വാദം ശരിയാണെങ്കിൽ അവരോടും മുസ്‌ലിമീങ്ങളുടെ പെരുമാറ്റത്തിൽ ഒരു കുറവും വരുത്തുകയില്ല. അവരോടും ഒന്നും പറയുകയില്ല. തങ്ങളുടെ മേൽ ബലാൽക്കാരം ചെയ്യപ്പെട്ടുവെന്ന് കള്ളവാദം പുറപ്പെടുവിക്കുന്നവർ, എന്നാൽ അവർ സ്വന്തം ഇഷ്ടപ്രകാരം ശത്രുക്കളോടൊപ്പം ചേർന്ന് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവരുടെ ആദ്യ ഉടമ്പടി കാലഹരണപ്പെട്ടു. കാരണം അവർ ശത്രുക്കളെ സഹായിച്ചു. ഇപ്പോൾ ഒന്നുകിൽ അവരുമായി പുതിയസന്ധി ഉണ്ടാക്കുകയോ അല്ലെങ്കിൽ അവരെ സമാധാന സ്ഥലത്ത് എത്തിക്കുകയോ ചെയ്യുന്നതാണ്. അതായത് പിന്നീട് അവരുമായി സന്ധിചെയ്ത് അവിടെനിന്ന് പുറത്താക്കുകയും എവിടെയാണോ അവർ പോകാനാഗ്രഹിക്കുന്നത് അവിടെപ്പോയി സമാധാനത്തോടെ ജീവിക്കുകയും ചെയ്യുക. ഉടമ്പടിയൊന്നുമില്ലാത്തവരാകുകയും ആ പ്രദേശംവിട്ട് ശത്രുഭാഗത്ത് പോകുകയും നിങ്ങളുമായി യുദ്ധം പരീക്ഷിക്കുകയും ചെയ്തവരെ സംബന്ധിച്ച് നിങ്ങൾ ഉചിതമെന്ന് കരുതുന്നുവെങ്കിൽ അവരേയും വിളിക്കുകയും അവർ തുടർച്ചയായി നിങ്ങൾക്കെതിരിൽ യുദ്ധം ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നെങ്കിൽ നിങ്ങൾ അവർക്കെതിരിൽ യുദ്ധം തുടരുക. പിന്നീട് അവർ യുദ്ധം ചെയ്തുകൊണ്ടേ ഇരിക്കുകയാണെങ്കിൽ നിങ്ങൾക്കും യുദ്ധം ചെയ്യാനുള്ള അവകാശമുണ്ട്. ഇനി അവർ ശത്രുക്കളുമായി ചേർന്നിട്ടും പിന്തിരിയുകയാണെങ്കിൽ അവരെ വിട്ടയക്കുക.

ഈ കല്പനകൾ ഗുണകരമായി സ്ഥാപിക്കപ്പെട്ടു. ചുറ്റുവട്ടത്തുള്ള ആളുകൾ തിരിച്ചുവന്ന് തങ്ങളുടെ സ്ഥലങ്ങളിൽ താമസിക്കാൻ തുടങ്ങി. ഇതു വിശാലമനസ്കതയുടെ ഉദാത്തമായൊരു ഉദാഹരണമാണ്. ഇത് എത്രമാത്രം വിശാലമനസ്കതയാണെന്നാൽ അങ്ങേയറ്റം നിർണായകമായൊരു ഘട്ടത്തിൽ തങ്ങളുടെ ഉടമ്പടികൾ കാറ്റിൽപ്പറത്തി ശത്രുക്കളോടു പോയിച്ചേർന്നവരേയും തങ്ങളുടെ സ്ഥലത്തുവവന്ന് താമസിക്കാൻ വിളിച്ചു. മദീനയിലെ മജ്‌ലിസെ മുശാവറത്ത് അവർക്ക് അത്തരം ഇറാനികളെ തിരിച്ചുവിളിച്ചാലും ഇല്ലെങ്കിലും അവരുടെ സ്ഥലങ്ങൾ പരസ്പരം വീതം വെക്കാനുള്ള അനുവാദവും കൊടുത്തിരുന്നു. മുസ്‌ലിമീങ്ങളിൽ സ്ഥലങ്ങൾ വീതിക്കുക. ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നു, ആ അപകടകരമായ നേരത്ത് ഉടമ്പടി ലംഘിച്ചവരെ മടക്കി വിളിച്ചപ്പോൾ അവരുടെ സ്ഥലത്തിനുമേൽ സാധാരണ സ്ഥലത്തെക്കാളധികം കൂടുതൽ നികുതി ചുമത്തിയിരുന്നു. അതിനൊരു നിബന്ധനയെ ഉണ്ടായിരുന്നുള്ളു, നിങ്ങൾ ഉടമ്പടി ലംഘിച്ചുവെന്നത് ശരിതന്നെ. തിരിച്ചുപോകുക നിങ്ങളുടെ സ്ഥലത്ത് താമസിക്കുക. പക്ഷേ, സ്ഥലത്തിന്റെ നികുതി മറ്റുള്ളവരെ അപേക്ഷിച്ച് നിങ്ങൾക്ക് അധികം കൊടുക്കേണ്ടിവരും. എന്നാൽ, സ്ഥലത്തിന്റെ ഉടമസ്ഥൻ നിങ്ങൾതന്നെയായിരക്കൊള്ളുക. ഇറാഖിന്റെ വിജയങ്ങളുടെ പരമ്പരയിൽ ഈ യുദ്ധത്തിന് നിർണായകമായ നില പ്രാപ്തമാണ്. മുസ്‌ലിം യോദ്ധാക്കൾ അതികഠിനമായ അവസ്ഥകളെ അങ്ങേയറ്റം ദൃഢദാഢരായി നിന്ന് പൗരുഷത്തോടെ നേരിട്ടു. ചരിത്രകാരന്മാർ പറഞ്ഞു, ഖിലാഫത്ത് ദർബാറിൽനിന്ന് ജനങ്ങൾക്ക് സ്റ്റൈഫന്റ് നിശ്ചയിക്കപ്പെട്ടപ്പോൾ അതുസംബന്ധമായി ഖാദിസിയായിലെ പങ്കാളിത്തവും പ്രത്യേകകാരണമായി മനസ്സിലാക്കപ്പെട്ടു. ഹദ്റത്ത് ഉമർ(റ) ഖാദിസിയായിൽ പങ്കെടുത്തവർക്ക് കൂടുതൽ സ്റ്റൈഫന്റ് നിശ്ചയിച്ചു. *(മഖാല 'താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 91–95) (അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 301–333, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)(അൽഫാറൂഖ്, ശിബ്‌ലീ നുഅ്മാനീ, പേജ് 84–89, അദാരയെ ഇസ്‌ലാമിയാത്ത്, 2004)(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 435–436, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(താരീഖുത്വബ്‌രി, മുത്തർജിം, വാല്യം 2, ഭാഗം 2, പേജ് 263, 310, 325, നഫീസ് അക്കാഡമി കറാച്ചി 2004)(മുഅ്ജമുൽബുൽദാൻ വാല്യം 4, പേജ് 94, 356) (മുഅ്ജമുൽബുൽദാൻ വാല്യം 1, പേജ് 267)*
ഹദ്റത്ത് മുസ്വലിഹ് മൗഊദ്(റ) ഖാദിസിയ യുദ്ധത്തെ കുറിച്ച് പറഞ്ഞിട്ടുള്ളതിൽനിന്ന് കുറച്ചുഭാഗം വിവരിക്കുകയാണ്. 'ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഖുസ്റോപർവേസിന്റെ പൗത്രൻ യസ്ദ് ജർദിന്റെ സ്ഥാനാരോഹണത്തിനുശേഷം ഇറാഖിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ വിപുലമായ രീതിയിൽ യുദ്ധപരമായ തയ്യാറെടുപ്പുകൾ തുടങ്ങി. അപ്പോൾ ഹദ്റത്ത് ഉമർ(റ)അവരെ നേരിടുന്നതിന് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്വിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. ഹദ്റത്ത് സഅ്ദ് യുദ്ധത്തിന് ഖാദിസിയ മൈതാനം തിരഞ്ഞെടുത്തു. ഹദ്റത്ത് ഉമറിന് ഈ സ്ഥലത്തിന്റെ ഭൂപടം അയച്ചുകൊടുത്തു. ഹദ്റത്ത് ഉമർ(റ)ന് ആ സ്ഥലം ഏറെ ഇഷ്ടപ്പെട്ടു. എന്നാൽ, അതിനോടൊപ്പം എഴുതി: ഇറാനിലെ രാജാവുമായി യുദ്ധം ചെയ്യുന്നതിനു മുമ്പേ ഒരു പ്രതിനിധി സംഘത്തെ ഇറാൻ രാജാവിന്റെ അടുത്ത് അയക്കുക എന്നത് താങ്കളുടെ നിർബന്ധകടമയാണ്; അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക. അങ്ങനെ അദ്ദേഹം ആ കല്പനകിട്ടിയപ്പോൾ ഒരു പ്രതിനിധി സംഘത്തെ യസ്ദ ജർദുമായി കൂടിക്കാഴ്ച നടത്താൻ അയച്ചു. ഈ പ്രതിനിധി സംഘം ഇറാൻ രാജാവിന്റെ ദർബാറിലെത്തിയപ്പോൾ ഇറാൻ രാജാവ് തന്റെ ദ്വിഭാഷിയോടു പറഞ്ഞു: അവരോടു എന്തിനാണ് വന്നതെന്ന് ചോദിക്കുക. അവർ നമ്മുടെ നാട്ടിൽ എന്തിനാണ് കുഴപ്പമുണ്ടാക്കിയിട്ടുള്ളത്? അയാൾ ഇതു ചോദിച്ചപ്പോൾ സംഘത്തിന്റെ നേതാവ് ഹദ്റത്ത് നുഅ്മാൻ ബിൻ അഖ്‌ർന് എഴുന്നേറ്റുനിന്നു. അദ്ദേഹം നബി(സ) തിരുമേനിയുടെ നിയോഗത്തെ സ്മരിച്ചുകൊണ്ടു പറഞ്ഞു: അവിടന്ന് ഇസ്‌ലാം പ്രചരിപ്പിക്കണമെന്ന് ഞങ്ങളോടു കല്പിച്ചിരിക്കുന്നു. ലോകത്തിലെ എല്ലാ ആളുകളേയും സത്യമതത്തിൽചേരാൻ ക്ഷണിക്കാനും പറഞ്ഞിരിക്കുന്നു. ഈ കല്പനയനുസരിച്ച് ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ വന്നിരിക്കുകയാണ്. അങ്ങയെ ഇസ്‌ലാം സ്വീകരിക്കാൻ ക്ഷണിക്കുകയാണ്. യസ്ദജർദ് ഈ മറുപടിയിൽ വളരെ ക്ഷുഭിതനായി. പറഞ്ഞു:'നിങ്ങൾ അപരിഷ്കൃതരും ചത്തതിനെ തിന്നുന്നവരുമായ ഒരു ജനതയാണ്. നിങ്ങളെ വിശപ്പും പട്ടിണിയുമാണ് ഈ ആക്രമണത്തിന് നിർബന്ധിച്ചതെങ്കിൽ ഞാൻ നിങ്ങൾക്കെല്ലാവർക്കും നിങ്ങൾക്ക് തൃപ്തികരമാംവണ്ണം ജീവിക്കാനുള്ള സാധനങ്ങൾ തരാൻ തയ്യാറാണ്. ഇപ്രകാരംതന്നെ നിങ്ങൾക്ക് ധരിക്കാൻ വസ്ത്രവും നല്കാം. നിങ്ങൾ ഈ വസ്തുക്കൾ എടുത്തുകൊള്ളുക. നിങ്ങളുടെ നാട്ടിലേക്ക് മടങ്ങിപ്പോകുക. നിങ്ങൾ ഞങ്ങളുമായി യുദ്ധം ചെയ്ത് എന്തിനാണ് ജീവൻ പാഴാക്കിക്കളയുന്നത്? അയാൾ അത് പറഞ്ഞു കഴിഞ്ഞപ്പോൾ ഇസ്‌ലാമി പ്രതിനിധിസംഘത്തിനുവേണ്ടി ഹദ്റത്ത് മുഗീറ ബിൻ സുറാറ എഴുന്നേറ്റു നിന്നു. അദ്ദേഹം പറഞ്ഞു:'താങ്കൾ ഞങ്ങളെ കുറിച്ച് എന്താണോ പറഞ്ഞത് അത് തികച്ചും ശരിയാണ്. ഞങ്ങൾ സത്യത്തിൽ അപരിഷ്കൃതരും ചത്തതിനെ തിന്നുന്നവരുമായ ഒരു ജനതയായിരുന്നു. പാമ്പിനേയും തേളിനേയും വെട്ടുകിളികളേയും പല്ലികൾവരേയും തിന്നിരുന്നു. പക്ഷേ, അല്ലാഹു ഞങ്ങളുടെമേൽ കൃപ ചൊരിഞ്ഞിരിക്കുന്നു. അവൻ തന്റെ റസൂലിനെ ഞങ്ങളുടെ മാർഗദർശനത്തിന് അയച്ചു. ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിച്ചു. അദ്ദേഹം പറഞ്ഞതനുസരിച്ച് ഞങ്ങൾ പ്രവൃത്തിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ഇപ്പോൾ ഞങ്ങ

EDITOR
H.Shamsuddin

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 26 August 2021 Issue-34

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

MANAGER
SHAIKH MUJAHID AHMAD
Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ളിൽ ഒരു വിപ്ലവും ഉണ്ടായിരിക്കുകയാണ്. നിങ്ങൾ പറഞ്ഞ ദോഷങ്ങളൊന്നും ഇപ്പോൾ ഞങ്ങളിലില്ല. ഇപ്പോൾ ഞങ്ങൾ ഏതെങ്കിലും അത്യാഗ്രഹത്തിൽ പതിക്കാൻ തയ്യാറല്ല. അങ്ങയുമായുള്ള ഞങ്ങളുടെ യുദ്ധം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇനി ഇതിന്റെ വിധി യുദ്ധമൈതാനത്തായിരിക്കും.' അങ്ങയ്ക്ക് ഞങ്ങളുടെ ക്ഷണം സ്വീകരിക്കാൻ സമ്മതമില്ലെങ്കിൽ, ഞങ്ങളുമായി യുദ്ധം ചെയ്യാനാഗ്രഹിക്കുകയാണെങ്കിൽ ഞങ്ങളും യുദ്ധം ചെയ്യുന്നതായിരിക്കും. "ഭൗതികമായ ധനത്തിന്റേയും സ്വത്തിന്റേയും ആർത്തി ഇനി ഞങ്ങളുടെ തീരുമാനത്തിൽനിന്ന് പിന്നോട്ടാക്കുകയില്ല. യസ്ദജർദ് ഈ വർത്തമാനം കേട്ടപ്പോൾ കോപാകുലനായി. അയാൾ ഒരു ജോലിക്കാരനോടു പറഞ്ഞു:പോയി ഒരു ചാക്കു മണ്ണെടുത്തുകൊണ്ടുവരിക. മണ്ണു ചാക്ക് കൊണ്ടുവന്നപ്പോൾ അയാൾ ഇസ്‌ലാമിക പ്രതിനിധി സംഘത്തിന്റെ നേതാവിനെ മുന്നിലോട്ടു വിളിച്ചു. എന്നിട്ട് പറഞ്ഞു: താങ്കൾ എന്റെ അഭ്യർഥന നിരസിച്ചു കളഞ്ഞു. അതുകൊണ്ട് ഈ മണ്ണിന്റെ ചാക്കല്ലാതെ നിങ്ങൾക്ക് ഇവിടെനിന്ന് ഒന്നും ലഭിക്കുകയില്ല. ആ സ്വഹാബി അതീവ ഗൗരവത്തോടെ മുന്നോട്ടു നീങ്ങി. അദ്ദേഹം തന്റെ തല കുനിച്ചു.' മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്. പക്ഷേ, ഇത് അല്പം വിശദീകരണമാണ്. തന്റെ തല കുനിച്ചു. 'മണ്ണുനിറച്ച ചാക്ക് തന്റെ മുതുകത്തേറ്റി. പിന്നീട് അദ്ദേഹം ഒരു ചാട്ടം ചാടി. വേഗം അയാളുടെ ദർബാറിൽനിന്ന് പുറത്തിറങ്ങി. തന്റെ കൂട്ടുകാരോടു ഉറക്കെ പറഞ്ഞു: ഇന്ന് ഇറാൻ രാജാവ് സ്വന്തം കൈകൊണ്ട് തന്റെ രാജ്യത്തിന്റെ മണ്ണ് നമ്മെ ഏല്പിച്ചിരിക്കുകയാണ്. പിന്നീട് കുതിരപ്പുറത്ത് കയറി അതിവേഗം പോയി. രാജാവ് അദ്ദേഹത്തിന്റെ ഈ മുദ്രാവാക്യം കേട്ടപ്പോൾ വിറച്ചുപോയി. അയാൾ തന്റെ ദർബാരികളോടു പറഞ്ഞു: പോകുക! ആ ചാക്ക് അയാളിൽനിന്ന് പിടിച്ചുവാങ്ങിക്കൊണ്ടുവരിക! ഇതൊരു വലിയ അശകുനമാണുണ്ടായിട്ടുള്ളത്. ഞാനെന്റെ കൈകൊണ്ട് എന്റെ രാജ്യത്തെ മണ്ണ് അവർക്കേല്പിച്ചു കൊടുത്തിരിക്കുന്നു. എന്നാൽ, അവർ കുതിരപ്പുറത്ത് ആ സമയം കൊണ്ട് വളരെ ദൂരം പൊയ്ക്കഴിഞ്ഞിരുന്നു. പക്ഷേ, അവസാനം അദ്ദേഹം പറഞ്ഞതുതന്നെ സംഭവിച്ചു. കുറച്ചു വർഷത്തിനുള്ളിൽത്തന്നെ ഇറാൻ മുഴുവനും മുസ്‌ലിമീങ്ങളുടെ കീഴിൽ വന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഈ മഹത്തായ മാറ്റം മുസ്‌ലിമീങ്ങളിൽ എങ്ങനെ ഉണ്ടായി? അതിനുകാരണം വിശുദ്ധ ഖുർആനിന്റെ അധ്യാപനം അവരുടെ സ്വഭാവങ്ങളിലും ശീലങ്ങളിലും ഒരു വിപ്ലവം ഉണ്ടാക്കിയിരുന്നു. അവരുടെ തരംതാണ ജീവിതത്തിൽ അത് ഒരു മരണമുണ്ടാക്കുകയും അവരെ ഉദാത്തമായ പ്രവൃത്തിയിലും ഉന്നതപദവിയിലുള്ള ധാർമികതയുടെ തലത്തിലും കൊണ്ടുവന്ന് നിറുത്തുകയും ചെയ്തു.' *(തഫ്സീറെ കബീർ വാല്യം 6, പേജ് 204-205)* ഇക്കാരണത്താലാണ് ഈ വിപ്ലവമുണ്ടായത്. ഖുർആനികാധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടുതന്നെയാണ് യഥാർഥമായ മാറ്റം വന്നുകൊണ്ടിരിക്കുന്നത്. ഇൻശാഅല്ലാഹു തുടർന്നും ഈ വിവരണമുണ്ടായിരിക്കുന്നതാണ്.

വിവർത്തനം: പി.കെ.അംനാസ്

****

പേജ് 10 ൽ നിന്ന്

- മൊറോക്കോയിൽ നിന്നു വന്ന ഒരു അനഹ്മദി അതിഥിയായ സുഫിയാൻ സാഹിബ് പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽനിന്നു നിങ്ങൾ തന്നെയാണ് യഥാരർഥ മുസ്‌ലിമെന്ന കാര്യത്തെ കുറിച്ച് ഇന്നാണ് എനിക്ക് ധാരണ വന്നത്. നിങ്ങൾ മുസ്‌ലിമല്ലെന്ന് ആരോപിക്കുന്നവർ തികച്ചും അബദ്ധമാണ് പറയുന്നത്. ചെറുപ്പകാലം മുതൽ അഹ്മദികളെക്കുറിച്ച് മൗലവിമാർ എന്നെ പഠിപ്പിച്ചതെല്ലാം കളവായിരുന്നു. ഫ്രാൻസിൽ ജനങ്ങൾ ഇസ്‌ലാമിനേയും മുസ്‌ലിമീങ്ങളേയും ഭയക്കുന്നു. ഇതിനെ എങ്ങനെ പ്രതിരോധിക്കണമെന്ന് നമുക്ക് അറിയില്ലായിരുന്നു. വളരെ നല്ല രീതിയിൽ ഖലീഫത്തുൽ മസീഹ് അതിനെ പ്രതിരോധിച്ചിരിക്കുന്നു.
- ഒരു ക്രൈസ്തവ അതിഥി ജേക്കബ് സാഹിബ് പറയുന്നു: ഇത്തരം പരിപാടികൾ ലോകത്ത് വളരെ അനിവാര്യമാണ്. വിവിധ ജനവിഭാഗങ്ങൾക്കും മതങ്ങൾക്കും ഇടയിലുള്ള അകൽച്ചകൾ നിങ്ങളുടെ ഖലീഫ ഇല്ലാതാക്കുന്നു. തീവ്രവാദികൾക്ക് രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്ന് അദ്ദേഹം നമുക്ക് മനസ്സിലാക്കി തന്നു. മതം ഒരു നല്ല കാര്യമാണ്. മതത്തെ ഭയപ്പെടരുത്. ആവർത്തിച്ച് സ്വാതന്ത്ര്യത്തെ കുറിച്ച് ഖലീഫ സൂചിപ്പിച്ചു. ഇത് ഫ്രാൻസ് ജനതക്ക് പുതിയൊരു കാര്യമാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് ഫ്രാൻസ് ജനതയിൽ തികച്ചും മറ്റൊരു വിചാരമാണ് നിലനില്ക്കുന്നത്.
- തിംഗ്ടാംങ്കിൽ ജോലി ചെയ്യുന്ന മാക്സിൻ ഒൺഫ്രെ(Maxine Onfray) എന്ന അതിഥി പറയുന്നു: ഖലീഫത്തുൽ മസീഹിനെ നേരിട്ട് കാണാനും കേൾക്കാനും സാധിച്ച ഇന്നത്തെ ദിവസം എന്റെ ജീവിതത്തിലെ വളരെ വലിയ പ്രിയപ്പെട്ട ദിവസമാണ്. വിദ്വേഷം നിലനില്ക്കുന്ന അന്ധകാര കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ നമ്മൾ കടന്നുപോകുന്നതെന്ന ഖലീഫയുടെ പ്രസ്താവന തികച്ചും ശരിയാണ്. എന്നാലിതെല്ലാം മതം കാരണത്താലല്ലെന്നും ജനങ്ങൾ ഇസ്‌ലാമിനെ ഭയപ്പെടേണ്ട കാര്യമില്ലെന്നും അദ്ദേഹം നമുക്ക് മനസ്സിലാക്കി തരികയും ചെയ്തു. മതത്തെ തീവ്രവാദികൾ തട്ടിയെടുത്തിരിക്കയാണെന്നും ഇവർ സ്വന്തം രാഷ്ട്രീയ താൽപര്യങ്ങൾക്കായി ഇതിനെ ഉപയോഗിക്കുകയാണെന്നും ഖലീഫ വ്യക്തമാക്കി. തികച്ചും വാസ്തവമായ കാര്യമാണ് അദ്ദേഹം പ്രസ്താവിച്ചത്. ഞാനിതിനോട് പൂർണമായും യോജിക്കുന്നു.

ഭക്ഷണത്തിനുശേഷം ഖലീഫയോടൊപ്പം ഫോട്ടോ എടുക്കുമ്പോൾ കൊറിയയിൽ നിന്നു വന്ന ഒരു വനിതയും ഫോട്ടോ എടുക്കണമെന്ന് അപേക്ഷിച്ചു. അവർ പറയുന്നതിനു മുമ്പേ ഖലീഫ അവരോട് നിങ്ങൾ കൊറിയക്കാരിയാണോ എന്ന് ചോദിച്ചു. ഈ വാക്കുകൾ കേട്ടപ്പോൾതന്നെ അവർ വിസ്മയത്തോടൊപ്പം സന്തോഷഭരിതയാകുകയും ഇതെങ്ങനെ മനസ്സിലായെന്ന് ഹുദൂറിനോട് ഉദ്വേഗത്തോടെ ചോദിക്കുകയും ചെയ്തു. തുടർന്ന് അവർ ആചാരപരമായ രീതിയിൽ കൈകൂപ്പിക്കൊണ്ട് കുനിയുകയും ഇത് കൊറിയൻ രീതിയാണെന്ന് വിവരിക്കുകയും ചെയ്തു. ശേഷം ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാൻ അവർക്കും സൗഭാഗ്യം ലഭിച്ചു.

**2019 ഒക്ടോബർ 6, ഞായറാഴ്ച**

**06.45 – ന് ഹുദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു.**

ഫ്രാൻസ് ജൽസാസാലാനയുടെ സമാപന ദിവസമായ ഇന്ന് 03.15 – ന് ഹുദൂർ പുരുഷന്മാരുടെ ഹാളിലെത്തുകയും ബയ്അത്ത് പരിപാടിക്ക് തുടക്കം കുറിക്കുകയും ചെയ്തു. എം. ടി. എ ഇന്റർനാഷണൽ ഈ പരിപാടി തൽസമയം സംപ്രേഷണം ചെയ്തു. ലോകത്തെ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവരും ടെലികമ്മ്യൂണിക്കേഷൻ മാർഗേണ ഹുദൂറിന് ബയ്അത്ത് ചെയ്തു. അൾജീരിയ, മൊറോക്കോ, ബുർക്കിനാ ഫാസോ (Burkina Faso), മൗറീഷ്യസ്, ടുണീഷ്യ, ഫ്രാൻസ്, കാമറൂൺ(Cameroon), ജസായിർ ഖംറൂസ്, തുർക്കി, കെലിഡോണിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ള 11 ആളുകൾ ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. തുടർന്ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി.

ശേഷം ള്വുഹർ-അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.തുടർന്ന് ജൽസാ വേദിയിലേക്ക് ഹുദൂർ വന്നതും ഹാളിൽ മുദ്രാവാക്യങ്ങളും തക്ബീർ ധ്വനികളും മുഴങ്ങി.(തുടരും)

❖❖❖

പേജ് 1 ൽ നിന്ന്

റസൂലുല്ലായുടെമേൽ വിജയം കരസ്ഥമാക്കുന്നതിനും വിദൂരമായ ഏർപാടുകൾ സ്വീകരിച്ചിരുന്നു. എന്നാൽ, മുഹമ്മദ് റസൂലുല്ലായുടെ കൈയിൽ അതൊന്നുമുണ്ടായിരുന്നില്ല. എങ്കിലും മുഹമ്മദു റസൂലുല്ലാഹ് തന്നെയായിരിക്കും ജയിക്കുന്നതെന്ന് പറയുന്നു. ആ മഹാത്മാവിന്റെ വിജയംകണ്ട് സത്യനിഷേധികളിൽ ദുഃഖമുണ്ടാകും.

ലൗ കാനൂ മുസ്‌ലിമീൻ. സത്യനിഷേധികളുടേത് താൽക്കാലികമായ വികാരമാണെന്ന സൂചനയാണ് ഈ ആയത്തിലുള്ളത്. വാസ്തവത്തിൽ അവർ തിന്നുന്നതിലും കുടിക്കുന്നതിലും സ്വത്തു സമ്പാദിക്കുന്നതിലും മുഴുകിയിരിക്കുകയാണ്. താൽക്കാലികമായ വികാരങ്ങൾ മനുഷ്യന് ഗുണം ചെയ്യുകയില്ല. പ്രത്യുത സ്ഥിരമായ വികാരങ്ങളാണ് മനുഷ്യന് ഫലം ചെയ്യുന്നത്. മുസ്‌ലിമീങ്ങളുടെ സ്ഥിരമായ വികാരമെന്നത് മുസ്‌ലിമാകുന്നതിലാണ്. താൽക്കാലികമായ നിലയിൽ അവർ തിന്നുകയും കുടിക്കുകയും സമ്പാദിക്കുകയും ഭാവിയിലേക്കുവേണ്ടി ചില പദ്ധതികളിടുകയും ചെയ്യുന്നു. അതിനാൽ ഈ ജോലികളൊക്കെ ഉണ്ടായിട്ടും അവർ സന്മാർഗം പ്രാപിച്ചുകൊണ്ടിരിക്കുന്നു. അവിശ്വാസികളാണെങ്കിൽ സന്മാർഗം പ്രാപിക്കുന്നുമില്ല. (തഫ്സീറെ കബീർ വാല്യം 3, പേജ് 7, ഖാദിയാൻ പ്രസിദ്ധീകരണം 2010)

...☆...☆☆...☆...


## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

www.alislam.org
Al Islam - Official website of Ahmadiyya Muslim Community




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin